Vol. XVI. ൧൧൧൧ കൎക്കടകം. No. X.

തിരുവിതാംകൂർ കൃഷിവ്യവസായമാസിക

The Travancore Economic Journal.

തിരുവിതാംകൂർ എക്കണോമിക്ക് ഡെവലപ്പ്മെൻറ്
ബോർഡിൻെറ മേൽനോട്ടത്തിൽ
777-ാംനമ്പർ സമസ്തതിരുവിതാംകൂർ പരസ്പരസഹായ
ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നു് പ്രസിദ്ധപ്പെടുത്തുന്നതു്.

വാൎഷികവരിസംഖ്യ മുൻകൂർ 2 ബ്രി. രൂപാ.

വിഷയവിവരം.

ധനശാസ്ത്രതത്വം

1. വിനിയോഗം — മനുഷ്യന്റെ ആവശ്യങ്ങളും അവയുടെ നിവൃത്തിയും 362
   (പി. എൻ. മൂസ്സതു്, ബി. എ., എൽ. ടി.)

2. സ്വർണ്ണവ്യാപാരം 368

3. അരി 377
   (വി. ആർ. കെ. എഴുത്തച്ഛൻ, റംഗൂൺ.)

4. പാൽ 381
   (T. R. Narayana Pillai B Sc. Food Analyest.

5. ഗ്രന്ഥശാലാപ്രസ്ഥാനം 386
   (പി. എ. രമേശൻ, ബി. എ.)

6. ചോളം 391
   (എൻ. സി. മാമ്മൻ.)

7. തിരുവിതാംകൂറിലെ കൃഷിപരിഷ്കാരം 394

8. മഞ്ഞൾ ഉണക്കേണ്ടവിധം 396

9. വാർത്തകളും കുറിപ്പുകളും 398

തിരുവിതാംകൂർ

കൃഷിവ്യവസായ മാസിക.

വാല്യം 16 | തിരുവനന്തപുരം, 1111 കർക്കടകം. | ലക്കം 10

ധനശാസ്ത്രതത്വം.

വിനിയോഗം:—മനുഷ്യന്റെ ആവശ്യങ്ങളും അവയുടെ നിവൃത്തിയും.

III

(പി. എൻ. മൂസ്സത്, ബി. ഏ., എൽ. ടി.)

മനുഷ്യവ്യാപാരങ്ങൾക്കെല്ലാം പ്രേരകമായിരിക്കുന്നതു് അവരുടെ ചില ആവശ്യങ്ങളാണു്. ഈ ആവശ്യങ്ങൾക്കു് നിവൃത്തിവരുത്തുന്ന പദാർത്ഥങ്ങൾ വിനിയോഗമുള്ളവയാണു്. പദാർത്ഥങ്ങളുടെ വിനിയോഗയോഗ്യതതന്നെയാണു് ഉൽപാദനത്തിനു ഹേതു. അതുകൊണ്ടു വിനിയോഗ(Consumption)വും ഉൽപാദന(Production)വും വളരെബന്ധപ്പെട്ടവയാണു്. വിനിയോഗം ധനസംബന്ധമായ വ്യാപാരങ്ങളെ പ്രേരിപ്പിക്കുകയും, ഉല്പാദനം ആവശ്യനിവൃത്തിക്കു വേണ്ട മാർഗ്ഗങ്ങളെ ഉണ്ടാക്കുകയും ചെയ്യുന്നു. മനുഷ്യന്റെ ആവശ്യങ്ങളുടെ നിവൃത്തിയാണു് 'വിനിയോഗം' എന്നു സാമാന്യേന പറയാം. വിനിയോഗം ഉണ്ടെങ്കിൽ മാത്രമേ ഉൽപാദനം ഉണ്ടാകയുള്ളു എന്നു പറയുന്നതു ശരിയാണെങ്കിലും വിനിയോഗം മാത്രമുള്ളതുകൊണ്ടു് ഉൽപാദനം ഉണ്ടായിക്കൊള്ളണമെന്നില്ല. പട്ടിണി കിടക്കുന്ന ഒരാൾക്കു ഭക്ഷണം വേണമെന്നു് കരുതുക. പക്ഷെ അയാൾക്കു് അതിനുള്ള വില കൊടുപ്പാൻ ത്രാണിയില്ലെങ്കിൽ ആ ആവശ്യം നിവർത്തിക്കപ്പെടുകയില്ല. അങ്ങനെയുള്ളവർക്കു വേണ്ടി ഭക്ഷണസാധനങ്ങൾ ഉൽപാദിക്കപ്പെടുകയില്ല. നേരെ മറിച്ചു ഒരു ധനവാനു് വളരെ വിലപിടിച്ച ചുരു

ട്ടുകൾ വേണമെന്നു് വിചാരിക്കുക. അയാൾക്കു് അവയ്ക്കു വേണ്ട വില കൊടുപ്പാൻ സാധിക്കുന്നതുകൊണ്ടു് ചുരുട്ടുകൾ ഉൽപാദിതമാവും. അതുകൊണ്ടു് ഉൽപാദനവ്യാപാരത്തിനു നിയാമകമായിരിക്കുന്നതു് ആവശ്യം മാത്രമല്ല, ഉൽപന്നങ്ങളെ വാങ്ങുവാനുള്ള ത്രാണിയും കൂടിയാണു്. ഉൽപാദിതവസ്തുക്കൾക്കു് ആവശ്യവും അവയെ വാങ്ങുവാനുള്ള ത്രാണിയും ഉണ്ടായാൽ മാത്രമേ ഉൽപാദനം ഉണ്ടാകയുള്ളു. ഇങ്ങനെ പദാൎത്ഥങ്ങളെ വാങ്ങുവാനുള്ള ത്രാണിയോടു കൂടിയ ആവശ്യത്തിനു ധനശാസ്ത്രത്തിൽ ചോദനം (demand) എന്നു പറയുന്നു.

ക്ഷീയമാണോപയോഗിതാനിയമം. (Law of diminishing utility)

ഉപയോഗിതയെക്കുറിച്ചു് ഒരു നിയമമുണ്ടു്. അതിതാണു്:— ഒരു പദാൎത്ഥം നമുക്കു അധികമധികം സിദ്ധിക്കുന്തോറും അങ്ങനെ അധികം കിട്ടുന്ന അതിന്റെ ഭാഗങ്ങളിൽനിന്നു് നമുക്കു ലഭിക്കുന്ന തൃപ്തിയും കുറഞ്ഞുവരുന്നു. ഉദാഹരണത്തിനു് ഒരാൾക്കു് ഒരു ദിവസം നാലു് അപ്പങ്ങൾ വേണമെന്നു കരുതുക. ഈ നാലപ്പങ്ങൾ കൊണ്ടു് അയാൾക്കു ധാരാളം ആവശ്യനിവൃത്തി വരുന്നുവെന്നും കരുതുക. എന്നാൽ അഞ്ചാമതൊരപ്പം കൊണ്ടു് കൂടുതൽ തൃപ്തി അയാൾക്കു സിദ്ധിക്കുന്നതല്ല. പക്ഷെ മററു നാലപ്പങ്ങൾ ഇല്ലാതായാൽ ആ ഒരപ്പം അത്യന്തം ഉപയോഗിതയുള്ളതായിത്തീരും. അതുകൊണ്ടു് ആവശ്യനിവൃത്തിക്കുശേഷം ഓരോ അപ്പത്തിന്റെയും ഉപയോഗിത കുറഞ്ഞുവരുന്നു. രണ്ടാമത്തെ അപ്പത്തിനു് ഒന്നാമത്തേതിനോളവും ഉപയോഗിതയില്ല. മൂന്നാമത്തേതിനു് രണ്ടാമത്തേതിനോളവും ഇല്ല. ഉപയോഗിത ഓരോ അപ്പം കഴിയുന്തോറും ക്ഷയിച്ചുകൊണ്ടേ വരുന്നു. ആഗ്രഹത്തിന്റെ ആധിക്യമാണു് ഉപയോഗിതയുടെ മാനദണ്ഡം. അപ്പങ്ങൾ സൌജന്യമായി ലഭിക്കുന്നതും അപരിമിതവും ആണെങ്കിൽ ആവശ്യനിവൃത്തിക്കുശേഷം അതിനു് നിരുപയോഗിത (disutil tly) കൂടി ഉണ്ടാവും. ഒരാൾക്കു താൻ തിന്നിട്ടുള്ള അപ്പങ്ങളിൽ നിന്നു ആകെ ലഭിക്കുന്ന ഉപയോഗിതയ്ക്കു് ഉപയോഗിതാസമാഹാരം (total utility) എന്നു പറയാം. വിനിയോഗത്തിന്റെ എല്ലാ ശാഖകളിലും ഉപയോഗിതയെ സംബന്ധിക്കുന്ന മേല്പറഞ്ഞ നിയമം പ്രവൎത്തിക്കുന്നതു കാണാം. ഒരു പദാൎത്ഥം എത്രത്തോളം അധികം ഒരാൾക്കു സിദ്ധിക്കുന്നുവോ അത്രത്തോളം അധികം അതിന്റെ അധികാംശങ്ങളിൽ അയാൾക്കുള്ള മതിപ്പു കുറയുന്നതാണു് ഇതാണു് ക്ഷീയമാണോപയോഗിതാനിയമം പ്രസ്താവിക്കു

ന്നതു്: —“തന്റെ കൈവശമുള്ള ഒരു പദാൎത്ഥവും അധികമാകുമ്പോൾ അങ്ങനെ അധികമാകുന്നതിന്റെ ഭാഗങ്ങളിൽനിന്നു ഒരാൾക്കു ലഭിക്കുന്ന ഉപയോഗം അധികമാകുന്തോറും ക്ഷയിച്ചുകൊണ്ടേവരുന്നു.” എന്നിങ്ങനെയാണു് ഈ നിയമത്തെ മാർഷൽ (Marshall) എന്ന ധനശാസ്ത്രപണ്ഡിതൻ നിൎവചിച്ചിരിക്കുന്നതു്. ഉപയോഗിത ഇങ്ങനെ ക്ഷയിച്ചു് ഒടുവിൽ നിരുപയോഗിതയിലെത്തും. എന്നാൽ ആ ഘട്ടംവരെ ആരുംപദാൎത്ഥങ്ങളെ വിലകൊടുത്തു് വാങ്ങുകയില്ല. ഒരു ക്ലിപ്തസമയത്തിനുള്ളിൽ പദാൎത്ഥങ്ങളേ ഓരോ ഭാഗങ്ങളായി വിനിയോഗിക്കുന്നതായാൽ മാത്രമേ മേൽപ്പറഞ്ഞ നിയമം ശരിയാകയുള്ളു. ഇന്നു് ഒരപ്പവും നാളെ വേറൊന്നും മറ്റെന്നാൾ മൂന്നാമതൊന്നും തിന്നുകയാണെങ്കിൽ ഓരോന്നിനുമുള്ള ഉപയോഗിത ഒരിക്കലും ക്ഷയിക്കുന്നതല്ല. ഒരേ സമയത്തു് തുടൎച്ചയായി പദാൎത്ഥങ്ങളെ വിനിയോഗിക്കുമ്പോൾ മാത്രമേ ഈ നിയമം പ്രവൎത്തിക്കുന്നുള്ളു. പദാൎത്ഥങ്ങളുടെ സ്ഥിതിക്കനുസരിച്ചു് സമയവ്യത്യാസങ്ങളുമാവാം. ഉദാഹരണത്തിനു് ഉടുപ്പുകളുടെ കാൎയ്യത്തിൽ അപ്പത്തെപ്പോലെ ഒരേ മണിക്കൂറിൽ വിനിയോഗം വേണമെന്നില്ല. ചില അവസരങ്ങളിൽ രണ്ടാമത്തെ പദാൎത്ഥം ഒന്നാമത്തതിനേക്കാൾ ഉപയോഗിതയുള്ളതായിത്തീരാം. ഏതെങ്കിലും രണ്ടുവസ്തുവിന്റെ ജോടിയിൽ ഒന്നു കിട്ടുകയും മറ്റേതു കിട്ടാതാകയും ചെയ്യുമ്പോൾ അതിന്റെ ഇണയ്ക്കു ആദ്യത്തതിനെക്കാൾ അധികം വിലകൊടുക്കുന്നതു് സാധാരണമാണു്. പുറമെ ചില വ്യക്തികളുടെ കാൎയ്യത്തിൽ ചില പദാൎത്ഥങ്ങളെ സംബന്ധിച്ചു് ഉപയോഗിത മറ്റു ചിലതുടേതിനേക്കാൾ വേഗത്തിൽ ക്ഷയിക്കുന്നതു കാണാം. എന്നാൽ ഇതൊന്നും മേൽപ്പറഞ്ഞ നിയമത്തിലടങ്ങിയ തത്വത്തെ ബാധിക്കുന്നവയല്ല.

അന്ത്യോപയോഗിത (Marginal duty)

മുകളിൽ കൊടുത്ത ഉദാഹരണത്തിലെ മനുഷ്യനു അപ്പം വാങ്ങുവാൻ പണം കൊടുക്കേണ്ടിവരുന്നതുകൊണ്ടു് നിരുപയോഗിതയെത്തുന്നതുവരെ അയാൾ അപ്പം വാങ്ങുന്നതല്ല. അപ്പം വാങ്ങുവാൻ ചെലവാക്കുന്ന പണത്തിന്റെ ഉപയോഗിത എപ്പോൾ വാങ്ങുന്ന അപ്പത്തിന്റെ ഉപയോഗിതയോടു തുല്യമായിത്തീരുന്നുവോ അപ്പോൾ അയാൾ അപ്പം വാങ്ങൽ നിൎത്തിക്കളയുന്നു. ഈ ഘട്ടത്തിലുള്ള അപ്പത്തിന്റെ ഉപയോഗിതയാണു് അന്ത്യോപയോഗിത. ഒരു ഉദാഹരണംകൊണ്ടു് ഇതിനെ വിശദമാക്കാം.

മേൽപറഞ്ഞ മനുഷ്യനു ഒന്നാമത്തെ അപ്പത്തിൽനിന്നു കിട്ടുന്ന തൃപ്തിയുടെ പരിമാണം പത്തും രണ്ടും മൂന്നും അപ്പങ്ങളിൽനിന്നു കിട്ടുന്ന തൃപ്തിയുടെ പരിമാണം ക്രമത്തിൽ എട്ടും ആറും, ആണെന്നു് കരുതുക. പരിമാണത്തിന്റെ ഒരംശത്തിനു് ഒരു പൈ വീതം വില കല്പിച്ചാൽ ഒന്നും, രണ്ടും, മൂന്നും, അപ്പങ്ങൾക്കുള്ള ഉപയോഗിതയെ ൧൦ പൈ ൮ പൈ ൬ പൈ എന്നീ വിലകളാൽ നിർദ്ദേശിക്കാം. അപ്പത്തിന്റെ വില ൧൦ പൈ ആയാൽ നമ്മുടെ സ്നേഹിതൻ ഒരപ്പമേ വാങ്ങുകയുള്ളൂ. കാരണം രണ്ടാമത്തൊരപ്പം വാങ്ങിയാൽ അതിൽനിന്നു തനിക്കു ൮ പൈക്കുള്ള തൃപ്തിയേ കിട്ടൂ എന്നിരിക്കെ അതിനു ൧൦ പൈ കൊടുപ്പാൻ അയാൾക്കു മനസ്സു വരായ്കതന്നെ എന്നാൽ അപ്പത്തിന്റെ വില ൮ പൈ ആണെങ്കിൽ അയാൾ രണ്ടപ്പങ്ങൾ വാങ്ങുന്നതായിരിക്കും. എന്തെന്നാൽ അപ്പോൾ ൧ അണ ൬ പൈയുടെ തൃപ്തി അയാൾക്കു് ൧ അണ ൪ പൈ ചെലവു ചെയ്താൽ ലഭിക്കുന്നതുതന്നെ. അപ്പത്തിന്റെ വില ൬ പൈയായാൽ അയാൾ മൂന്നപ്പം വാങ്ങും. എന്നാൽ നാലാമത്തൊരപ്പം അപ്പോൾ അയാൾ വാങ്ങുന്നതല്ല. കാരണം നാലാമത്തെ അപ്പത്തിൽനിന്നു് ൪ പൈക്കുള്ള ഉപയോഗിതയേ അയാൾക്കു സിദ്ധിക്കുന്നുള്ളൂ എന്നിരിക്കെ അതിനു ൬ പൈ വില കൊടുപ്പാൻ അയാൾക്കിഷ്ടമില്ലാത്തതുതന്നെ. ഇതിൽനിന്നു തെളിയുന്നതെന്താണു്? ഏതു പദാൎത്ഥത്തിന്റെയും വില വിനിയോജകനു ആ പദാൎത്ഥത്തിലുള്ള അന്ത്യോപയോഗിതയ്ക്കു തുല്യമായിരിക്കും എന്നാണു്. എന്നാൽ അപ്പങ്ങൾക്കു തമ്മിൽ യാതൊരു വ്യത്യാസവുമില്ല. ഒടുവിൽ വാങ്ങിയതു് ആദ്യത്തതിനേക്കാൾ ഒട്ടും നല്ലതോ ചീത്തയോ അല്ല. അപ്പത്തിന്റെ വില ൪ പൈയും നാലാമത്തെ അപ്പത്തിന്റെ അന്ത്യോപയോഗിത ൪ പൈയും ആണെങ്കിൽ അയാൾ നാലപ്പങ്ങൾ വാങ്ങുന്നതായിരിക്കും. അതായതു എല്ലാ അപ്പങ്ങളും അന്ത്യോപയോഗിതയുടെ വിലയ്ക്കു വാങ്ങുകയാണു് അയാൾ ചെയ്യുക. അതുകൊണ്ടു് അന്ത്യോപയോഗിതയുടെ മാനദണ്ഡം വിലയത്രേ. വെള്ളം വളരെ ഉപയോഗതയുള്ളതാണെങ്കിലും അതിന്റെ അന്ത്യോപയോഗിത നന്നെ കുറച്ചുമാത്രമാണു്. ഇതിനു കാരണം വെള്ളം ധാരാളമായും പ്രയത്നം കൂടാതെയും സിദ്ധിക്കുന്നതായതുതന്നെ. അതുകൊണ്ടു് അന്ത്യോപയോഗിത പദാൎത്ഥത്തിന്റെ ചോദന (demand)ത്തിനനുസരിച്ചുള്ള പ്രദാന (Supply)ത്തെ ആശ്രയിച്ചിരിക്കുന്നു. അതു പ്രദാനത്തിന്റെ ഒരു ധൎമ്മമാണു്.

അപ്പത്തിനുള്ള ആഗ്രഹം വിനിയോജകൻെറ (Consumer) സ്ഥിതിക്കനുസരിച്ചു വ്യത്യാസപ്പെടുന്നു. ഒരാൾക്കു ഒരു ദിവസം രണ്ടപ്പം കൊണ്ടു് തൃപ്തിയാവാം. എന്നാൽ മറെറാരാൾക്കു് ആവശ്യനിവൃത്തി നാലപ്പംകൊണ്ടേ ഉണ്ടാവൂ എന്നു വരാം. അതിനാൽ ഭിന്നഭിന്ന വ്യക്തികളെ സംബന്ധിച്ചു അന്ത്യോപയോഗിതയും ഭിന്നിതമാവാം പക്ഷെ ധനശാസ്ത്രത്തിൽ ഏതെങ്കിലും ഒരു പ്രത്യേക വ്യക്തിയെക്കുറിച്ചു് ഒന്നും പ്രസ്താവിക്കുന്നതല്ല. വിനിയോജകസാമാന്യത്തെ സംബന്ധിക്കുന്ന സംഗതികൾ മാത്രമേ അതിൽ വിവരിക്കയുള്ളു.

ഒരു പദാൎത്ഥത്തിൻെറ അന്ത്യോപയോഗിത മററു പദാൎത്ഥങ്ങളുടെ അന്ത്യോപയോഗിതയേക്കൂടി ആശ്രയിച്ചിരിക്കുന്നു ഒരപ്പംകൂടി വാങ്ങുന്നതോ ഒരു സോപ്പു വാങ്ങുന്നതോ അധികം ഉപയോഗിതയുള്ളതെന്നു് സാധാരണ വിനിയോജകന്മാർ ആലോചിക്കാറുണ്ടു്. ഒരു തൊഴിലാളിയേക്കൂടി പ്രവൃത്തിക്കു ചേൎക്കയോ ഒരു അച്ചടിയന്ത്രം കൂടി വാങ്ങുകയോ വേണ്ടതെന്നു തീൎച്ചപ്പെടുത്തുമ്പോൾ ഒരു മുതലാളി അവയുടെ ഉപയോഗിതയെ അവക്കു വേണ്ടി ചെലവിടേണ്ടിവരുന്ന പണത്തിൻെറ ഉപയോഗിതയോടു തട്ടിച്ചു നോക്കുന്നു. ആ പണത്തെ ഒരു ആഫീസുമേശയോ മറെറാരു വൈദ്യുതദീപമോ വാങ്ങാൻ ചെലവു ചെയ്താൽ ഉണ്ടാവുന്ന ഉപയോഗിതയോടു് അയാൾ അതിനെ താരതമ്യപ്പെടുത്തുന്നു. ഇങ്ങനെയുള്ള ഉപയോഗിതാ താരതമ്യനിരൂപണം ബോധപൂൎവ്വമായും പലപ്പോഴും ബോധഹീനമായും നമ്മിൽ നടന്നുകൊണ്ടിരിക്കുന്നു. ഒരു പദാൎത്ഥത്തിൻെറ ഉപയോഗിത മററു പദാൎത്ഥങ്ങളെ എങ്ങിനെ സമാശ്രയിക്കുന്നുവെന്നു് ഇപ്പോൾ വിശദമായല്ലോ.

മേൽപറഞ്ഞ ക്ഷീയമാണോപയോഗിതാനിയമത്തിനു് പണവും വിധേയമാണു്. ഒരു ക്ലിപ്തസമയത്തിനുള്ളിൽ വൎദ്ധിച്ചുകൊണ്ടിരിക്കുന്ന പണത്തിൻെറ തുകകൾ കൂടുതൽ തൃപ്തിയെ ഉണ്ടാക്കുന്നുണ്ടു്. പക്ഷെ ഉത്തരോത്തരാംശങ്ങൾകൊണ്ടുണ്ടാവുന്ന തൃപ്തി പൂൎവ്വപൂൎവ്വാംശങ്ങളിൽനിന്നുണ്ടാവുന്ന തൃപ്തിയെ അപേക്ഷിച്ചു് കുറഞ്ഞതായിരിക്കും. അസംഖ്യം ഉറുപ്പിക കൈയിലുള്ള ഒരു ധനികൻ അതിൽനിന്നു് ഒരുറുപ്പിക യാചകനു മടികൂടാതെ കൊടുത്തുവെന്നു വരാം. ധനവാനു് അതിൻെറ ഉപയോഗിത വളരെ കുറഞ്ഞതാണെങ്കിലും ദരിദ്രനു് അതു പട്ടിണിയിൽനിന്നു് തൽക്കാലനിവൃത്തി നൽകുന്നതാകയാൽ വളരെ ഉപയോഗിതയുള്ളതാണു്. എന്നാൽ തുടൎച്ചയായി ഓരോ ഉറുപ്പിക കൊടുത്തുകൊണ്ടു തന്നെയിരുന്നാൽ യാചകനുള്ള

ഉപയോഗിതയും ക്ഷയിച്ചുവരുന്നതായ് കാണാം. അതായത് ആദ്യത്തെ ഒരു റുപ്പികയുടെ അത്ര ഉപയോഗിത പിന്നീട്ടുള്ള ഉറുപ്പികയ്ക്കും അതിന്റെ അത്ര വഴിയെയുള്ളതിന്നും ഉണ്ടാകയില്ലെന്നു സാരം. എങ്കിലും ഈ ഉറുപ്പികയിലെത്തുകൊണ്ടും യാചകനുള്ള ഉപയോഗിത ധനവാനുള്ളതിനേക്കാൾ എത്രയോ കവിഞ്ഞതുമാണ്.

ക്ഷീയമാണചോദനനിയമം. (Law of dismising demand)

പദാൎത്ഥപ്രദാനത്തിന്റെ ആധിക്യത്തിൽ, അതായത് അവശ്യത്തിലധികം സാധനങ്ങൾ ഉണ്ടാവുമ്പോൾ നമുക്ക കൊട്ടക്കാമെന്നുള്ള വിലയും ചുരുങ്ങുന്നു. എന്തെന്നാൽ വില അന്ത്യോപയോഗിതയ്ക്കനുസരിച്ചിരിക്കുന്നു. അന്ത്യോപയോഗിതയാകട്ടെ പ്രദാനം അധികമായാൽ ചുരുങ്ങുകയും ചെയ്യുന്നു. പദാൎത്ഥത്തിന്റെ പ്രദാനാധിക്യത്തിൽ വിലയാൽ നിൎണ്ണീതമായ ചോദനവും ചുരുങ്ങുന്നു; എന്നിങ്ങനെയും ഈ നിയമത്തെ നിൎവ്വചിക്കാം. പദാൎത്ഥം അധികമധികം കിട്ടുന്തോറും ആ അധികാംശങ്ങൾക്ക് ആദ്യത്തെ അംശങ്ങൾക്കെന്നവിധം ഉപയോഗിതയില്ലാതാവും. അതുകൊണ്ടു കൂട്ടതലായ അംശങ്ങൾക്ക് ആദ്യത്തെ അത്ര വിലകൊട്ടപ്പാൻ വിനിയോജകൻ ഇഷ്ടപ്പെട്ടുകയില്ല. അങ്ങനെ പ്രദാനാധിക്യത്തിൽ പദാൎത്ഥത്തിന്നു വില കുറയുന്നു.

ചോദനത്തിന്റെ സ്ഥിതിഭേദക്ഷമത (Theelasticity of demand)

'ചോദനം' എന്നതിന് 'അവശ്യം' എന്നുതന്നെയാണ് അൎത്ഥവിവക്ഷ. (Want, necessity,) എന്നീ വാക്കുകളിൽനിന്നു സ്വല്പം വ്യത്യാസപ്പെട്ട (Demad) എന്ന പദത്തിന്റെ അൎത്ഥത്തെ ഒന്നു വേർതിരിച്ചു കാണിപ്പാൻ വേണ്ടി 'അവശ്യ'ത്തിന്നു 'ചോദനം' എന്ന ഒരു സംജ്ഞ ചെയ്തതാണ്, പദാൎത്ഥം വാങ്ങുവാനുള്ള ത്രാണിയോടുകൂടിയ 'അവശ്യം' എന്നാണ് ചോദനത്തിന് ധനശാസ്ത്രത്തിലെ അൎത്ഥം. പദാൎത്ഥങ്ങളുടെ ഈ ചോദനം ചിലപ്പോൾ കുറയുകയും ചിലപ്പോൾ അധികമാകയും ചെയ്യും അപ്പോൾ ചോദനത്തിന് സ്ഥിതിഭേദക്ഷമത (Elasticity) ഉള്ളതായി പറയുന്നു.

ഏതെങ്കിലും ഒരു പദാൎത്ഥത്തിന്റെ ശേഖരം അധികമായാൽ അതിന്നുള്ള ഉപയോഗിതയും കുറയുന്നു എന്ന് നാം ഗ്രഹിച്ചുവല്ലോ. ഉപയോഗിത കുറയുമ്പോൾ വിലയും കുറയാതെ തരമില്ല. അതിനാൽ സാധനങ്ങൾ അധികമാകുന്തോറും അവയ്ക്കു നാം കൊട്ടക്കാനിഷ്ടപ്പെടുന്ന വിലയും

കുറയുന്നു ഈ സംഗതിയേത്തന്നെ ധനശാസ്ത്രഭാഷയിൽ പ്രദാനം(Supply) അധികമാകുമ്പോൾ ചോദനനില കുറയുന്നു എന്നു പറയാം. നേരെ മറിച്ച് സാധനത്തിന് വില അധികമായാൽ അവശ്യവും ചുരുങ്ങുന്നു. പ്രദാനവില (Supply price) അധികമായാൽ ചോദനവും ചുരുങ്ങുന്നു. എന്നു സാങ്കേതികഭാഷയിൽ ഇതിനെ തന്നെ പ്രതിപാദിക്കാം. എന്നാൽ ചില പദാൎത്ഥങ്ങൾക്കുള്ള അവശ്യം മററു ചിലതിനേക്കാൾ അതിവേഗത്തിൽ കുറയുന്നു. സംഗീതോപകരണങ്ങൾക്കുള്ള വില വൎദ്ധിപ്പിച്ചാൽ അവയുടെ ചോദനത്തിനു വേഗത്തിൽ ഇടിവുതട്ടും. അതായതു് മുമ്പത്തെ അത്ര വില്പന അവയ്ക്കുണ്ടാകയില്ല എന്നു സാരം. എന്നാൽ നിത്യാവശ്യങ്ങളായ പദാൎത്ഥങ്ങൾക്ക് അരി, ഉപ്പ് മുതലായവയ്ക്ക് വില വൎദ്ധിപ്പിച്ചാലും ചോദനത്തിനു ഗണ്യമായ കുറവു കാണുന്നതല്ല. ഏതെങ്കിലും ഒരു പദാൎത്ഥത്തിന്റെ വില വൎദ്ധിപ്പിച്ചാൽ അതിന്റെ ചോദനത്തിന് കുറവും, വില ചുരുക്കിയാൽ അതിന്റെ ചോദനത്തിനു വൎദ്ധനയും ഉണ്ടാകുന്നുവെങ്കിൽ ആ പദാൎത്ഥത്തിന്റെ ചോദനം സ്ഥിതിഭേദക്ഷമമാണെന്നു പറയുന്നു. നേരെ മറിച്ചു വില ഭേദപ്പെടുത്തിയാലും പദാൎത്ഥത്തിനു മുമ്പത്തെപ്പോലെ അവശ്യമുണ്ട്. അതായതു ചോദനത്തിനുകുറവോ വൎദ്ധനയോ ഇല്ല എന്നു വച്ചാൽ ആ പദാൎത്ഥത്തിന്റെ ചോദനം സ്ഥിതിഭേദാക്ഷമമാണെന്നുപറയാം.

സ്ഥിതിഭേദാക്ഷമം എന്നു വച്ചാൽ സ്ഥിതിഭേദത്തിന് അക്ഷമം, അതായതു് സ്ഥിതിഭേദം വരാത്തതു് എന്നു സാരം.

ഒരു പദാൎത്ഥത്തിനുള്ള ചോദനം ഭേദക്ഷമമോ ഭേദാക്ഷമമോ എന്നു തീൎച്ചയാക്കുന്നതെങ്ങനെയാണ്? ഇതുബദ്ധകൃത്യമായി കണക്കാക്കുവാനുള്ള നിയമോപായങ്ങളൊന്നുമില്ല. എങ്കിലും ധനശാസ്ത്രജ്ഞന്മാർ ഇതിന്നുപയോഗിച്ചുവരുന്ന ഒരു മാൎഗ്ഗം വിവരിക്കാം. ഒരു പദാൎത്ഥത്തിന്റെ വില മാറിക്കൊണ്ടിരിക്കുന്നുവെന്നു കരുതുക. വില ഭേദപ്പെടുന്ന ഓരോ അവസരത്തിലും പദാൎത്ഥത്തിന്റെ വിലയെ, ചെലവാകുന്ന പദാൎത്ഥത്തിന്റെ സംഖ്യ അല്ലെങ്കിൽ പരിണാമംകൊണ്ടു പെരുക്കി കിട്ടുന്ന തുക സമമായിരുന്നാൽ ആ പദാൎത്ഥത്തിന്റെ സ്ഥിതിഭേദക്ഷമത ഒന്നാണെന്നു ഗണിക്കപ്പെടുന്നു. പദാൎത്ഥത്തിന്റെ വില ചുരുക്കമാകുമ്പോൾ ഈ തുക വൎദ്ധിക്കുന്നുവെങ്കിൽ, ഭേദക്ഷമത ഒന്നിലധികമാണെന്നും വില അധികമാകുമ്പോൾ തുക ചുരുങ്ങുന്നുവെങ്കിൽ ഭേദക്ഷമത ഒന്നിൽ ചുരുക്കമാണെന്നും പറയുന്നു.

ഈ സംഗതി നന്നായി മനസ്സിലാക്കുവാൻ നമുക്ക് ഒരു ഉദാഹരണം എടുക്കാം. പെട്രോമാക്സ് വിളക്കുകൾ ഒന്നിന് ൧൫ ക. വീതം വില്പനയ്ക്കു തയ്യാറാക്കുന്നുവെന്നു കരുതുക. ഓരോ വിളക്കിനും ൧൫ ക. വിലയാകുമ്പോൾ ൧൦൦൦ വിളക്കു ഒരു ക്ലിപ്തകാലത്തിനുള്ളിൽ ചെലവാകുന്നുവെന്നു കരുതുക. അപ്പോൾ ഒട്ടാകെ വില്പനയിൽനിന്നു ഈടാകുന്ന സംഖ്യ ൧൫൦൦൦ ക.യാണ്. അടുത്ത കാലത്തു വിളക്കിന്റെ വില ൧൦ ക. ആയി എന്നു വയ്ക്കുക. അപ്പോൾ അതേ കാലപരിധിയിൽ ൨,൦൦൦ വിളക്കു ചെലവാകുന്നുവെന്നു കരുതുക. അതിനു ൨൦൦൦൦ ക. വില്പനയിൽനിന്നു ഈടാകുന്നു. വിളക്കുകളുടെ വില ചുരുങ്ങിയപ്പോൾ ചോദനം അധികമായും ഒട്ടാകെ പദാൎത്ഥത്തിൽ ഇറങ്ങുന്ന സംഖ്യ പൂൎവ്വാപേക്ഷയാ വൎദ്ധിക്കയും ചെയ്കയാൽ ഇവിടെ പദാൎത്ഥത്തിന്റെ ചോദനത്തിനുള്ള സ്ഥിതിഭേദക്ഷമത ഒന്നിലധികമാണ്. അനന്തരം വിളക്കുകളുടെ വില ൧൦ ക. യിൽനിന്ന് ൬ ക. യായി കുറഞ്ഞുവെന്നും അപ്പോൾ ൩,൦൦൦ വിളക്കുകൾ ചെലവായി എന്നും കരുതുക. ഇവിടെ ചോദനസംഖ്യ ൩,൦൦൦ ആയി വൎദ്ധിച്ചുവെങ്കിലും ഒട്ടാകെ ഈടാകുന്ന സംഖ്യ ൧൮,൦൦൦ ക. മാത്രമാണ്. അതുകൊണ്ടു ചോദനത്തിന്റെ സ്ഥിതിഭേദക്ഷമത ഇപ്പോൾ ഒന്നിൽ ചുരുക്കമാണ്. എന്നാൽ ഈ ഉദാഹരണത്തിൽ കാണിച്ചപോലെ ഒരേ പദാൎത്ഥത്തിന് ഇങ്ങനെ വിലയ്ക്കു വ്യത്യാസം വരുന്നതു സംഭാവ്യമല്ല. വിഷയം നന്നായ് ഗ്രഹിക്കുന്നതിനുവേണ്ടി ഇങ്ങനെ ഒരു ഉദാഹരണം എടുത്തു എന്നേ ഉള്ളൂ.

സ്വൎണ്ണവ്യാപാരം.

ഇംഗ്ലണ്ട്, അമേരിക്ക മുതലായ പാശ്ചാത്യരാജ്യങ്ങളുമായുള്ള വ്യാപാരത്തിൽ പ്രഥമസ്ഥാനം ബാംബെ തുറമുഖത്തിന്നാണ്. അതിലും വിശേഷിച്ച്, സ്വൎണ്ണവും വെള്ളിയും കയററി അയയ്ക്കുന്നതും ഇറക്കുമതിചെയ്യുന്നതും ഇപ്പോൾ ബാംബേതുറമുഖത്തിൽമാത്രമാണ്. ആ സ്ഥിതിക്ക് ഇൻഡ്യയും ഇതരരാജ്യങ്ങളുമായി ഈ വിലപിടിച്ച ലോഹങ്ങളിൽ നടക്കുന്ന വ്യാപാരം ബോംബേയാണ് ഭരിക്കുന്നതു എന്നുതന്നെ പറയാം.

എന്നുതന്നെയല്ല, ഇപ്പോൾ മിക്ക രാജ്യങ്ങളും സ്വൎണ്ണവ്യാപാരത്തെ ഗവൺമെന്റിന്റെ പ്രത്യേക മേൽനോട്ടത്തിലാക്കിയിരിക്കുന്നതുകൊണ്ടു

യഥാൎത്ഥത്തിൽ യാതൊരു നിയമതടസ്സങ്ങളുംകൂടാതെ സ്വൎണ്ണം മററു സാധനങ്ങളെപ്പോലെതന്നെ വ്യാപരിക്കുവാൻ അനുവദിക്കപ്പെട്ടിട്ടുള്ളതു കാൎയ്യമായി ഇന്ത്യയിൽ മാത്രമാണു്. ലണ്ടനിലും ഇപ്രകാരമുള്ള സ്വൎണ്ണവ്യാപാരം സ്വതന്ത്രമായി അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിലും പ്രായോഗികതയിൽ വരുമ്പോൾ അവിടേയും ബാങ്ക് ഓഫ് ഇംഗ്ലണ്ടോ, ട്രഷറിയോ അതിന്റെ 'ഉപദേശം' നല്കുന്നതായി കാണാം. സ്വൎണ്ണമാനം ദീക്ഷിച്ചുവരുന്ന ഫ്രാൻസ് മുതലായ രാജ്യങ്ങളിൽ നിയമത്തെ സംബന്ധിച്ചിടത്തോളം സ്വതന്ത്രമായി സ്വൎണ്ണവ്യാപാരം നടക്കുന്നുണ്ടെന്നു പറയാം. എന്നാൽ പലപ്പോഴും ഗവൎമ്മേന്റിന്റെ ഉപദേശപ്രകാരമാണു് അവിടത്തെ വ്യാപാരികൾ വൎത്തിക്കുന്നതെന്നു കാണാം. ഉദാഹരണമായി ഇപ്പോൾ ഫ്രാൻസിലെ നാണയമായ ഫ്രാങ്കിന്റെ ഭാവി ആശങ്കാജനകമായിത്തീൎന്നിരിക്കുന്നതുകൊണ്ടു് ബാങ്ക് ഓഫ് ഫ്രാൻസ് അവിടത്തെ ബാങ്കുകളോടും മററും വ്യാപാരാവശ്യത്തിനാണെന്നു വ്യക്തമായാലല്ലാതെ സ്വൎണ്ണവും വിദേശനാണയങ്ങളും പൊതുജനങ്ങൾക്കു വില്ക്കരുതെന്നു 'അപേക്ഷി'ച്ചിരിക്കുന്നു. ബാങ്ക് ഓഫ് ഫ്രാൻസിന്റെ 'അപേക്ഷ'യ്ക്കു നിയമത്തിന്റെ പ്രാബല്യം തന്നെ ഉണ്ടാകുന്നതാണെന്നു ഞാൻ പറയേണ്ടതില്ലല്ലോ.

സ്വൎണ്ണവ്യാപാരത്തെ സംബന്ധിച്ചിടത്തോളം ബോംബെയുടെ പ്രാധാന്യം വ്യക്തമാക്കുവാനാണു് ഞാൻ ഇത്രത്തോളം പറഞ്ഞതു്. ഇനി ഇൻഡ്യയിലെ സ്വൎണ്ണവ്യാപാരത്തെപ്പററി അല്പം ചിന്തിക്കാം.

ഉൾനാട്ടുകളിലെ കൃഷിവലന്മാൎക്കു സ്വൎണ്ണമോ വെള്ളിയോ വില്ക്കണമെങ്കിൽ, ആദ്യമായി അവ അവിടങ്ങളിലെ കച്ചവടക്കാർ വാങ്ങുന്നു. ആ കച്ചവടക്കാർ തങ്ങളുടെ ആവശ്യത്തിനുവേണ്ടിവരുന്നതു കഴിച്ചു ബാക്കി റെയിൽവേമുഖാന്തിരം ബോംബേ തുറമുഖത്തേക്കയയ്ക്കുന്നു. ബോംബേവ്യാപാരികൾ കമ്പോളത്തിലെ നിലയനുസരിച്ചു്, വേണ്ടിവരുന്നപക്ഷം, വിദേശങ്ങളിലേക്കു കയററി അയയ്ക്കുകയും ചെയ്യുന്നു.

അപ്രകാരംതന്നെ ഉൾനാട്ടുകാൎക്കു സ്വൎണ്ണം വാങ്ങിക്കണമെങ്കിൽ അവർ ബോംബേയിലേക്കാണു് നോക്കുന്നതു്. കമ്പോളത്തിലെ നിലയനുസരിച്ചു്, ബോംബേ വ്യാപാരികൾ ആവശ്യമെന്നു തോന്നുന്നതായാൽ വിദേശങ്ങളിൽനിന്നും ഇറക്കുമതിചെയ്തു് ആവശ്യക്കാൎക്കു് അയച്ചുകൊടുക്കുന്നു.

ഈ ഘട്ടത്തിൽ ഒരു കാൎയ്യം പ്രത്യേകം ഓൎമ്മിക്കേണ്ടതുണ്ടു്. സ്വൎണ്ണം എല്ലാ രാജ്യക്കാൎക്കും ആവശ്യമായതുകൊണ്ടും ഓരോ കൊല്ലത്തേയും ഉൽപ്പന്നം പരിമിതമായതുകൊണ്ടും സ്വൎണ്ണക്കമ്പോളത്തിന്റെ വ്യാപ്തി ലോകമൊട്ടുക്കുണ്ടു്. ഒട്ടാകെയുള്ള സ്വൎണ്ണത്തെ ബാങ്കുകളോ ട്രഷറികളോ നിക്ഷേപിച്ചിട്ടുണ്ടെന്നല്ലാതെ സ്വൎണ്ണത്തിനു പറയത്തക്ക നാശം നേരിടുന്നില്ല. സാധാരണ സാധനങ്ങളാണെങ്കിൽ ഉപയോഗത്തിൽ നശിച്ചുപോകുന്നതായൊ അഥവാ ഉപയോഗത്തിനു പററാതെ വരുന്നതായൊ കാണാവുന്നതാണു്. സ്വൎണ്ണത്തിന്നാണെങ്കിൽ അവക മാററങ്ങളൊന്നും അത്ര എളുപ്പത്തിൽ നേരിടുന്നതല്ല.

ബോംബേയിലെ സ്വൎണ്ണവ്യാപാരം ഭരിക്കുന്നതു ബോംബെ ബുള്ള്യൻ എക്സ്ചേഞ്ചു് ലിമിറെറഡു്, (Bombay Bullion Exchange Ltd.) എന്ന കമ്പനിയാണു്. അതിലെ മെമ്പറന്മാൎക്കു് അവിടെ വ്യാപാരം ചെയ്യുന്നതിനു ചില പ്രത്യേക സൌകൎയ്യങ്ങൾ ലഭിക്കുന്നുണ്ടു്. യഥാൎത്ഥത്തിൽ ഇന്ത്യയിലെ സ്വൎണ്ണവ്യാപാരം മുഴുവൻ ഇവരുടെ കൈവശമാണെന്നുതന്നെപറയാം. വിദേശകമ്പോളങ്ങളെപ്പററിയും നാണയങ്ങളെപ്പററിയും മററും ഇംഗ്ലീഷ് ഭാഷാപരിജ്ഞാനം വളരെയധികമൊന്നുമില്ലാതെതന്നെ, ഇവരുടെ അറിവു് അത്ഭുതാവഹമാണു്. ധനകാൎയ്യങ്ങളുടെ ചില സൂക്ഷ്മതത്വങ്ങളറിയാതെ അവൎക്കു് അവിടെ വ്യാപാരം ചെയ്യാൻ സാധിക്കുന്നതുമല്ല.

സ്വതന്ത്രമായി സ്വൎണ്ണം വ്യാപരിക്കപ്പെടുന്ന മറെറാരു കമ്പോളമാണു് ലണ്ടൻ. അവിടെ സ്വൎണ്ണവ്യാപാരം മുഴുവൻ നാലു പ്രസിദ്ധപ്പെട്ട കമ്പനികളാണു് ഭരിക്കുന്നതു്. അവർ ദിവസവും ഒരു നിശ്ചിതസ്ഥലത്തു ചേൎന്നു ഓരോരുത്തൎക്കും വിതിക്കുവാനും വാങ്ങുവാനുമുള്ള തുകയനുസരിച്ചു സ്വൎണ്ണത്തിന്റേയും അതുപോലെതന്നെ വെള്ളിയുടെയും വില നിശ്ചയിക്കുന്നു. വ്യാപാരത്തിന്നധികാരികൾ ഈ നാലുകമ്പനിക്കാർ മാത്രമായതുകൊണ്ടു എല്ലാവൎക്കും ഒരേദിവസം ഒരേവിലതന്നെ ലഭിക്കുന്നു. ബോംബെയിലും മററുമാണെങ്കിൽ കമ്പോളം എല്ലാവൎക്കും തുറന്നിരിക്കുന്നതുകൊണ്ടു് വില ഇപ്രകാരം ക്ലിപ്തപ്പെടുത്തുവാൻ സാധിക്കുന്നതല്ല.

സാമ്പത്തികകാൎയ്യങ്ങളിൽ ലണ്ടന്റെ പ്രാധാന്യം അന്യാദൃശമായതുകൊണ്ടു് ലോകത്തിലെ സ്വൎണ്ണവ്യാപാരം അധികവും ലണ്ടനിൽക്കൂടെ

യാണ് നടക്കുന്നത്. ഇന്ത്യയും അന്യരാജ്യങ്ങളുമായി സ്വർണ്ണം വ്യാപരിക്കേണ്ടിവരുമ്പോൾ അത്രയും മിക്കവാറും ലണ്ടനിൽക്കൂടെയാണ് നടത്തപ്പെടുന്നത്.

സ്വർണ്ണവ്യാപാരത്തെ സംബന്ധിച്ചിടത്തോളം നാം അറിഞ്ഞിരിക്കേണ്ട പ്രധാന കമ്പോളങ്ങൾ ബോംബെയും ലണ്ടനും തന്നെയാണ്.

സ്വർണ്ണമാനം (Gold Standard)

ഇനി സ്വർണ്ണമാനത്തെപ്പററി വിവരിക്കാം. ഒരു രാജ്യത്തു സാധാരണയായി ധനസംബന്ധമായ ആവശ്യങ്ങളിൽ കൈമാററം ചെയ്യുന്നത് അച്ചടിച്ച ഗവർമ്മേണ്ടു നോട്ടുകളാണ്, അഥവാ വാഗ്ദത്തപത്രങ്ങളാണ്. അത്യാവശ്യം ലോകനാണ്യങ്ങളും പ്രചാരത്തിലുള്ളതായി കാണാം. ഈ വാഗ്ദത്തപത്രങ്ങൾക്കു ഗവർമ്മേണ്ടു നിശ്ചയിച്ചിട്ടുള്ള വില ലഭിക്കുന്നതു ഗവർമ്മേണ്ടിൽ ജനങ്ങൾക്കുള്ള വിശ്വാസംനിമിത്തമാണ്. വ്യാപാരാവശ്യങ്ങൾക്കു സാധാരണ ജനങ്ങൾ അധികവും ചെക്കുകളും കച്ചവടബില്ലുകളും ആണ് ഉപയോഗിക്കുകയെങ്കിലും അവയ്ക്കു അടിസ്ഥാനം നോട്ടുകളാണ്, അഥവാ നാണയമാണ്.

ഇപ്രകാരം പ്രചാരത്തിലുള്ള നാണയത്തെ ഒരു ക്ലിപ്തതൂക്കവും തനിമയും ഉള്ള സ്വർണ്ണവുമായി ഒരു ക്ലിപ്തനിരക്കനുസരിച്ചു സംഘടിപ്പിക്കപ്പെട്ടിരിക്കുന്നുവെങ്കിൽ ആ രാജ്യം സ്വർണ്ണമാനം ദീക്ഷിക്കുന്നുവെന്നു പറയപ്പെടുന്നു. മറെറാരുതരത്തിൽ പറകയാണെങ്കിൽ, ഒരു രാജ്യത്തിലെ നാണയത്തിനു (ഗവർമ്മേൻറുനോട്ടുകൾ) പകരം ഏതെങ്കിലും വിധത്തിൽ ഒരു നിശ്ചിതതൂക്കവും തനിമയും ഉള്ള സ്വർണ്ണം ലഭിക്കുന്നതാണെങ്കിൽ ആ രാജ്യം സ്വർണ്ണമാനം ദീക്ഷിക്കുന്നുണ്ടെന്നു പറയാം. നിശ്ചയിച്ചിട്ടുള്ള വിലയ്ക്കു് എത്ര സ്വർണ്ണവും വാങ്ങിക്കുവാൻ ഗവർമ്മേൻറും ഒരുങ്ങിയിരിക്കണം.

സ്വർണ്ണമാനം മൂന്നുതരത്തിലുണ്ട്. ഒന്നാമതു ഗവർമ്മേണ്ടു് നോട്ടിന്നു തുല്യം വിലയുള്ള സ്വർണ്ണനാണ്യങ്ങൾ പ്രചാരത്തിലുണ്ടായിരിക്കുക. ഉദാഹരണമായി ബ്രിട്ടൻ സ്വർണ്ണമാനം ഉപേക്ഷിക്കുന്നതിനു മുമ്പു് സ്റ്റർലിങ്ങിനു തുല്യമായ സ്വർണ്ണപവൻ പ്രചാരത്തിലുണ്ടായിരുന്നു. ആവശ്യപ്പെടുമ്പോൾ പ്രസ്തുത നോട്ടുകൾക്കു പകരം പവൻ നൽകുവാൻ ബാങ്ക് ആഫ് ഇംഗ്ലണ്ടു് ബാദ്ധ്യതപ്പെട്ടിരുന്നു.

രണ്ടാമതു ഗവർമ്മേണ്ടു് നോട്ടുകൾക്കു പകരം നിശ്ചിത തനിമയും തൂക്കവുമുള്ള സ്വർണ്ണക്കട്ടി നാണ്യങ്ങൾ പ്രചാരത്തിലില്ലെങ്കിലും നാണയ

ത്തിൻെറ സ്വർണ്ണവില ക്ലിപ്തപ്പെടുത്തിയിരിക്കുന്നതാണ്. ആ വിലക്കു സ്വർണ്ണം വാങ്ങുവാനും വില്ക്കുവാനും ഗവമ്മേണ്ട് ചുമതലപ്പെട്ടിരിക്കുന്നതാണ്. സ്വർണ്ണമാനം ഉപേക്ഷിക്കുന്നതിനു മുമ്പ് ബ്രിട്ടൻ ഇപ്രകാരം സ്വർണ്ണലോഹത്തിൻെറ വില ക്ലിപ്തപ്പെടുത്തിയിരുന്നു.

മൂന്നാമത്, സ്വരാജ്യത്തു നോട്ടുകൾക്കു പകരം സ്വർണ്ണമോ സ്വർണ്ണനാണ്യങ്ങളോ ലഭിക്കുന്നതല്ലെങ്കിലും വിദേശവിനിമയ കാര്യങ്ങളിൽ സ്വർണ്ണമാന ദീക്ഷയുള്ള രാജ്യങ്ങളിലെ നാണയം ഒരു ക്ലിപ്തനിരക്കനുസരിച്ചു നൽകുവാൻ ഗവമ്മേണ്ട് ബാദ്ധ്യസ്ഥപ്പെട്ടിരിക്കുക. ഇവിടെ സ്വദേശ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം സ്വർണ്ണമാനം നിലവിലുണ്ടെന്നു പറവാൻ തരമില്ലെങ്കിലും, വിദേശ വിനിമയങ്ങളിൽ അപ്രകാരമായിരിക്കുന്നതാണ്. ബ്രിട്ടൻ ൧൯൩൧-ൽ സ്വർണ്ണമാനം ഉപേക്ഷിക്കുന്നതിനു മുമ്പ് ഇപ്രകാരം ചെയ്തിരുന്നു. ഇപ്പോൾ ഐക്യരാജ്യങ്ങൾ (U. S. A.) ഇപ്രകാരമുള്ള നാണയവ്യവസ്ഥയാണ് സ്വീകരിച്ചിട്ടുള്ളതു്. അവർ സ്വർണ്ണം വാങ്ങുന്നുണ്ടെന്നല്ലാതെ പുറമെ വില്ക്കുന്നില്ല. അഥവാ സ്വർണ്ണമാനം ദീക്ഷിക്കുന്ന രാജ്യങ്ങൾക്കു മാത്രമേ അവർ സ്വർണ്ണം വില്ക്കുകയുള്ളു.

മേൽ പറഞ്ഞ പ്രകാരം സ്വർണ്ണമാനത്തെ ഞാൻ മൂന്നു തരമായി തിരിച്ചിട്ടുണ്ടെങ്കിലും ഇവ മൂന്നും ഒരു രാജ്യത്തു തന്നെയുണ്ടായിരിക്കാവുന്നതാണ്. എന്നുതന്നെയല്ല, കഴിഞ്ഞ മഹായുദ്ധത്തിനുശേഷം പല രാജ്യങ്ങളും സ്വർണ്ണമാനം സ്വീകരിച്ചപ്പോൾ അവർ ഈ മൂന്നു വ്യവസ്ഥകളും പരിപാലിച്ചു വന്നിരുന്നു. ഇപ്പോഴും ഫ്രാൻസ്, ഹോളണ്ട്, സ്വിറ്റ്സർലണ്ട് * ഈ രാജ്യങ്ങൾ പൂർണ്ണമായ സ്വർണ്ണമാനം ദീക്ഷിച്ചു വരുന്നുണ്ട്. ഈ മൂന്നു വ്യവസ്ഥകളിൽ ഏതെങ്കിലും ഒന്നു സ്വീകരിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ആ രാജ്യം സ്വർണ്ണമാനം ദീക്ഷിക്കുന്നുണ്ടെന്നു പൊതുവെ പറവാൻ വിരോധമില്ലാത്തതാണ്.

സ്വർണ്ണമാന ദീക്ഷയ്ക്കു് ഏററവും പ്രധാനമായതു ഗവമ്മേണ്ടു സ്വർണ്ണവ്യാപാരം സ്വതന്ത്രമായി അനുവദിക്കുകയാണ്. വ്യക്തികൾക്കു പുറമെ ഗവമ്മേണ്ടു സ്വർണ്ണം വാങ്ങുകയോ വില്ക്കുകയോ ചെയ്യുന്നതിനു മടി കാണിപ്പാൻ പാടില്ല.

* ഏറെത്താമസിയാതെ ഈ രാജ്യങ്ങളിലെ നാണയ വ്യവസ്ഥക്കു ചില വ്യത്യാസങ്ങൾ വരുമെന്നും പ്രതീക്ഷിക്കുവാൻ കാരണമുണ്ടു്.

ഈ നയത്തിനു തന്നേയാണു് ഇപ്പോൾ മിക്ക രാജ്യങ്ങളും വഴിപ്പെടാത്തതു്. സ്വൎണ്ണത്തെ വിട്ടു പിരിയുന്നതിനുള്ള മടി വൎദ്ധിച്ചുവരുന്നു. സ്വൎണ്ണം രാജ്യത്തുനിന്നു പുറത്തു പോകുമ്പോൾ അതിനെ തടയുവാൻ അവർ പല മാൎഗ്ഗങ്ങളും പരീക്ഷിക്കുകയും അവസാനമായി നിവൃത്തിയില്ലാതെ വരുമ്പോൾ സ്വൎണ്ണമാനം പാടെ ഉപേക്ഷിക്കുകയും ചെയ്യുന്നു. ഇതാണു് ൧൯൩൧ സപ്തമ്പറിൽ ബ്രിട്ടൻ ചെയ്തതു. അമേരിക്കയ്ക്കു ബ്രിട്ടനെപ്പോലെയുള്ള ദുർഘടംഘട്ടങ്ങൾ നേരിട്ടില്ലെങ്കിലും സാമ്പത്തികാഭിവൃദ്ധിക്കുള്ള നയത്തിൽ നാണയത്തിന്റെ സ്വൎണ്ണവില കുറച്ചതുകൊണ്ടു് അവർ തൽക്കാലം തൃപ്തിപ്പെട്ടു.

സ്വൎണ്ണമാനം ദീക്ഷിക്കുന്നതുകൊണ്ടു വല്ല പ്രത്യേകതയുമുണ്ടോ എന്നു ചോദിക്കുമായിരിക്കാം. ഇതിനെ സംബന്ധിച്ചു് ധനശാസ്ത്രജ്ഞന്മാർ തമ്മിൽ ഭിന്നാഭിപ്രായം വളരെയുണ്ടു്. സ്വൎണ്ണത്തിന്റെ പ്രത്യേക നില നിമിത്തം സ്വൎണ്ണമാനദീക്ഷ നാണയത്തിൽ ജനങ്ങളുടെ വിശ്വാസം നിലനിൎത്തുന്നതിനു പൎയ്യാപ്തമാകുന്നതാണു്. സ്വൎണ്ണത്തിന്റെ സഹായം കൂടാതെതന്നെ നാണയവ്യവസ്ഥ പരിപാലിക്കുവാൻ കഴിയുന്നതാണെന്നു അഭിനവലോകത്തിലെ പല തന്ത്രജ്ഞന്മാരും ഗവൎമ്മെണ്ടുകളും വ്യക്തമാക്കീട്ടുണ്ടു്. എന്നാൽ യുദ്ധം വരുമ്പോൾ സ്വൎണ്ണംതന്നെ വേണം എല്ലാവൎക്കും.

നമ്മുടെ നാണയം.

എന്തെങ്കിലും വാങ്ങിക്കുവാനായി ഷാപ്പിലേക്കു പോകുമ്പോൾ നാം സാധാരണയായി ഇന്ത്യാ ഗവൎമ്മെണ്ടിന്റെ ഒരു വാഗ്ദത്തപത്രമോ(നോട്ടോ) അഥവാ വെള്ളിത്രുപയോ കൈയിലെടുക്കുന്നു. ആ കടലാസിനും വെള്ളിക്കും യഥാൎത്ഥത്തിൽ അവയിൽ എഴുതിയിട്ടുള്ള വില കമ്പോളത്തിൽ കിട്ടുന്നതല്ലല്ലൊ. എങ്കിലും ആ എഴുതിയ വിലയ്ക്കു അവയെ സ്വീകരിപ്പാൻ ഇന്ത്യയിൽ വസിക്കുന്നവരെല്ലാം നിയമേന ബാദ്ധ്യതപ്പെട്ടിരിക്കുന്നു.

മനുഷ്യോപയോഗത്തിനുള്ള സാധനങ്ങൾ കൈമാററം ചെയ്യുന്നതിനുള്ള ഒരു മദ്ധ്യസ്ഥോപകരണമാണല്ലോ നാണയം. ഒരു രൂപ കൊടുത്താൽ കുറെ സാധനങ്ങൾ കിട്ടുന്നുണ്ടെന്നും രൂപ എല്ലാവരും യാതൊരു തൎക്കവുംകൂടാതെ സ്വീകരിക്കുന്നതാണെന്നുമല്ലാതെ നമ്മുടെ നാണയമായ രൂപയെപ്പററി കൂടുതലായി ആരുമൊന്നും ചിന്തിക്കാറില്ല. അതിനെ സംബന്ധിച്ച ചില പ്രധാന വിവരങ്ങൾ അറിഞ്ഞിരിക്കേണ്ടതാണു്.

ആദ്യമായി നമ്മുടെ നാണയത്തിന്റെ ഒരു ചുരുങ്ങിയ ചരിത്രം പറയാം. വളരെക്കാലം മുമ്പുതന്നെ ഇൻഡ്യാ ചക്രവൎത്തിമാർ പല നാണ്യങ്ങളും ഉപയോഗിച്ചിരുന്നു. മുഗൾചക്രവൎത്തിമാരുടെ കാലത്തും പല സ്വൎണ്ണനാണ്യങ്ങളും വെള്ളിനാണ്യങ്ങളും പ്രചാരത്തിലുണ്ടായിരുന്നു. അക്കാലങ്ങളെ തൽക്കാലം വിസ്മരിക്കുക. ബ്രിട്ടീഷ്ഗവൎമ്മെൻറു് ഇൻഡ്യയിൽ വന്നതുമുതൽക്കുള്ള ചരിത്രം പരിശോധിക്കുക.

പത്തൊമ്പതാം നൂററാണ്ടിന്റെ ആരംഭത്തിൽ ഇൻഡ്യയിൽ വ്യവസ്ഥിതമായ യാതൊരു നാണയവുമുണ്ടായിരുന്നില്ല. സ്വൎണ്ണവും വെള്ളിയുമായി പല തൂക്കത്തിലും തനിമയിലും പല നാണ്യങ്ങളും ഇവിടെ പ്രചരിച്ചിരുന്നു. വിവിധ തരത്തിലുള്ള ൯൯൪ നാണ്യങ്ങൾ ഈസ്റ്റ്ഇൻഡ്യാ കമ്പനി ഇവിടെ കണ്ടുവത്രെ. പ്രയാസപ്പെട്ട ഈ നിലയ്ക്കു ചില വ്യത്യാസങ്ങൾ വരുത്തുന്നതിന്ന് പല എഴുത്തുകുത്തുകളും നടന്നതിന്നുശേഷം ൧൮൩൫-ലെ ആക്ട് പ്രകാരം വെള്ളിനാണയവ്യവസ്ഥ ഇവിടെ നടപ്പിലാക്കി. ഇന്നത്തെ തൂക്കവും തനിമയും ഉള്ള രൂപ അന്നു മുതലാണു് ഇൻഡ്യയിൽ വന്നതു്. അതോടൊപ്പം സ്വൎണ്ണത്തെ ഒരു നിയമാനുസൃതനാണ്യമല്ലാതാക്കുകയും ചെയ്തു.

ഇപ്രകാരം വളരെക്കാലമായി ഇവിടെ പ്രചരിച്ചുവന്നിരുന്ന സ്വൎണ്ണനാണ്യങ്ങളെ നിയമാനുസൃതമല്ലാതാക്കിയപ്പോൾ പല ബുദ്ധിമുട്ടുകൾക്കും ഇടവന്നു. സ്വൎണ്ണമോഹർ ഇവിടെ ധാരാളമുണ്ടായിരുന്നു. ൧൮൪൧-ൽ ഈ മോഹർ ൧൫. ൧ എന്ന തോതനുസരിച്ചു സ്വീകരിക്കുവാൻ തീൎച്ചപ്പെടുത്തി. സ്വൎണ്ണം ധാരാളമായി ട്രഷറിയിൽ വന്നുചേരുവാൻ തുടങ്ങി. ൧൮൫൩-ൽ വീണ്ടും അവർ സ്വൎണ്ണനാണ്യങ്ങളെ നിയമാനുസൃതമല്ലാതാക്കി. പിന്നീട്ു് ൧൮൭൦ മുതൽ നാണയവ്യവസ്ഥ വീണ്ടും പല ബുദ്ധിമുട്ടുകൾക്കും ഇടയാക്കി. ഇക്കാലത്തു വെള്ളിയുടെ വില മാത്രം കുറഞ്ഞതുകൊണ്ടു് ക്രമേണ യൂറോപ്യൻ രാജ്യങ്ങൾ വെള്ളിനാണയവ്യവസ്ഥ ഉപേക്ഷിക്കുവാൻ തുടങ്ങി.

രൂപയുടെ വിനിമയ വില വളരെ കുറഞ്ഞതുനിമിത്തം ഇൻഡ്യാഗവൎമ്മെൻറിന്റെ ധനസ്ഥിതിക്കു വളരെ ഉടവുപററി. ൧൮൯൪—൯൫-ൽ ൧൩ പെൻസ് ആയി കുറഞ്ഞുപോയി. സാമാനങ്ങളുടെ വില വളരെ വൎദ്ധിച്ചു. ഇക്കാലത്തുതന്നെ വിവിധ രാജ്യങ്ങൾ തമ്മിൽ നാലു് കോൺ

ഫറൻസ് വെള്ളിയുടെ വിലയെപ്പററി ചിന്തിക്കുവാൻ കൂടിയെങ്കിലും തൃപ്തികരമായ യാതൊരു ഫലവുമുണ്ടായില്ല.

ഒടുവിൽ ഇൻഡ്യാഗവമ്മെൻറു് ൧൮൯൩-ൽ നാണയവ്യവസ്ഥ പരിഷ്കരിക്കുന്നതിന്നു വേണ്ട ശുപാശ്ശകൾ ചെയ്യാനായി ഹെർസ്ചൽകമ്മിററി (Herchell Committee) യെ നിയമിച്ചു. അവരുടെ ശുപാശ്ശയനുസരിച്ചു സ്വാതന്ത്ര്യമായി വെള്ളി മുദ്രണം ചെയ്തുകൊടുക്കാറുള്ളതു നിർത്തുകയും രൂപയുടെ വിദേശവിനിമയവില ൧൬ പെൻസായി നിശ്ചയിക്കുകയും ചെയ്തു. ഇൻഡ്യയുടെ നിലയ്ക്കു ഇതും ഒട്ടുംതന്നെ ആശാസ്യമായിരുന്നില്ല.

൧൮൯൮-ൽ വീണ്ടും ഫൌളർകമ്മിററി (Fowler Committe (നിയമിതമായി. അവർ ഇൻഡ്യയിൽ സ്വർണ്ണമാനം നടപ്പാക്കുവാനും, ബ്രിട്ടീഷു പവൻ ഇവിടെ നിയമാനുസൃതനാണ്യമാക്കുവാനും, ഗവമ്മെൻറു രൂപയെ സ്വർണ്ണമായി മാററിക്കൊടുക്കേണ്ടതാണെന്നും, രൂപയെ സ്റ്റർലിങ്ങുമായി ൧൬ പെൻസ് നിരക്കിന്നു സംഘടിപ്പിക്കേണ്ടതാണെന്നും, രൂപ എത്ര സംഖ്യയ്ക്കു വേണമെങ്കിലും സ്വീകരിക്കാറാകണമെന്നും ശുപാർശ ചെയ്തു. ഗവമ്മെൻറു ഇവയെല്ലാം സ്വീകരിച്ചു. ഒരു നാണ്യശാല സ്ഥാപിക്കുവാൻ അവർ ശ്രമിച്ചുവെങ്കിലും, പല തടസ്സങ്ങളും നിമിത്തം അതു സാധിച്ചില്ല തന്മൂലം നിർഭാഗ്യവശാൽ സ്വർണ്ണമാനം ഇൻഡ്യയിൽ നടപ്പാക്കപ്പെട്ടില്ല.

ഇരുപതാംനൂററാണ്ടിൻെറ ആരംഭത്തിൽ ക്ഷാമവും മററും നിമിത്തം ധനസ്ഥിതിക്കു പല കുഴപ്പങ്ങളും നേരിട്ടു. ഈ ഘട്ടത്തിൽ ഗവമ്മെൻറു് രൂപ വളരെയധികം മുദ്രണം ചെയ്വാൻ തുടങ്ങി. ക്രമേണ ഗവമ്മെൻറു് വിദേശവിനിമയത്തിന്നു മാത്രം സ്വർണ്ണമാനവ്യവസ്ഥ അനുസരിക്കുവാൻ തുടങ്ങി.

ഗവമ്മെൻറിൻെറ തൽക്കാലാവശ്യങ്ങൾക്കു ഈ വ്യവസ്ഥ വളരെ ഉപകരിച്ചു. എങ്കിലും ഇൻഡ്യയുടെ നാണയക്കുഴപ്പങ്ങൾ അത്ര എളുപ്പത്തിൽ അവസാനിക്കുന്നതല്ല. ൧൯൧൩-ൽ ചേമ്പർലേൻ കമ്മിററി നിയമിതമായി. സ്വർണ്ണനാണ്യങ്ങൾ വ്യാപരിക്കാതെതന്നെ സ്വർണ്ണമാനവ്യവസ്ഥ പരിപാലിക്കുവാൻ പ്രയാസമില്ലെന്നും, ഗവമ്മെൻറു രൂപയും നോട്ടുകളും കൂടുതൽ പ്രചരിപ്പിക്കേണ്ടതാണെന്നും നാണയത്തെ സ്ഥിരപ്പെടുത്തുന്നതിന്നു ഒരു റിസവ്വ് വേണ്ടതാണെന്നും ശുപാർശ ചെയ്തു.

അപ്പോഴെക്കും ലോകമഹായുദ്ധം എല്ലാ വ്യവസ്ഥകളേയും തകിടം മറിച്ചുകളഞ്ഞു. വ്യാപാരാവശിഷ്ടത്തിൽ ഇൻഡ്യയുടെ മെച്ചം വളരെ വർദ്ധിച്ചു. രൂപ ഇൻഡ്യയിൽ കൂടുതൽ പ്രചരിച്ചുതുടങ്ങി. വെള്ളിയുടെ വില അതിമാത്രം വർദ്ധിച്ചു. ൧൯൧൭ൽ ഒരു തോലയ്ക്കു ൨൭ പെൻസായിരുന്നതു ൧൯൧൯-ൽ ൫൮ പെൻസായിരുന്നുവെന്നു പറഞ്ഞാൽ മതിയല്ലോ. നാണയക്കുഴപ്പങ്ങൾ വീണ്ടും പ്രബലപ്പെട്ടു. വിനിമയവില ഒരു രൂപയ്ക്കു രണ്ടു ഷില്ലിങ്ങുവരെ വർദ്ധിച്ചു. ഈ ഘട്ടത്തിലാണു് ബാബിങ്ങ്ടൺസ്മിത്തു് കമ്മിററി (Babnigton Smith Committee) നിയമിതമായതു്. രൂപയുടെ വിനിമയവില രണ്ടു ഷില്ലിങ്ങായിരിക്കേണ്ടതാണെന്നും മററും അവർ ശുപാർശ ചെയ്കയും അതനുസരിച്ചു ഗവർമ്മെൻറു് നിയമനിർമ്മാണം ചെയ്കയും ചെയ്തു.

എന്നാൽ ഇൻഡ്യയുടെ റേഷ്യോ (Ratio) കുഴപ്പം ഇതുകൊണ്ടും അവസാനിച്ചില്ല. വെള്ളിയുടെ വില കുറഞ്ഞു രൂപയുടെ വിനിമയവില ൧൬ പെൻസ്‌വരെ കുറഞ്ഞുപോയി. ൧൯൨൬-ൽ ഹിൽട്ടൻയങ്ങ് കമ്മിററി നിയമിക്കപ്പെട്ടു. സ്വർണ്ണലോഹനാണയവ്യവസ്ഥ (Gold Bullion Standard) നടപ്പാക്കുവാൻ അവർ ശുപാർശ ചെയ്തു. അതായതു നാണയവ്യവസ്ഥയ്ക്കു അടിസ്ഥാനം സ്വർണ്ണമായിരിക്കണം. രൂപയുടെ സ്വർണ്ണവില നിശ്ചയിക്കണം. ഒരു നിശ്ചിത നിരക്കനുസരിച്ചു രൂപായ്ക്കു പകരം സ്വർണ്ണം നല്കുവാൻ അധികൃതന്മാർ ബാദ്ധ്യസ്ഥരാവണം. സ്വർണ്ണനാണ്യങ്ങൾ പ്രചാരത്തിലിരിക്കേണ്ടതില്ല. രൂപ ഒരു അടയാളമാത്രമായ നാണ്യമായിരിക്കുകയും അതു കടലാസിലോ വെള്ളിയിലോ അടിക്കാവുന്നതും ആയിരിക്കണം. നാണയവും നോട്ടുകളും മററുമെല്ലാം ഒരു റിസർവ്വ്ബാങ്കിന്റെ കീഴിലാക്കുവാനും അവർ ശുപാർശ ചെയ്തു.

മേൽപറഞ്ഞ ശുപാർശകൾ പല ഖണ്ഡനങ്ങൾക്കും വിഷയമായിത്തീർന്നിട്ടുണ്ടു്. ഗവർമ്മെൻറു് അവരുടെ ചില ശുപാർശകൾ മാത്രമേ സ്വീകരിച്ചിട്ടുള്ളു. ഇന്നത്തെ നാണയവ്യവസ്ഥയ്ക്കു അടിസ്ഥാനം പ്രസ്തുത കമ്മിററിയുടെ ശുപാർശകളാണു്. അതിനു ശേഷമാണു് ഇന്നു നിലവിലുള്ളതും അസംബ്ളിയിലും വ്യാപാരമണ്ഡലങ്ങളിലും ഏററവും തർക്കവിഷയമായതുമായ ൧൮ പെൻസ് റേഷ്യോ നടപ്പിലാക്കപ്പെട്ടതു്.

(പി. കെ)

യഥാൎത്ഥത്തിൽ യാതൊരു നിയമതടസ്സങ്ങളുംകൂടാതെ സ്വൎണ്ണം മററു സാധനങ്ങളെപ്പോലെതന്നെ വ്യാപരിക്കുവാൻ അനുവദിക്കപ്പെട്ടിട്ടുള്ളതു കാൎയ്യമായി ഇന്ത്യയിൽ മാത്രമാണു്. ലണ്ടനിലും ഇപ്രകാരമുള്ള സ്വൎണ്ണവ്യാപാരം സ്വതന്ത്രമായി അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിലും പ്രായോഗികതയിൽ വരുമ്പോൾ അവിടേയും ബാങ്കു് ആഫ് ഇംഗ്ലണ്ടോ, ട്രഷറിയോ അതിൻെറ 'ഉപദേശം' നല്കുന്നതായി കാണാം. സ്വൎണ്ണമാനം ദീക്ഷിച്ചുവരുന്ന ഫ്രാൻസ് മുതലായ രാജ്യങ്ങളിൽ നിയമത്തെ സംബന്ധിച്ചിടത്തോളം സ്വതന്ത്രമായി സ്വൎണ്ണവ്യാപാരം നടക്കുന്നുണ്ടെന്നു പറയാം. എന്നാൽ പലപ്പോഴും ഗവൎമ്മെൻറിൻെറ ഉപദേശപ്രകാരമാണു് അവിടത്തെ വ്യാപാരികൾ വൎത്തിക്കുന്നതെന്നു കാണാം. ഉദാഹരണമായി ഇപ്പോൾ ഫ്രാൻസിലെ നാണയമായ ഫ്രാങ്കിൻെറ ഭാവി ആശങ്കാജനകമായിത്തീൎന്നിരിക്കുന്നതുകൊണ്ടു് ബാങ്കു് ആഫ് ഫ്രാൻസ് അവിടത്തെ ബാങ്കുകളോടും മററും വ്യാപാരാവശ്യത്തിനാണെന്നു വ്യക്തമായാലല്ലാതെ സ്വൎണ്ണവും വിദേശനാണയങ്ങളും പൊതുജനങ്ങൾക്കു വില്ക്കരുതെന്നു 'അപേക്ഷി'ച്ചിരിക്കുന്നു. ബാങ്കു് ആഫ് ഫ്രാൻസിൻെറ 'അപേക്ഷ'യ്ക്കു നിയമത്തിൻെറ പ്രാബല്യം തന്നെ ഉണ്ടാകുന്നതാണെന്നു ഞാൻ പറയേണ്ടതില്ലല്ലോ.

സ്വൎണ്ണവ്യാപാരത്തെ സംബന്ധിച്ചിടത്തോളം ബോംബെയുടെ പ്രാധാന്യം വ്യക്തമാക്കുവാനാണു് ഞാൻ ഇത്രത്തോളം പറഞ്ഞതു്. ഇനി ഇൻഡ്യയിലെ സ്വൎണ്ണവ്യാപാരത്തെപ്പററി അല്പം ചിന്തിക്കാം.

ഉൾനാട്ടുകളിലെ കൃഷീവലന്മാൎക്കു സ്വൎണ്ണമോ വെള്ളിയോ വില്ക്കണമെങ്കിൽ, ആദ്യമായി അവ അവിടങ്ങളിലെ കച്ചവടക്കാർ വാങ്ങുന്നു. ആ കച്ചവടക്കാർ തങ്ങളുടെ ആവശ്യത്തിനുവേണ്ടിവരുന്നതു കഴിച്ചു ബാക്കി റെയിൽവേമുഖാന്തിരം ബോംബേ തുറമുഖത്തേക്കയയ്ക്കുന്നു. ബോംബേവ്യാപാരികൾ കമ്പോളത്തിലെ നിലയനുസരിച്ചു്, വേണ്ടിവരുന്നപക്ഷം, വിദേശങ്ങളിലേക്കു കയററി അയയ്ക്കുകയും ചെയ്യുന്നു.

അപ്രകാരംതന്നെ ഉൾനാട്ടുകാൎക്കു സ്വൎണ്ണം വാങ്ങിക്കണമെങ്കിൽ അവർ ബോംബേയിലേക്കാണു് നോക്കുന്നതു്. കമ്പോളത്തിലെ നിലയനുസരിച്ചു്, ബോംബേ വ്യാപാരികൾ ആവശ്യമെന്നു തോന്നുന്നതായാൽ വിദേശങ്ങളിൽനിന്നും ഇറക്കുമതിചെയ്തു് ആവശ്യക്കാൎക്കു് അയച്ചുകൊടുക്കുന്നു.

ഈ ഘട്ടത്തിൽ ഒരു കാൎയ്യം പ്രത്യേകം ഓൎമ്മിക്കേണ്ടതുണ്ടു്. സ്വൎണ്ണം എല്ലാ രാജ്യക്കാൎക്കും ആവശ്യമായതുകൊണ്ടും ഓരോ കൊല്ലത്തേയും ഉൽപ്പന്നം പരിമിതമായതുകൊണ്ടും സ്വൎണ്ണക്കമ്പോളത്തിന്റെ വ്യാപ്തി ലോകമൊട്ടുക്കുണ്ടു്. ഒട്ടാകെയുള്ള സ്വൎണ്ണത്തെ ബാങ്കുകളോ ട്രഷറികളോ നിക്ഷേപിച്ചിട്ടുണ്ടെന്നല്ലാതെ സ്വൎണ്ണത്തിനു പറയത്തക്ക നാശം നേരിടുന്നില്ല. സാധാരണ സാധനങ്ങളാണെങ്കിൽ ഉപയോഗത്തിൽ നശിച്ചുപോകുന്നതായൊ അഥവാ ഉപയോഗത്തിനു പററാതെ വരുന്നതായോ കാണാവുന്നതാണു്. സ്വൎണ്ണത്തിന്നാണെങ്കിൽ അവക മാററങ്ങളൊന്നും അത്ര എളുപ്പത്തിൽ നേരിടുന്നതല്ല.

ബോംബേയിലെ സ്വൎണ്ണവ്യാപാരം ഭരിക്കുന്നതു ബോംബെ ബുള്ള്യൻ എക്സ്ചേഞ്ചു് ലിമിററഡു്, (Bombay Bullion Exchange Ltd.) എന്ന കമ്പനിയാണു്. അതിലെ മെമ്പറന്മാൎക്കു് അവിടെ വ്യാപാരം ചെയ്യുന്നതിനു ചില പ്രത്യേക സൌകൎയ്യങ്ങൾ ലഭിക്കുന്നുണ്ടു്. യഥാൎത്ഥത്തിൽ ഇന്ത്യയിലെ സ്വൎണ്ണവ്യാപാരം മുഴുവൻ ഇവരുടെ കൈവശമാണെന്നുതന്നെ പറയാം. വിദേശകമ്പോളങ്ങളെപ്പററിയും നാണയങ്ങളെപ്പററിയും മററും ഇംഗ്ലീഷ് ഭാഷാപരിജ്ഞാനം വളരെയധികമൊന്നുമില്ലാതെതന്നെ, ഇവരുടെ അറിവു് അത്ഭുതാവഹമാണു്. ധനകാൎയ്യങ്ങളുടെ ചില സൂക്ഷ്മതത്വങ്ങളറിയാതെ അവൎക്കു അവിടെ വ്യാപാരം ചെയ്യാൻ സാധിക്കുന്നതുമല്ല.

സ്വതന്ത്രമായി സ്വൎണ്ണം വ്യാപരിക്കപ്പെടുന്ന മറെറാരു കമ്പോളമാണു് ലണ്ടൻ. അവിടെ സ്വൎണ്ണവ്യാപാരം മുഴുവൻ നാലു പ്രസിദ്ധപ്പെട്ട കമ്പനികളാണു് ഭരിക്കുന്നതു്. അവർ ദിവസവും ഒരു നിശ്ചിതസ്ഥലത്തു ചേൎന്നു ഓരോരുത്തൎക്കും വിൽക്കുവാനും വാങ്ങുവാനുമുള്ള തുകയനുസരിച്ചു സ്വൎണ്ണത്തിന്റേയും അതുപോലെതന്നെ വെള്ളിയുടെയും വില നിശ്ചയിക്കുന്നു. വ്യാപാരത്തിന്നധികാരികൾ ഈ നാലുകമ്പനിക്കാർ മാത്രമായതുകൊണ്ടു എല്ലാവൎക്കും ഒരേദിവസം ഒരേവിലതന്നെ ലഭിക്കുന്നു. ബോംബെയിലും മററുമാണെങ്കിൽ കമ്പോളം എല്ലാവൎക്കും തുറന്നിരിക്കുന്നതുകൊണ്ടു് വില ഇപ്രകാരം ക്ലിപ്തപ്പെടുത്തുവാൻ സാധിക്കുന്നതല്ല.

സാമ്പത്തികകാൎയ്യങ്ങളിൽ ലണ്ടന്റെ പ്രാധാന്യം അന്യാദൃശമായതുകൊണ്ടു് ലോകത്തിലെ സ്വൎണ്ണവ്യാപാരം അധികവും ലണ്ടനിൽക്കൂടെ

യാണു് നടക്കുന്നതു്. ഇന്ത്യയും അന്യരാജ്യങ്ങളുമായി സ്വർണ്ണം വ്യാപരിക്കേണ്ടിവരുമ്പോൾ അതും മിക്കവാറും ലണ്ടനിൽക്കൂടെയാണു് നടത്തപ്പെടുന്നതു്.

സ്വർണ്ണവ്യാപാരത്തെ സംബന്ധിച്ചിടത്തോളം നാം അറിഞ്ഞിരിക്കേണ്ട പ്രധാന കമ്പോളങ്ങൾ ബോംബെയും ലണ്ടനും തന്നെയാണു്.

സ്വർണ്ണമാനം (Gold Standard)

ഇനി സ്വർണ്ണമാനത്തെപ്പററി വിവരിക്കാം. ഒരു രാജ്യത്തു സാധാരണയായി ധനസംബന്ധമായ ആവശ്യങ്ങളിൽ കൈമാററം ചെയ്യുന്നതു് അച്ചടിച്ച ഗവർമ്മേണ്ടു നോട്ടുകളാണു്, അഥവാ വാഗ്ദത്തപത്രങ്ങളാണു്. അത്യാവശ്യം ലോകനാണ്യങ്ങളും പ്രചാരത്തിലുള്ളതായി കാണാം. ഈ വാഗ്ദത്തപത്രങ്ങൾക്കു ഗവർമ്മേണ്ടു നിശ്ചയിച്ചിട്ടുള്ള വില ലഭിക്കുന്നതു ഗവർമ്മേണ്ടിൽ ജനങ്ങൾക്കുള്ള വിശ്വാസംനിമിത്തമാണു്. വ്യാപാരാവശ്യങ്ങൾക്കു സാധാരണ ജനങ്ങൾ അധികവും ചെക്കുകളും കച്ചവടബില്ലുകളും ആണു് ഉപയോഗിക്കുകയെങ്കിലും അവയ്ക്കു അടിസ്ഥാനം നോട്ടുകളാണു്, അഥവാ നാണയമാണു്.

ഇപ്രകാരം പ്രചാരത്തിലുള്ള നാണയത്തെ ഒരു ക്ലിപ്തതൂക്കവും തനിമയും ഉള്ള സ്വർണ്ണവുമായി ഒരു ക്ലിപ്തനിരക്കനുസരിച്ചു സംഘടിപ്പിക്കപ്പെട്ടിരിക്കുന്നുവെങ്കിൽ ആ രാജ്യം സ്വർണ്ണമാനം ദീക്ഷിക്കുന്നുവെന്നു പറയപ്പെടുന്നു. മറെറാരുതരത്തിൽ പറകയാണെങ്കിൽ, ഒരു രാജ്യത്തിലെ നാണയത്തിന്നു (ഗവർമ്മേൻറുനോട്ടുകൾ) പകരം ഏതെങ്കിലും വിധത്തിൽ ഒരു നിശ്ചിതതൂക്കവും തനിമയും ഉള്ള സ്വർണ്ണം ലഭിക്കുന്നതാണെങ്കിൽ ആ രാജ്യം സ്വർണ്ണമാനം ദീക്ഷിക്കുന്നുണ്ടെന്നു പറയാം. നിശ്ചയിച്ചിട്ടുള്ള വിലയ്ക്കു് എത്ര സ്വർണ്ണവും വാങ്ങിക്കുവാൻ ഗവർമ്മേൻറും ഒരുങ്ങിയിരിക്കണം.

സ്വർണ്ണമാനം മൂന്നുതരത്തിലുണ്ടു്. ഒന്നാമത്തു ഗവർമ്മേണ്ടു് നോട്ടിന്നു തുല്യം വിലയുള്ള സ്വർണ്ണനാണ്യങ്ങൾ പ്രചാരത്തിലുണ്ടായിരിക്കുക. ഉദാഹരണമായി ബ്രിട്ടൻ സ്വർണ്ണമാനം ഉപേക്ഷിക്കുന്നതിനു മുമ്പു് സ്റ്റർലിങ്ങിനു തുല്യമായ സ്വർണ്ണപവൻ പ്രചാരത്തിലുണ്ടായിരുന്നു. ആവശ്യപ്പെടുമ്പോൾ പ്രസ്തുത നോട്ടുകൾക്കു പകരം പവൻ നൽകുവാൻ ബാങ്ക് ആഫ് ഇംഗ്ലണ്ടു് ബാദ്ധ്യതപ്പെട്ടിരുന്നു.

രണ്ടാമത്തു ഗവർമ്മേണ്ടു് നോട്ടുകൾക്കു പകരം നിശ്ചിത തനിമയും തൂക്കവുമുള്ള സ്വർണ്ണക്കട്ട നാണ്യങ്ങൾ പ്രചാരത്തിലില്ലെങ്കിലും നാണയ

ത്തിന്റെ സ്വർണ്ണവില ക്ലിപ്തപ്പെടുത്തിയിരിക്കുന്നതാണ്. ആ വിലക്കു സ്വർണ്ണം വാങ്ങുവാനും വില്ക്കുവാനും ഗവർമ്മേണ്ട് ചുമതലപ്പെട്ടിരിക്കുന്നതാണ്. സ്വർണ്ണമാനം ഉപേക്ഷിക്കുന്നതിനു മുമ്പ് ബ്രിട്ടൻ ഇപ്രകാരം സ്വർണ്ണലോഹത്തിന്റെ വില ക്ലിപ്തപ്പെടുത്തിയിരുന്നു.

മൂന്നാമതു, സ്വരാജ്യത്തു നോട്ടുകൾക്കു പകരം സ്വർണ്ണമോ സ്വർണ്ണനാണ്യങ്ങളോ ലഭിക്കുന്നതല്ലെങ്കിലും വിദേശവിനിമയ കാര്യങ്ങളിൽ സ്വർണ്ണമാന ദീക്ഷയുള്ള രാജ്യങ്ങളിലെ നാണയം ഒരു ക്ലിപ്തനിരക്കനുസരിച്ചു നൽകുവാൻ ഗവർമ്മേണ്ട് ബാദ്ധ്യസ്ഥപ്പെട്ടിരിക്കുക. ഇവിടെ സ്വദേശ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം സ്വർണ്ണമാനം നിലവിലുണ്ടെന്നു പറവാൻ തരമില്ലെങ്കിലും, വിദേശ വിനിമയങ്ങളിൽ അപ്രകാരമായിരിക്കുന്നതാണ്. ബ്രിട്ടൻ ൧൯൩൧-ൽ സ്വർണ്ണമാനം ഉപേക്ഷിക്കുന്നതിനു മുമ്പ് ഇപ്രകാരം ചെയ്തിരുന്നു. ഇപ്പോൾ ഐക്യരാജ്യങ്ങൾ (U. S. A.) ഇപ്രകാരമുള്ള നാണയവ്യവസ്ഥയാണ് സ്വീകരിച്ചിട്ടുള്ളതു്. അവർ സ്വർണ്ണം വാങ്ങുന്നുണ്ടെന്നല്ലാതെ പുറമെ വില്ക്കുന്നില്ല. അഥവാ സ്വർണ്ണമാനം ദീക്ഷിക്കുന്ന രാജ്യങ്ങൾക്കു മാത്രമേ അവർ സ്വർണ്ണം വില്ക്കുകയുള്ളു.

മേൽ പറഞ്ഞ പ്രകാരം സ്വർണ്ണമാനത്തെ ഞാൻ മൂന്നു തരമായി തിരിച്ചിട്ടുണ്ടെങ്കിലും ഇവ മൂന്നും ഒരു രാജ്യത്തു തന്നെയുണ്ടായിരിക്കാവുന്നതാണ്. എന്നുതന്നെയല്ല, കഴിഞ്ഞ മഹായുദ്ധത്തിനുശേഷം പല രാജ്യങ്ങളും സ്വർണ്ണമാനം സ്വീകരിച്ചപ്പോൾ അവർ ഈ മൂന്നു വ്യവസ്ഥകളും പരിപാലിച്ചു വന്നിരുന്നു. ഇപ്പോഴും ഫ്രാൻസ്, ഹോളണ്ട്, സ്വിട്സർലണ്ട് * ഈ രാജ്യങ്ങൾ പൂർണ്ണമായ സ്വർണ്ണമാനം ദീക്ഷിച്ചു വരുന്നുണ്ട്. ഈ മൂന്നു വ്യവസ്ഥകളിൽ ഏതെങ്കിലും ഒന്നു സ്വീകരിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ആ രാജ്യം സ്വർണ്ണമാനം ദീക്ഷിക്കുന്നുണ്ടെന്നു പൊതുവെ പറവാൻ വിരോധമില്ലാത്തതാണ്.

സ്വർണ്ണമാന ദീക്ഷയ്ക്കു് ഏററവും പ്രധാനമായതു ഗവർമ്മേണ്ടു സ്വർണ്ണവ്യാപാരം സ്വതന്ത്രമായി അനുവദിക്കുകയാണ്. വ്യക്തികൾക്കു പുറമെ ഗവർമ്മേണ്ടു സ്വർണ്ണം വാങ്ങുകയോ വില്ക്കുകയോ ചെയ്യുന്നതിനു മടി കാണിപ്പാൻ പാടില്ല.

* ഏറെത്താമസിയാതെ ഈ രാജ്യങ്ങളിലെ നാണയ വ്യവസ്ഥക്കു ചില വ്യത്യാസങ്ങൾ വരുമെന്നും പ്രതീക്ഷിക്കുവാൻ കാരണമുണ്ട്.

ഈ നയത്തിനു തന്നേയാണ് ഇപ്പോൾ മിക്ക രാജ്യങ്ങളും വഴിപ്പെടാത്തത്. സ്വർണ്ണത്തെ വിട്ടു പിരിയുന്നതിനുള്ള മടി വർദ്ധിച്ചുവരുന്നു. സ്വർണ്ണം രാജ്യത്തുനിന്നു പുറത്തു പോകുമ്പോൾ അതിനെ തടയുവാൻ അവർ പല മാർഗ്ഗങ്ങളും പരീക്ഷിക്കുകയും അവസാനമായി നിവൃത്തിയില്ലാതെ വരുമ്പോൾ സ്വർണ്ണമാനം പാടെ ഉപേക്ഷിക്കുകയും ചെയ്യുന്നു. ഇതാണ് ൧൯൩൧ സെപ്റ്റംബറിൽ ബ്രിട്ടൻ ചെയ്തതു. അമേരിക്കയ്ക്കു ബ്രിട്ടനെപ്പോലെയുള്ള ദുർഘടംഘട്ടങ്ങൾ നേരിട്ടില്ലെങ്കിലും സാമ്പത്തികാഭിവൃദ്ധിക്കുള്ള നയത്തിൽ നാണയത്തിൻെറ സ്വർണ്ണവില കുറച്ചതുകൊണ്ടു് അവർ തൽക്കാലം തൃപ്തിപ്പെട്ടു.

സ്വർണ്ണമാനം ദീക്ഷിക്കുന്നതുകൊണ്ടു വല്ല പ്രത്യേകതയുമുണ്ടോ എന്നു ചോദിക്കുമായിരിക്കാം. ഇതിനെ സംബന്ധിച്ച് ധനശാസ്ത്രജ്ഞന്മാർ തമ്മിൽ ഭിന്നാഭിപ്രായം വളരെയുണ്ടു്. സ്വർണ്ണത്തിൻെറ പ്രത്യേക നില നിമിത്തം സ്വർണ്ണമാനദീക്ഷ നാണയത്തിൽ ജനങ്ങളുടെ വിശ്വാസം നിലനിർത്തുന്നതിനു പര്യാപ്തമാകുന്നതാണ്. സ്വർണ്ണത്തിൻെറ സഹായം കൂടാതെതന്നെ നാണയവ്യവസ്ഥ പരിപാലിക്കുവാൻ കഴിയുന്നതാണെന്നു അഭിനവലോകത്തിലെ പല തന്ത്രജ്ഞന്മാരും ഗവമ്മേണ്ടുകളും വ്യക്തമാക്കീട്ടുണ്ടു്. എന്നാൽ യുദ്ധം വരുമ്പോൾ സ്വർണ്ണംതന്നെ വേണം എല്ലാവക്കും.

നമ്മുടെ നാണയം.

ഞ്യ്‌ ഏതെങ്കിലും വാങ്ങിക്കുവാനായി ഷാപ്പിലേക്കു പോകുമ്പോൾ നാം സാധാരണയായി ഇന്ത്യാ ഗവമ്മേണ്ടിൻെറ ഒരു വാഗ്ദത്തപത്രമോ(നോട്ടോ) അഥവാ വെള്ളിരൂപയോ കൈയിലെടുക്കുന്നു. ആ കടലാസിനും വെള്ളിക്കും യഥാർത്ഥത്തിൽ അവയിൽ എഴുതിയിട്ടുള്ള വില കമ്പോളത്തിൽ കിട്ടുന്നതല്ലല്ലോ. എങ്കിലും ആ എഴുതിയ വിലയ്ക്കു അവയെ സ്വീകരിപ്പാൻ ഇന്ത്യയിൽ വസിക്കുന്നവരെല്ലാം നിയമേന ബാദ്ധ്യതപ്പെട്ടിരിക്കുന്നു.

മനുഷ്യോപയോഗത്തിനുള്ള സാധനങ്ങൾ കൈമാററം ചെയ്യുന്നതിനുള്ള ഒരു മദ്ധ്യസ്ഥോപകരണമാണല്ലോ നാണയം. ഒരു രൂപ കൊടുത്താൽ കുറെ സാധനങ്ങൾ കിട്ടുന്നുണ്ടെന്നും രൂപ എല്ലാവരും യാതൊരു തക്കവുംകൂടാതെ സ്വീകരിക്കുന്നതാണെന്നുമല്ലാതെ നമ്മുടെ നാണയമായ രൂപയെപ്പററി കൂടുതലായി ആരുമൊന്നും ചിന്തിക്കാറില്ല. അതിനെ സംബന്ധിച്ച ചില പ്രധാന വിവരങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്.

ആദ്യമായി നമ്മുടെ നാണയത്തിൻെറ ഒരു ചുരുങ്ങിയ ചരിത്രം പറയാം. വളരെക്കാലം മുമ്പുതന്നെ ഇൻഡ്യാ ചക്രവൎത്തിമാർ പല നാണ്യങ്ങളും ഉപയോഗിച്ചിരുന്നു. മുഗൾചക്രവൎത്തിമാരുടെ കാലത്തും പല സ്വൎണ്ണനാണ്യങ്ങളും വെള്ളിനാണ്യങ്ങളും പ്രചാരത്തിലുണ്ടായിരുന്നു. അക്കാലങ്ങളെ തൽക്കാലം വിസ്മരിക്കുക. ബ്രിട്ടീഷ്ഗവൎമ്മെൻറ് ഇൻഡ്യയിൽ വന്നതുമുതൽക്കുള്ള ചരിത്രം പരിശോധിക്കുക.

പത്തൊമ്പതാം നൂററാണ്ടിൻെറ ആരംഭത്തിൽ ഇൻഡ്യയിൽ വ്യവസ്ഥിതമായ യാതൊരു നാണയവുമുണ്ടായിരുന്നില്ല. സ്വൎണ്ണവും വെള്ളിയുമായി പല തൂക്കത്തിലും തനിമയിലും പല നാണ്യങ്ങളും ഇവിടെ പ്രചരിച്ചിരുന്നു. വിവിധ തരത്തിലുള്ള ൯൯൪ നാണ്യങ്ങൾ ഈസ്റ്റ്ഇൻഡ്യാ കമ്പനി ഇവിടെ കണ്ടുവത്രെ. പ്രയാസപ്പെട്ട ഈ നിലയ്ക്കു ചില വ്യത്യാസങ്ങൾ വരുത്തുന്നതിനു് പല എഴുത്തുകുത്തുകളും നടന്നതിന്നുശേഷം ൧൮൩൫-ലെ ആക്ട് പ്രകാരം വെള്ളിനാണയവ്യവസ്ഥ ഇവിടെ നടപ്പിലാക്കി. ഇന്നത്തെ തൂക്കവും തനിമയും ഉള്ള രൂപ അന്നു മുതലാണു് ഇൻഡ്യയിൽ വന്നതു്. അതോടൊപ്പം സ്വൎണ്ണത്തെ ഒരു നിയമാനുസൃതനാണ്യമല്ലാതാക്കുകയും ചെയ്തു.

ഇപ്രകാരം വളരെക്കാലമായി ഇവിടെ പ്രചരിച്ചുവന്നിരുന്ന സ്വൎണ്ണനാണ്യങ്ങളെ നിയമാനുസൃതമല്ലാതാക്കിയപ്പോൾ പല ബുദ്ധിമുട്ടുകൾക്കും ഇടവന്നു. സ്വൎണ്ണമോഹർ ഇവിടെ ധാരാളമുണ്ടായിരുന്നു. ൧൮൪൧-ൽ ഈ മോഹർ ൧൫. ൧ എന്ന തോതനുസരിച്ചു സ്വീകരിക്കുവാൻ തീൎച്ചപ്പെടുത്തി. സ്വൎണ്ണം ധാരാളമായി ട്രഷറിയിൽ വന്നുചേരുവാൻതുടങ്ങി. ൧൮൫൩-ൽ വീണ്ടും അവർ സ്വൎണ്ണനാണ്യങ്ങളെ നിയമാനുസൃതമല്ലാതാക്കി. പിന്നീടു് ൧൮൭൦ മുതൽ നാണയവ്യവസ്ഥ വീണ്ടും പല ബുദ്ധിമുട്ടുകൾക്കും ഇടയാക്കി. ഇക്കാലത്തു വെള്ളിയുടെ വില മാത്രം കുറഞ്ഞതുകൊണ്ടു് ക്രമേണ യൂറോപ്യൻ രാജ്യങ്ങൾ വെള്ളിനാണയവ്യവസ്ഥ ഉപേക്ഷിക്കുവാൻ തുടങ്ങി.

രൂപയുടെ വിനിമയ വില വളരെ കുറഞ്ഞതുനിമിത്തം ഇൻഡ്യാഗവൎമ്മെൻറിൻെറ ധനസ്ഥിതിക്കു വളരെ ഉടവുപററി. ൧൮൯൪—൯൫-ൽ ൧൩ പെൻസ് ആയി കുറഞ്ഞുപോയി. സാമാനങ്ങളുടെ വില വളരെ വൎദ്ധിച്ചു. ഇക്കാലത്തുതന്നെ വിവിധ രാജ്യങ്ങൾ തമ്മിൽ നാലു് കോൺ

ഫറൻസ് വെള്ളിയുടെ വിലയെപ്പററി ചിന്തിക്കുവാൻ കൂടിയെങ്കിലും തൃപ്തികരമായ യാതൊരു ഫലവുമുണ്ടായില്ല.

ഒടുവിൽ ഇൻഡ്യാഗവമ്മെൻറ് ൧൮൯൩-ൽ നാണയവ്യവസ്ഥ പരിഷ്കരിക്കുന്നതിന്നു വേണ്ട ശുപാർശകൾ ചെയ്യാനായി ഹെർസ്ചൽകമ്മിററി (Herchell Committee) യെ നിയമിച്ചു. അവരുടെ ശുപാർശയനുസരിച്ചു സ്വതന്ത്രമായി വെള്ളി മുദ്രണം ചെയ്തുകൊടുക്കാറുള്ളതു നിർത്തുകയും രൂപയുടെ വിദേശവിനിമയവില ൧൬ പെൻസായി നിശ്ചയിക്കുകയും ചെയ്തു. ഇൻഡ്യയുടെ നിലയ്ക്കു ഇതും ഒട്ടുംതന്നെ ആശാസ്യമായിരുന്നില്ല.

൧൮൯൮-ൽ വീണ്ടും ഫൌളർകമ്മിററി (Fowler Committe (നിയമിതമായി. അവർ ഇൻഡ്യയിൽ സ്വർണ്ണമാനം നടപ്പാക്കുവാനും, ബ്രിട്ടീഷു പവൻ ഇവിടെ നിയമാനുസൃതനാണ്യമാക്കുവാനും, ഗവമ്മേൻറു രൂപയെ സ്വർണ്ണമായി മാററിക്കൊടുക്കേണ്ടതാണെന്നും, രൂപയെ സ്റ്റർലിങ്ങുമായി ൧൬ പെൻസ് നിരക്കിന്നു സംഘടിപ്പിക്കേണ്ടതാണെന്നും, രൂപ എത്ര സംഖ്യയ്ക്കു വേണമെങ്കിലും സ്വീകരിക്കാറാകണമെന്നും ശുപാർശ ചെയ്തു. ഗവമ്മേൻറു ഇവയെല്ലാം സ്വീകരിച്ചു. ഒരു നാണ്യശാല സ്ഥാപിക്കുവാൻ അവർ ശ്രമിച്ചുവെങ്കിലും, പല തടസ്സങ്ങളും നിമിത്തം അതു സാധിച്ചില്ല തന്മൂലം നിർഭാഗ്യവശാൽ സ്വർണ്ണമാനം ഇൻഡ്യയിൽ നടപ്പാക്കപ്പെട്ടില്ല.

ഇരുപതാംനൂററാണ്ടിന്റെ ആരംഭത്തിൽ ക്ഷാമവും മററും നിമിത്തം ധനസ്ഥിതിക്കു പല കുഴപ്പങ്ങളും നേരിട്ടു. ഈ ഘട്ടത്തിൽ ഗവമ്മേൻറ് രൂപ വളരെയധികം മുദ്രണം ചെയ്യാൻ തുടങ്ങി. ക്രമേണ ഗവമ്മേൻറ് വിദേശവിനിമയത്തിന്നു മാത്രം സ്വർണ്ണമാനവ്യവസ്ഥ അനുസരിക്കുവാൻ തുടങ്ങി.

ഗവമ്മേൻറിന്റെ തൽക്കാലാവശ്യങ്ങൾക്കു ഈ വ്യവസ്ഥ വളരെ ഉപകരിച്ചു. എങ്കിലും ഇൻഡ്യയുടെ നാണയക്കുഴപ്പങ്ങൾ അത്ര എളുപ്പത്തിൽ അവസാനിക്കുന്നതല്ല. ൧൯൧൩-ൽ ചേമ്പർലേൻ കമ്മിററി നിയമിതമായി. സ്വർണ്ണനാണ്യങ്ങൾ വ്യാപരിക്കാതെതന്നെ സ്വർണ്ണമാനവ്യവസ്ഥ പരിപാലിക്കുവാൻ പ്രയാസമില്ലെന്നും, ഗവമ്മേൻറു രൂപയും നോട്ടുകളും കൂടുതൽ പ്രചരിപ്പിക്കേണ്ടതാണെന്നും നാണയത്തെ സ്ഥിരപ്പെടുത്തുന്നതിന്നു ഒരു റിസർവ്വ് വേണ്ടതാണെന്നും ശുപാർശ ചെയ്തു.

അപ്പോഴെക്കും ലോകമഹായുദ്ധം എല്ലാ വ്യവസ്ഥകളേയും തകിടം മറിച്ചുകളഞ്ഞു. വ്യാപാരാവശിഷ്ടത്തിൽ ഇൻഡ്യയുടെ മെച്ചം വളരെ വർദ്ധിച്ചു. രൂപ ഇൻഡ്യയിൽ കൂടുതൽ പ്രചരിച്ചുതുടങ്ങി. വെള്ളിയുടെ വില അതിമാത്രം വർദ്ധിച്ചു. ൧൯൧൭ ൽ ഒരു രൂപയ്ക്കു ൧൬ പെൻസായിരുന്നതു ൧൯൧൯- ൽ ൨൮ പെൻസായിരുന്നുവെന്നു പറഞ്ഞാൽ മതിയല്ലോ. നാണയക്കുഴപ്പങ്ങൾ വീണ്ടും പ്രബലപ്പെട്ടു. വിനിമയവില ഒരു രൂപയ്ക്കു രണ്ടു ഷില്ലിങ്ങുവരെ വർദ്ധിച്ചു. ഈ ഘട്ടത്തിലാണു് ബാബിങ്ങ്ടൺസ്മിത്തു് കമ്മിററി (Babnigton Smith Committee) നിയമിതമായതു്. രൂപയുടെ വിനിമയവില രണ്ടു ഷില്ലിങ്ങായിരിക്കേണ്ടതാണെന്നും മററും അവർ ശുപാർശ ചെയ്കയും അതനുസരിച്ചു ഗവമ്മേൻറു് നിയമനിർമ്മാണം ചെയ്കയും ചെയ്തു.

എന്നാൽ ഇൻഡ്യയുടെ റേഷ്യോ (Ratio) കുഴപ്പം ഇതുകൊണ്ടും അവസാനിച്ചില്ല. വെള്ളിയുടെ വില കുറഞ്ഞു രൂപയുടെ വിനിമയവില ൧൮ പെൻസ്വരെ കുറഞ്ഞുപോയി. ൧൯൨൬-ൽ ഹിൽട്ടൻയങ്ങ് കമ്മിററി നിയമിക്കപ്പെട്ടു. സ്വർണ്ണലോഹനാണയവ്യവസ്ഥ (Gold Bullion Standard) നടപ്പാക്കുവാൻ അവർ ശുപാർശ ചെയ്തു. അതായതു നാണയവ്യവസ്ഥയ്ക്കു അടിസ്ഥാനം സ്വർണ്ണമായിരിക്കണം. രൂപയുടെ സ്വർണ്ണവില നിശ്ചയിക്കണം. ഒരു നിശ്ചിത നിരക്കനുസരിച്ചു രൂപയ്ക്കു പകരം സ്വർണ്ണം നല്കുവാൻ അധികൃതന്മാർ ബാദ്ധ്യസ്ഥരാവണം. സ്വർണ്ണനാണ്യങ്ങൾ പ്രചാരത്തിലിരിക്കേണ്ടതില്ല. രൂപ ഒരു അടയാളമാത്രമായ നാണ്യമായിരിക്കുകയും അതു കടലാസിലോ വെള്ളിയിലോ അടിക്കാവുന്നതും ആയിരിക്കണം. നാണയവും നോട്ടുകളും മററുമെല്ലാം ഒരു റിസർവ്വ്ബാങ്കിൻെറ കീഴിലാക്കുവാനും അവർ ശുപാർശ ചെയ്തു.

മേൽപറഞ്ഞ ശുപാർശകൾ പല ഖണ്ഡനങ്ങൾക്കും വിഷയമായിത്തീർന്നിട്ടുണ്ടു്. ഗവമ്മേൻറു് അവരുടെ ചില ശുപാർശകൾ മാത്രമേ സ്വീകരിച്ചിട്ടുള്ളു. ഇന്നത്തെ നാണയവ്യവസ്ഥയ്ക്കു അടിസ്ഥാനം പ്രസ്തുത കമ്മിററിയുടെ ശുപാർശകളാണു്. അതിനു ശേഷമാണു് ഇന്നു നിലവിലുള്ളതും അസംബ്ളിയിലും വ്യാപാരമണ്ഡലങ്ങളിലും ഏററവും തർക്കവിഷയമായതുമായ ൧൮ പെൻസ് റേഷ്യോ നടപ്പിലാക്കപ്പെട്ടതു്.

(പി. കെ)

അരി.

(വി. ആർ. കെ. എഴുത്തശ്ശൻ, ഗ്രാഡ്വേറ്റ്.)

"അന്നേന ജാതാനിജീവന്തി" എന്നാണ് ആപ്തവാക്യം. ആഹാരത്തിനായി നെല്ലിന്റെ അരി ഒട്ടും ഉപയോഗിക്കാത്ത രാജ്യമുണ്ടോ എന്നു സംശയമാണ്. ദക്ഷിണേന്ത്യയിൽ പ്രധാനമായ ആഹാരം അന്നമാണല്ലോ. ചോറുണ്ണാതെ ജീവിക്കുന്നവർ നമ്മുടെ ഇടയിൽ ഇല്ലെന്നു പറയാം. രണ്ടു വിധത്തിൽ ഉണ്ടാക്കപ്പെടുന്ന അരിയാണ് ജനങ്ങൾ ഉപയോഗിച്ചു വരുന്നത്. ഇതിൽ രണ്ടുമൂന്നു തരമുണ്ടെങ്കിലും ജീവിതത്തിനു പററിയ അരി ഏതാണെന്നും മററുമുള്ള വിവരം വളരെ ആളുകൾക്കുണ്ടെന്നു തോന്നുന്നില്ല. ഈ സംഗതികളെക്കുറിച്ചാണ് കുറഞ്ഞൊന്നിവിടെ പറയുന്നത്.

ഭക്ഷണം കഴിക്കുന്നത് താഴെ പറയുന്ന ആവശ്യങ്ങൾക്കായിട്ടാണ്. ശരീരത്തിന്റെ പ്രവൃത്തനങ്ങൾക്കാവശ്യമുള്ള ശക്തിയും ഉഷ്ണാവുമുണ്ടാകുന്നതിനും ദേഹം യഥാക്രമം വളരുന്നതിനും അതിനുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനും ആരോഗ്യം നിലനിൎത്തുന്നതിനുമാണ് ഈ കാൎയ്യങ്ങളെല്ലാം നടത്തുന്നത്. നാം ഭക്ഷിക്കുന്ന സാധനങ്ങളിലുള്ള പലതരം വസ്തുക്കൾ മൂലമാണ്, അംഗാരോദനങ്ങൾ, വസകൾ ഇവകൊണ്ട് ആദ്യം പറഞ്ഞ രണ്ടു ആവശ്യങ്ങളും ഓജസദ്രവ്യങ്ങൾ, ലോഹക്ഷാരങ്ങൾ, ഇവമൂലം പിന്നെപ്പറഞ്ഞതായ ആവശ്യങ്ങളും നടത്തിക്കൊള്ളുന്നു. ഈ വക വസ്തുക്കളെ എല്ലാം നമ്മുടെ ആഹാരത്തിൽ ഉണ്ടായിരിക്കണമെന്നാണല്ലോ മേൽപ്പറഞ്ഞതിൽനിന്നു സിദ്ധിക്കുന്നത്.

ധാന്യങ്ങളുടെ തവിടിലും അതോടുകൂടിയിരിക്കുന്ന അവയിലെ ഉൽപാദനവസ്തുവിലും ഓജസദ്രവ്യങ്ങൾ ധാരാളമുണ്ട്. ദേഹപോഷണത്തിനും അതിനു തട്ടുന്ന ക്ഷീണം തീൎക്കുന്നതിനും ഈ വസ്തുക്കൾ അത്യന്തം ഉപയോഗമുള്ളവയാണ്. അരി കുത്തി തവിടു കളയുന്നതിനാൽ മേൽപറഞ്ഞ പോഷകാംശങ്ങൾ നമുക്ക് ലഭിക്കുന്നില്ല. യന്ത്രശാലയിലുണ്ടാക്കുന്ന അരിയിൽ തവിടു ഒട്ടുംതന്നെയില്ല. ഇതുകൊണ്ടുതന്നെയാണ് അതിയായി മൎദ്ദിച്ചു തവിടുകളഞ്ഞതായ നാടനരിയും പ്രത്യേകിച്ചു യന്ത്രശാല

യിലെ അരിയും ഉപയോഗയോഗ്യമല്ലെന്നു പറയുന്നതു്. യന്ത്രശാല ദർശനം കഴിഞ്ഞു പുറത്തുവരുന്ന അരിയുടെ ചോറിനു സൌമ്യതയും കൌതുകവും കൂടുമെങ്കിലും ശരീരസംരക്ഷയ്ക്കാവശ്യമുള്ള വസ്തുക്കൾ ഇതിൽനന്നെ കുറയും. അതിനാൽ കേവലം ഈ അരിയുടെ ചോറുമാത്രം ഉണ്ണുന്നവർക്ക് അരോഗദൃഢഗാത്രരായിരിപ്പാനോ, അദ്ധ്വാനിച്ചു് ജീവിതം നയിക്കാനോ സാധിക്കുമെന്നു തോന്നുന്നില്ല. യന്ത്രനിർമ്മിതമായ അരിയുടെ ചോറു അത്രയ്ക്കു് മോശമായ ഒരാഹാരമാണെന്നാണു് എൻെറ അനുഭവവും.

ചെറുമക്കളു(പുലയരു)ടെ ജീവിതരീതി അറിയാത്ത മലയാളികൾ വളരെ ദുർല്ലഭമാണു്. സമൃദ്ധിയായ കാലങ്ങളിൽകൂടി യഥേഷ്ടം ആഹാരം കഴിക്കുന്നവർ ഇക്കൂട്ടത്തിൽ വളരെ ചുരുക്കമാണു്. ഈ സാധുക്കൾക്കു ഒരു മെച്ചമുള്ളതു് അപ്പപ്പോൾ കൈകൊണ്ടുണ്ടാക്കുന്ന തവിടോടുകൂടിയ അരികൊണ്ടുള്ള കഞ്ഞിയാണു്. അരിയിലുള്ള സകല വസ്തുക്കളും ഇതിലുണ്ടു്. ഈ കഞ്ഞിക്കുള്ള ഗുണം, 'തുമ്പപ്പൂവിനു് കമ്പമേകിന നറുംചോറി'ന്നില്ലെന്നതു് തീർച്ചതന്നെ. തവിടു കളയാത്തതു് ദാരിദ്ര്യവും പരിഷ്കാരക്കുറവും കൊണ്ടാണെന്നു് പറയേണ്ടതില്ലല്ലോ. എങ്കിലും അന്നത്തെ സംബന്ധിച്ചിടത്തോളം ഈ രണ്ടു അവസ്ഥകളും ഈ പാവങ്ങൾക്കു് അനുകൂലങ്ങളാണെന്നു പറയേണ്ടിയിരിക്കുന്നു. അരിയുടെ കാര്യത്തിൽ ഇതര വർഗ്ഗക്കാരും ഈ ഹരിജനങ്ങളെ അനുകരിക്കുന്നതായാൽ അതു ഏററവും ഗുണകരമായിത്തീരുമെന്നുള്ളതിനു സംശയമില്ല.

സർവ്വസംഗതികളിലും സാമാന്യം അറിവുള്ളവരാണു് അതിയായി വെളുപ്പിക്കപ്പെട്ട അരി പ്രധാനമായി കരുതി അതുണ്ടുവരുന്നതു്. തവിടുള്ള അരിയും തവിടും അപരിഷ്കൃതർക്കും കന്നാകാലികൾക്കും ഉള്ളവയാണെന്നാണു് ഇവരുടെ ധാരണ. അരി വേവിക്കുന്നതിനു മുമ്പായി അതു നല്ലവണ്ണം ഉരച്ചു കഴുകി തവിടു കളയണമെന്നു നിഷ്കർഷകൂടിയുണ്ടു്. ഇപ്രകാരം ചെയ്യുന്നതിനാൽ അരിയിലെ ഏതാണ്ടു പോഷകാംശവും പോകുന്നുണ്ടു്. ഇതാരും ഓർക്കുന്നില്ല. അനുഭവം, യഥാർത്ഥഗുണം, ഇവയൊന്നും വകവയ്ക്കാതെ കേവലം രുചിയും മററും നോക്കി ഭക്ഷിക്കുന്നവർക്കു് ആഹാരം കൊണ്ടുള്ള ഗുണം തികച്ചും സിദ്ധിക്കുന്നതല്ല.

അധികകാലം കെട്ടി സൂക്ഷിച്ചു പഴക്കം തട്ടിയിട്ടുള്ള അരിക്കു ഗുണം കൂടുമെന്നു് മിക്കജനങ്ങളും ധരിച്ചു വശായിരിക്കുന്നു. ഇതു എന്തൊന്നി

നെ അടിസ്ഥാനപ്പെടുത്തീട്ടാണെന്നു മനസ്സിലാകുന്നില്ല. നേരേമറിച്ച്, പഴക്കം ചെല്ലുന്നിടത്തോളം അരിയിലെ പോഷകാംശങ്ങൾക്ക് കേടുതട്ടുന്നതായിട്ടാണ് കണ്ടിരിക്കുന്നതു്.

യന്ത്രശാലയിലുണ്ടാക്കുന്ന പച്ചരിക്കു നെല്ലു പുഴുങ്ങേണ്ടതായ ആവശ്യമില്ലല്ലൊ. അതു കാരണം അതിന്നു നാടൻപുഴുങ്ങലരിയേക്കാൾ ഗുണത്വമുണ്ടെന്നു ചിലർ വിചാരിച്ചുവരുന്നുണ്ട്. യഥാൎത്ഥത്തിൽ യന്ത്രശാലയിലെ അരി പച്ചയായാലും പുഴുങ്ങിയതായാലും വേണ്ടതില്ല. അതിൽ തവിടും മററും ലേശംപോലുമില്ല. ഇതുകൊണ്ടു അതുപയോഗിക്കാതിരിക്കുന്നതാണ് നല്ലതു്. നെല്ലു പുഴുങ്ങുന്നതുമൂലം അതിലെ പോഷകവസ്തുക്കൾ കുറയുന്നു എന്നുള്ളതു് വാസ്തവമാണ്. അതിനാൽ കേവലം ഗുണം നോക്കുന്നതായാൽ പുഴുങ്ങലരിയേക്കാൾ തവിടുള്ള പച്ചരിക്ക് മെച്ചം കൂടുന്നതാണ്. പക്ഷേ യന്ത്രശാലയിലുണ്ടാക്കിയിട്ടുള്ള അരിയേക്കാൾ ഗുണം ഉള്ളതാണ് നാടൻ പുഴുങ്ങലരി എന്നതിൽ രണ്ടുപക്ഷമുണ്ടാവാൻ തരമില്ല.

പച്ചരി ചൂടാണെന്നും അതിനാൽ അതു നിത്യോപയോഗത്തിന്നു കൊള്ളില്ലെന്നും ഒരു പക്ഷമുണ്ട്. വാസ്തവത്തിൽ ഉഷ്ണങ്ങളായി ഗണിക്കപ്പെടുന്ന പദാൎത്ഥങ്ങളാണ് പ്രായേണ ഗുണഭൂയിഷ്ഠങ്ങളായിക്കാണുന്നതു്. ശരീരത്തിന്നാവശ്യമുള്ള പോഷകവസ്തുക്കളും മററും ധാരാളമായിട്ടുള്ളതും ഈ ജാതി ഭക്ഷണസാധനങ്ങളിലാണ്. പഞ്ചാബിൽ മുഖ്യമായ ആഹാരം കൈകൊണ്ടു പൊടിച്ചതായ ഗോതമ്പുമാവു കൊണ്ടുള്ള ചപ്പാത്തിയാണ്. പാൽ, വെണ്ണ, കായ്കനി സാധനങ്ങൾ എന്നിവയും യഥാശക്തി ഈ രാജ്യനിവാസികൾ ഉപയോഗിക്കുന്നുണ്ട്. ഇൻഡ്യയിലുള്ള ആഹാരങ്ങളിൽവച്ചു ഏററവും ഫലപ്രദമായതു് ഇവരുടെ ഭക്ഷണമാണെന്നാണ് ഡാക്ടർ ആർ. മെക്കാറിസൺ അനവധി പരീക്ഷകൾ ചെയ്തു നോക്കിയതിന്നുശേഷം അഭിപ്രായപ്പെട്ടിരിക്കുന്നതു്. ചില സംഗതിയിൽ നെല്ലിന്റെ തവിടിന് ഗോതമ്പിന്റെ തവിടിന്നു ഉള്ളതിനേക്കാൾ ഗുണവിശേഷങ്ങളുണ്ട്. അതിനാൽ തവിടോടുകൂടിയ പച്ചരിയും (ഇതു ഉണ്ടാക്കാൻ വിഷമമാണെന്നപക്ഷം തവിടുള്ള പുഴുങ്ങലരിയും) പാൽ, വെണ്ണ, ധാരാളം കായ്കറിസാധനങ്ങൾ മുതലായവയും യഥാവിധി ഉപയോഗിക്കുന്നതായാൽ നമ്മുടെ ആഹാരവും മേൽപറഞ്ഞതായ മാതൃകാഭക്ഷണത്തിന്നു് തുല്യമായിത്തീരുന്നതാണ്. ശക്തി, ശരീരപുഷ്ടി, ആരോഗ്യം എന്നിവ സിദ്ധിക്കണമെങ്കിൽ മാംസഭോജനം അത്യന്താപേക്ഷിതമാണെന്നു വിചാ

രിക്കുന്നവരും അതുപ്രകാരം മാംസം ഭക്ഷിക്കുന്നവരും അധികമുണ്ട്. ഇതു ഏററവും തെററായ ഒരു വിശ്വാസമാണെന്നു മാത്രം തൽക്കാലം പറയാനല്ലാതെ ഈ വിഷയത്തെക്കുറിച്ച് ഗുണദോഷവിവേചനം ചെയ്വാൻ വിസ്തരഭയത്താൽ ഇവിടെ ഒരുങ്ങുന്നില്ല.

വേണ്ടതിലധികം വെള്ളം ചേൎത്ത് പാകംചെയ്തതിനുശേഷം കഞ്ഞിവാൎത്ത് കളയുന്നതുകൊണ്ട് ചോറിലുള്ള പോഷകദ്രവ്യത്തിലധികവും പൊയ്പോകുന്നു. അതുകൊണ്ട് ആവശ്യത്തിനുമാത്രമേ വെള്ളം ചേൎക്കാവൂ; വാൎക്കുന്നതിനു പകരം വററിക്കുന്നതാണ് ഉത്തമം. വററിച്ച ചോറിനു കൂടുതൽ സ്വാദുമുണ്ടാകും. തവിടില്ലാത്ത അരി കൂടിയേ കഴിയൂ എന്നുള്ളവർ അതിൻെറ കുറവു തീൎക്കാൻവേണ്ടി ഉണ്ണുന്ന അരിയോളം അരിയുടെ തവിടും വല്ല വിധത്തിലും അകത്താക്കേണ്ടതാണ്. പതിനൊന്നു ഇടങ്ങഴി അരിയിൽനിന്നു പത്തിടങ്ങഴി അരിയും ഒരിടങ്ങഴി തവിടും കിട്ടുന്നതാണ്. ഇങ്ങനെ തവിട്ടു കലൎന്നതായ ആഹാരത്തിൽ ഇരുപതു ശതമാനം ഒരു വിധം നല്ല ഓജസ്സദ്രവ്യങ്ങളും ഏതാണ്ട് അത്ര നല്ല എണ്ണയുടെ അംശവും ഉള്ളതിനു പുറമെ ക്ഷാരങ്ങൾ മുതലായ വസ്തുക്കളുമുണ്ട്. തവിട്ടുകൊണ്ട് അപ്പം, അട മുതലായ പലഹാരങ്ങൾ ഉണ്ടാക്കി ഉപയോഗിക്കാം. തവിടിലും ഓരോ തരം അരിയിലുള്ള വസ്തുക്കൾ ചുവടെ ചേൎക്കുന്നു.

	ഓജസ്സദ്രവ്യങ്ങൾ (ശതമാനം)	വസകൾ (ശതമാനം)	അംഗാരോദനങ്ങൾ (ശതമാനം)	ക്ഷാരങ്ങൾ (ശതമാനം	നാലുപലത്തിലുള്ള ഉഷ്ണാവ്‌
വെളുപ്പിക്കാത്ത (തവിടുകളയാത്ത) അരി	8·1	0·3	78·7	4 0	584
വെളുപ്പിച്ച (തവിടു കളഞ്ഞ)തായ അരി	6·3	0·4	92·0	1·0	1808
പുഴുങ്ങലരി	6·4	0·8	92·0	1·0	1824
തവിട്	15·4	19·7	49·6	8·5	1950

ഓരോ തരം അരിയിലും തവിടിലുമുള്ള വസ്തുക്കളുടെ തുകയും ഈ വസ്തുക്കൾ മുഖ്യമായവ അധികമായിട്ടുള്ളത് തവിടിലാണെന്നും ഈ പട്ടികയിൽനിന്നു കാണാമല്ലോ?

പട്ടികയിൽ കാണുന്ന വസ്തുക്കളെ എല്ലാം ഏതെതാവശ്യങ്ങൾക്കായി ശരീരത്തിൽ ഉപയോഗപ്പെടുന്നു എന്നുള്ള സംഗതികൾ ഈ ലേഖനത്തിൽ സംക്ഷേപമായി പ്രതിപാദിച്ചിട്ടുണ്ട്. ആരോഗ്യത്തിന് അന്നകുല്യശുദ്ധിയായിരിക്കേണ്ടതാണല്ലോ? മലം പുറത്തു തള്ളുന്നതിനു ദഹിക്കാത്തതും വയററിൽകിടന്നു ജീർണ്ണിക്കാത്തതുമായ വസ്തുക്കൾ നമ്മുടെ ആഹാരത്തിൽ ഉണ്ടായിരിക്കണം. ഗോതമ്പ്, നെല്ല്, തുടങ്ങിയ ധാന്യങ്ങളുടെ തവിടിലും നിലക്കടല മുതലായവയുടെ ഉള്ളിലുള്ള തോലുകളിലും മേൽപറഞ്ഞ വിധമുള്ള വസ്തുക്കളുണ്ട്. ഇവ മലബന്ധനിവാരണം ചെയ്യുകയും അന്നകുല്യയുടെ മാംസപേശികൾക്ക് പ്രവൎത്തിക്കാൻ ഊർജ്ജിതമുണ്ടാക്കുകയും ചെയ്യുന്നു. ഇങ്ങനെ സൎവ്വഗുണസമ്പൂൎണ്ണമായ തവിടിനെ ഉപേക്ഷിച്ച് അവശ്യത്തിലധികം അംഗാരോദനങ്ങളും (നൂറ്) ഉള്ള ആഹാരമാണ് നാം കഴിച്ചുവരുന്നത്. ഇതിൽ ചില ഭേദഗതികൾ വരുത്തേണ്ടതായ കാലം അതിക്രമിച്ചിരിക്കുന്നു.

പാൽ.

(T. R. Narayana Pillai B. Sc. Food Analyst.)

ജീവജാലങ്ങൾക്കുപയോഗയോഗ്യമായ എല്ലാ ആഹാരസാധനങ്ങളിലും ഉത്തമമെന്നു പരക്കെ അറിയപ്പെടുന്ന സാധനങ്ങളാണ് പാലും അതിൽനിന്ന് ലഭിക്കുന്ന നെയ്യ് മുതലായ മററു സാധനങ്ങളും. പാലിൽ അടങ്ങിയിട്ടുള്ള പോഷകാംശങ്ങൾ മററാഹാരസാധനങ്ങളെ അപേക്ഷിച്ച് കൂടുതലും, ഗുരുത്വം കുറഞ്ഞവയും എന്നാൽ എളുപ്പത്തിൽ ദഹിക്കുന്നവയുമാകുന്നു. അതിനാൽ അവ ശിശുക്കൾക്കും, പ്രായമായവൎക്കും, രോഗികൾക്കും, അരോഗികൾക്കും ഒരുപോലെ ഉപയോഗിക്കാവുന്നതാണ്. ഇപ്രകാരം സൎവ്വപ്രാധാന്യതയുള്ള മാതൃകാഹാരസാധനങ്ങളായതുകൊണ്ട് പാലിനും അതിലുള്ള മററുസാധനങ്ങൾക്കും വ്യവസായലോകത്തിലും ഒട്ടും അപ്രധാനമല്ലാത്ത സ്ഥാനമാണുള്ളത്. ഇത്ര അതിപ്രധാനമായ ആഹാരസാധനങ്ങളേ പററി ശാസ്ത്രീയമായ വിവരങ്ങൾ അവശ്യം അറിഞ്ഞിരിക്കേണ്ടതെങ്കിലും അതിലേക്ക് അൎഹിക്കുന്നത്ര ശ്രദ്ധ നമ്മുടെ നാട്ടിൽ ഉണ്ടായിട്ടില്ലായെന്നു

വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. പാൽ എന്ന് പറയുമ്പോൾ സാധാരണയായി പശുവിൻപാൽ എന്നാണ് ധരിക്കാറുള്ളത്. അതിനാൽ അതു മാതൃകയാക്കി ചില വിവരങ്ങൾ താഴെ ചേർക്കുന്നു.

പാലിനെപ്പോലെ ഇത്ര വളരെ രാസപരിശോധന (Chemical-analysis) നടത്തപ്പെട്ടിട്ടുള്ള മററാഹാരസാധനങ്ങൾ വേറെയില്ലെന്നുതന്നെ പറയാം. ആയിരക്കണക്കിന് എല്ലാ പരിഷ്കൃതരാജ്യങ്ങളിലും നടത്തിയിട്ടുണ്ട്. അവയിൽ നിന്നെല്ലാം ഗ്രഹിക്കുവാൻ കഴിയുന്നത് പശുക്കളുടെ ആഹാരസാധനങ്ങളുടെ സ്വഭാവം, അവയുടെ തരം, പ്രായം കഴിഞ്ഞിട്ടുള്ള പ്രസവങ്ങൾ ഇവയും, കാലദേശാവസ്ഥയും, പാൽകറക്കുന്ന സമയവ്യത്യാസവും മററും നിമിത്തം അവയിൽനിന്നു ലഭിക്കുന്ന പാലിൻെറ അളവിലും, ഗുണത്തിലും കൂടുതൽകുറവു സംഭവിക്കുകയെന്നുള്ളതാണ്.

പാലിൽ അടങ്ങിയിട്ടുള്ള പോഷകാംശങ്ങൾ കൊഴുപ്പ് (fat) പാക്യജനകാംശം—(protein) മധുരാംശം (milk-sugar) ലവണങ്ങൾ (mineral salts) ഇവയാണ്. ഇവയെല്ലാംകൂടി സാമാന്യം നല്ലപാലിൽ ൧൨-൧൩ ശതമാനക്കണക്കിന് കാണുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതിൽ ൩-മുതൽ ൪·൫ ശതമാനം കൊഴുപ്പും ൩-മുതൽ ൪ ശതമാനം പാക്യജനകാംശവും ൪ ശതമാനം മധുരാംശവും ൦-൭ ശതമാനം ലവണങ്ങളുമാകുന്നു. ബാക്കി ൮൭—൮൮ ശതമാനം വെള്ളവുമാണ്.

അസ്ഥിയുടെ പോഷണത്തിനും വളച്ചയ്ക്കും അത്യന്തം ഉപയുക്തമായ കാത്സ്യവും—(Calcium) ഫാസ്ഫറസും (Phosphorus) പാലിലുള്ള ലവണങ്ങളിലുണ്ട്. ഈവക ലവണങ്ങൾ പാക്യജനകാംശത്തോടു ചേർന്നിരിക്കുന്നുവെന്നുള്ളത് ഒരു വിശേഷഗുണം കൂടിയാകുന്നു. പാലിലുള്ള പഞ്ചസാരയും സാധാരണ പഞ്ചസാരയും തമ്മിൽ വ്യത്യാസമുണ്ട്. പാലിൽനിന്നും ലഭിക്കുന്ന പഞ്ചസാര സാധാരണ കരിമ്പിൻ നീരിൽനിന്നോ, കരുപ്പട്ടിയിൽനിന്നോ കിട്ടുന്നതിനെക്കാൾ മധുരം കുറവായിരിക്കുന്നതും എളുപ്പത്തിൽ ദഹിച്ച് ശരീരത്തോടു ചേരുന്നതുമാകുന്നു.

പശുവിൻപാലും, മുലപ്പാലും, ആട്ടിൻപാലും കൂടി താരതമ്യപ്പെടുത്തുന്നതായാൽ മുലപ്പാലിൽ പശുവിൻപാലിലുള്ളതിനെക്കാൾ പാക്യജനകാംശവും, ലവണങ്ങളും കുറവായും, പഞ്ചസാരയുടെ അംശം കൂടുതലായും, ആട്ടിൻപാലിൽ പശുവിൻപാലിലുള്ളതിനെക്കാൾ ലവണങ്ങളും കൊഴുപ്പും

കൂടുതലായും കാണുന്നുണ്ട്. പശുവിൻപാൽ, മുലപ്പാൽ, ആട്ടിൻപാൽ ഇവയുടെ ഘടകങ്ങളുടെ ശരാശരി ശതമാനം താഴെക്കാണിച്ചിരിക്കുന്ന ൧-ാംപട്ടികയിലുള്ളതുപോലെയാകുന്നു.

പട്ടിക. ൧.

ഘടകങ്ങൾ	മുലപ്പാൽ.	പശുവിൻപാൽ.	ആട്ടിൻപാൽ.
കൊഴുപ്പ് (Fat)	൨-൪	൩-൪-൫	൪-൧
പാക്യജനകാംശം (Protein)	൦-൭-൧-൫	൩-൪	൩-൭
പഞ്ചസാര (Milk-Sugar)	൬-൭-൫	൪-൦	൪-൪
ലവണങ്ങൾ (Mineral salts)	൦-൨-൦-൩	൦-൭	൦-൯
വെള്ളം	൮൭-൫	൮൭-൮൮	൮൭-൦

പാലിലുള്ള ലവണങ്ങളിൽ പ്രധാനമായവ കാൽസീയം, മഗ്നീസിയം, പൊട്ടാസിയം, സോഡിയം, ഫാസ്ഫരസം, ക്ലോറിൻ ഇവയാകുന്നു. പശുവിൻപാലിൽ ഇവയുടെ ഏകദേശ ശതമാനക്കണക്ക് ൨-ാംപട്ടികയിൽനിന്ന് ഊഹിക്കാൻകഴിയും.

പട്ടിക. ൨.

കാൽസിയം (Calcium)	൦-൧൪
മഗ്നീസിയം (Vagnesium)	൦-൦-൧൪
പൊട്ടാസിയം (Potassium)	൦-൨
സോഡിയം (Sodium)	൦-൦-൫
ഫാസ്ഫരസം (Phosphorus)	൦-൨൧
ക്ലോറിൻ (Chlorine)	൦-൦-൭

പാൽ കറന്ന ഉടൻ ഉപയോഗിക്കുന്നത് വളരെ നല്ലതാണ്. എന്നാൽ പല കാരണങ്ങളാലും അപ്രകാരം സാധിക്കുന്നതല്ലാത്തതിനാൽ പാൽ സൂക്ഷിച്ചുവച്ചു ഉപയോഗിക്കേണ്ടിവരുന്നു. അങ്ങനെ പാൽ സൂക്ഷിച്ചുവയ്ക്കുന്നതിലേയ്ക്കു പല രീതികളും നടപ്പിലുണ്ട്. അവയിൽ ഒന്ന് പാൽ കറന്ന് കിട്ടിയാൽ ഉടൻ മഞ്ഞുകട്ടിയോട്ട് സമമായി തണുപ്പുള്ള സ്ഥലത്ത് സൂക്ഷിക്കുകയെന്നുള്ളതാണ്. ഈവിധം സൂക്ഷിച്ചുപയോഗിക്കുന്നതാണ് മറ്റുതരത്തിൽ ചെയ്യപ്പെടുന്നതിലും വച്ച് സ്വീകാര്യമായിട്ടുള്ളതെങ്കിലും, ഒന്നുരണ്ടു ദിവസത്തിൽ കൂടുതൽ വച്ചിരുന്നു ഉപയോഗിച്ചുകൂടാത്തതാകുന്നു. ഇങ്ങനെ വളരെ തണുപ്പുള്ള സ്ഥലത്തു സൂക്ഷിക്കുന്നത് പാലിലുള്ള അണു

ക്കളുടെ വളർച്ചയെ താല്ക്കാലികമായി തടയുന്നതിനല്ലാതെ അവയെ ഇല്ലായ്മ ചെയ്യുന്നതിനുതകുന്നില്ല. ഈ സ്ഥിതിയിലും, അണുക്കളുടെ പ്രവർത്തനാശക്തി നിശ്ശേഷം നശിച്ചിട്ടില്ലാത്തതുകൊണ്ട് കാലാന്തരത്തിൽ മന്ദമെങ്കിലും തുടർന്നുള്ള പ്രവർത്തനം മൂലം പാലിന്റെ നിജസ്ഥിതിക്ക് വ്യത്യാസം നേരിടാവുന്നതും തന്മൂലം രുചിഭേദം സംഭവിക്കുന്നതുമാകുന്നു.

പാലിനു യാതൊരുവിധ രുചിഭേദമോ, ദുർഗ്ഗന്ധമോ ഉണ്ടാകാതെ അതിലുള്ള അണുക്കളെ നശിപ്പിക്കുന്നതിനൊ പ്രവൃത്തി രഹിതമാക്കുന്നതിനൊ ചില രാസപദാർത്ഥം (കെമിക്കൽസ്) മൂലം സാധിക്കും. ഈ രീതിയിൽ സൂക്ഷിക്കുന്നത് രണ്ടാമത്തേതെന്നു ഗണിക്കാം. എന്നാൽ ഇത്തരം രാസപദാർത്ഥങ്ങളടങ്ങിയ പാലുപയോഗിക്കുന്നത് അത്ര നന്നല്ലെന്നുമാത്രമല്ല ചിലപ്പോൾ അതു ദോഷകരമായിത്തീർന്നേക്കാനിടയുള്ളതുകൊണ്ട് അപ്രകാരം പാൽസൂക്ഷിക്കപ്പെടുന്നതിനെ എല്ലാ ആധുനിക ഗവർമ്മെന്റുകളും പ്രത്യേക നിയമനിർമ്മാണംമൂലം തടഞ്ഞിട്ടുണ്ട്.

മൂന്നാമതായി, പാൽ വളരെ ലഘുവായ ചൂടിൽ വായുസമ്പർക്കമില്ലാതെ, ഉണക്കിപ്പൊടിയാക്കിയോ (dried Milk) അല്ലെങ്കിൽ കുറുക്കി കട്ടിപ്പാലാ (Condensed Milk)ക്കിയോ സൂക്ഷിച്ച് ഉപയോഗിക്കാം. ഈ രീതിയിൽ ഈ നാട്ടിൽ പാൽപാകപ്പെടുത്തി സൂക്ഷിക്കാറില്ലെങ്കിലും വിദേശങ്ങളിൽനിന്നും ഇറക്കുമതിചെയ്യപ്പെടുന്നഎല്ലാത്തരംപാലും ഈരണ്ടിനത്തിൽപെട്ടവയാണ്. പൊതുവെ പറയുന്നപക്ഷം ഇവയുപയോഗിക്കുന്നതുകൊണ്ട് ദോഷം ഒന്നും ഇല്ലെങ്കിലും, നല്ല ശുദ്ധമായ പാൽ കറന്നധികം താമസിയാതെ കിട്ടുന്നതിന് സൗകര്യമുള്ളപക്ഷം എല്ലായ്പോഴും കൂടുതൽ സ്വീകാര്യയോഗ്യമായി പരിഗണിക്കപ്പെടേണ്ടതാണ്. കട്ടിപ്പാലോ പാൽപൊടിയോ ഉപയോഗിക്കുന്നവിഷയത്തിൽ അവ വിശ്വാസയോഗ്യമായ കമ്പനികളിൽ ഏററവും ശാസ്ത്രീയമായരീതിയിൽ പാകപ്പെടുത്തി വിതരണംചെയ്യപ്പെടുന്നവയാണോയെന്നും, അപ്രകാരം ഉണ്ടാക്കിയതിന്റെശേഷം അധികകാലതാമസം നേരിടുന്നതിനുമുമ്പായി ഉപയോഗിക്കപ്പെടേണ്ടതാണെന്നും, തുറന്നതിന്റെശേഷം അധികദിവസം വച്ചിരുന്നു ഉപയോഗിക്കാൻ പാടില്ലാത്തതാണെന്നും മററും കൂടി ധരിച്ചിരിക്കേണ്ടതാകുന്നു. എന്തെന്നാൽ പാൽപൊടി വായുസമ്പർക്കം മൂലം കനച്ചും, കട്ടിപ്പാൽ പുളിച്ചും പോകുന്നതുകൊണ്ടാണ്.

അണുക്കളുടെ പ്രവൎത്തനംകൊണ്ടു് മറെറതാഹാരസാധനത്തെക്കാളും എളുപ്പത്തിൽ പാൽ ചീത്തയാകും. ഒരണുപോലുമില്ലാതിരിക്കുന്ന പാലിൽ പരിതഃസ്ഥിതികളുടെ ആനുകൂല്യത്താൽ ഏതാനും മണിക്കൂറിനുള്ളിൽ അനേകശതം അണുക്കൾ ഉണ്ടാകാം. ഏതുതരമണുക്കളുടേയും വളൎച്ചയ്ക്കും, വൎദ്ധനവിനും പാൽ ഏററവും പററിയ ഒരു വാഹക (Medium) മാകുന്നു. സാധാരണ അന്തരീക്ഷം അണുക്കളാൽ നിബിഡമായിരിക്കുന്നതിനാൽ അവ പാലിൽ നിഷ്പ്രയാസം കടന്നുകൂടുന്നു. അവയെ നശിപ്പിക്കുന്നതിലേക്കായിട്ടാണു് പാൽ തിളപ്പിക്കേണ്ടയാവശ്യം നേരിടുന്നതു്. പാൽ തിളപ്പിക്കുന്നതിനാവശ്യമുള്ള ചൂടിൽ യാതൊരു അണുവിനും ജീവിക്കാൻ സാധിക്കുന്നതല്ല. എന്നാൽ ഇങ്ങനെ തിളപ്പിക്കുന്നതുകൊണ്ടു് പാലിന്റെ സ്വഭാവത്തിൽ അന്തരമായ ചില വ്യത്യാസങ്ങൾ നേരിടുന്നതും തന്മൂലം ഗുരുത്വം കൂടുന്നതിനാൽ ശിശുക്കൾക്കും രോഗികൾക്കും തിളപ്പിച്ചാൽ അത്രവേഗം ദഹിക്കാത്തതുമാകുന്നു. എന്നാൽ താഴെപറയുന്നവിധം അണുക്കളെ നശിപ്പിക്കുകയും, വീണ്ടും അവയുടെ പ്രവേശനം തടയുകയും ചെയ്യുന്നപക്ഷം ഈ ദോഷത്തെ പരിഹരിക്കാൻ കഴിയും.

അണുക്കളുടെ പ്രവൎത്തനം മൂലമാണു് പാൽ പുളിച്ചു് ചിത്തയാകുന്നതു്. ഇങ്ങനെ പുളിക്കുന്നതിനു് കാരണമായ എല്ലാ അണുക്കളും, പാൽ തിളപ്പിക്കുന്നതിനാവശ്യമുള്ളതിൽ വളരെ കുറഞ്ഞ ചൂടുമൂലം നശിപ്പിക്കപ്പെടാവുന്നവയാണു്. ഈ തത്വം ആദ്യമായി കണ്ടുപിടിച്ചതു് "പാസ്ചർ" എന്ന മഹാശാസ്ത്രജ്ഞനാണു്. അതിനാൽ അപ്രകാരം പാൽ പാകംചെയ്തു് സൂക്ഷിക്കുന്നരീതിക്കു് അദ്ദേഹത്തിന്റെ പേരിനെ ഓൎമ്മിക്കത്തക്കവിധത്തിൽ പാസ്ചറൈസേഷൻ (Pasteurization) എന്നു് പറഞ്ഞുവരുന്നു. ഇതിലേക്കു അൻപത്തഞ്ചു മുതൽ എഴുപത്തിരണ്ടു സെൻടിഗ്രേഡ് ഡിഗ്രിവരെ ൨൦—൩൦ മിനിട്ടു് നേരത്തേക്കു് പാൽ ചൂടുപിടിപ്പിച്ചാൽ മതിയാകും. ഈവിധം ചൂടാക്കിയപാലിനു് യാതൊരു ദൂഷ്യവും നേരിടുന്നില്ലാ അതു ശുദ്ധമായ പാത്രത്തിൽ പകൎന്നു് അടച്ചു തണുപ്പുള്ള സ്ഥലത്തു സൂക്ഷിച്ചാൽ രണ്ടു മൂന്നുദിവസം വരേയോ അതിലധികമോ വച്ചു് ഉപയോഗിക്കാവുന്നതാകുന്നു.

സാധാരണയായി പാലിൽ ഉണ്ടാകുന്ന അണുക്കളിൽവച്ചു് ഏററവും നിഷിദ്ധമായിട്ടുള്ളവ അതിലെ പാക്യജനകാംശത്തെ അപഗ്രഥനംചെയ്തു് ദുൎഗ്ഗന്ധവും ദുസ്വാദും ഉണ്ടാകുന്നവയാണു്. സാംക്രമികരോഗാണുക്കൾ കലൎന്നിട്ടുള്ള പാൽ ഒരിക്കലും ഉപയോഗിച്ചുകൂടാ. അഥവാ സംശയാസ്പദമായ നിലയിൽ ഉപയോഗിക്കേണ്ടിവന്നാൽ അവ എല്ലായ്പോഴും നല്ലപോലെ തിളപ്പിച്ചതിനുശേഷം മാത്രമേ ഉപയോഗിക്കാവൂ. (തുടരും)

ഗ്രന്ഥശാലാപ്രസ്ഥാനം.

(തുടർച്ച)

(പി. എ. രമേശൻ. ബി. എ.)

ഗ്രന്ഥാലയം എപ്പോഴും സൽക്കാരസന്നദ്ധ (Hospitable) മായിരിക്കണമെന്നു മുമ്പു പറഞ്ഞുവല്ലോ. "സജീവമായ ഒരു ക്ഷണനോന്മുഖത" അതിനുണ്ടായിരിക്കണം. പ്രവൎത്തകന്റെ നിസ്വാൎത്ഥവും നിസ്തന്ദ്രവുമായ പരിശ്രമമൊന്നുകൊണ്ടു മാത്രമേ ഈ നില പ്രാപിക്കാൻ കഴിയുകയുള്ളൂ. കാമ്യമായ ഈ നില ഗ്രന്ഥശാലയ്ക്കു പ്രശസ്തിയും അഭിവൃദ്ധിയും നൽകുന്നു. മഹാകവി ടാഗോർ പറയുന്നതു നോക്കുക:—"ഒരുക്കിവച്ചിരിക്കുന്ന സദ്യയ്ക്കു വായനക്കാരെ ക്ഷണിക്കുന്നതിൽ അത്യാൎത്തികൊള്ളുന്ന ഒരു ഗ്രന്ഥശാലയെ മാത്രമേ സൽക്കാരസന്നദ്ധമെന്നു വിളിക്കാവൂ. ഈ സൽക്കാരസന്നദ്ധതയാണ്, ഒരു ഗ്രന്ഥാലയത്തെ വലുതാക്കുന്നതു് അതിന്റെ ആകൃതിവലുപ്പമല്ല.

ഗ്രന്ഥസംഭരണം പ്രവൎത്തകന്റെ അഖണ്ഡശ്രദ്ധയെ അൎഹിക്കുന്ന ഒരു വിഷയമാണ്. സാങ്കേതികപരിശീലനത്തിന്റെ ഒരു പ്രത്യേകപ്രയോജനമാണ് ഇവിടെ അനുഭവപ്പെടാൻ പോകുന്നതു്. താൻ വാങ്ങിക്കുന്ന ഓരോ ഗ്രന്ഥവും പൊതുജനങ്ങളുടെ ഉപയോഗത്തിനാണെന്ന് അയാൾ ഓൎക്കണം. ജനതയുടെ ആവശ്യവും അഭിരുചിയും അറിഞ്ഞിരിക്കേണ്ടതു് ഇതിനപരിത്യാജ്യവുമാണ്. അവരുടെ അഭിപ്രായങ്ങളെ സമാദരിച്ചും, എന്നാൽ സ്വന്തം നിരീക്ഷണപാടവവും വിശകലനബുദ്ധിയും യഥാൎഹം പ്രയോഗിച്ചും നടത്തേണ്ട ഗ്രന്ഥസംഭരണം പ്രവൎത്തകന്റെ മാററുരച്ചുനോക്കുന്ന ഒരു നികഷംതന്നെയാണ്. "ഒരു വിഷയത്തെ അധികരിച്ചുള്ള എന്തെല്ലാം പുസ്തകങ്ങൾ വാങ്ങാൻതന്നാലാവുമെന്നു" വായനക്കാൎക്കു് രുചിക്കുന്നവ തിരഞ്ഞെടുക്കുന്നതെങ്ങനെയെന്നും, ചോദനം വ്യയത്തെ നീതീകരിക്കുന്നുണ്ടോ എന്നും, ആവശ്യം കഴിയുന്നതെപ്പോഴെന്നും ഏതു സമയത്തുമറിയാമെന്ന ഗ്രന്ഥശാല പ്രവൎത്തകൻ മാത്രമേ യഥാൎത്ഥത്തിൽ വിജയിയാകുന്നുള്ളൂ.

പുസ്തകങ്ങൾ തിരഞ്ഞെടുത്തു ശേഖരിക്കുന്നതിൽ ഏതെങ്കിലും ഒരു പ്രത്യേകതത്വത്തെ പ്രവൎത്തകൻ അംഗീകരിക്കണം. അതു് ഒരു നിയന്ത്ര

ണശക്തിയായി നിരന്തരം വൎത്തിക്കയുംവേണം. അധികൃതസ്ഥാനങ്ങളിൽനിന്നും പുറപ്പെടുന്ന സഹായഗ്രന്ഥലേഖകൾ (Printed Aids) ഗ്രന്ഥനിരൂപണം ചെയ്യുന്ന പത്രങ്ങൾ മാസികകൾ ഇവയുടെ സഹായം അവൎക്ക് ആവശ്യപ്പെടാവുന്നതാണ്. എന്നാൽ ഈ വിധത്തിലുള്ള സഹായം കേരളീയരായ നമുക്ക് വളരെക്കുറച്ച് മാത്രമേ ലഭിക്കുന്നുള്ളു. ഒരു ഗ്രന്ഥശാലാഡിപ്പാർട്ടുമെൻറ് കേരളത്തിൻെറ മൂന്നു വിഭാഗങ്ങളിലും ഇല്ല. ഒരു അഖിലകേരളസംഘടനയും നമുക്കു ഇന്നില്ല. ഗ്രന്ഥനിരൂപണം സാധാരണ എല്ലാ പത്രങ്ങളും നടത്താറുണ്ടെങ്കിലും അഭിലഷണീയമായ രീതിയിൽ ആ കൃത്യം നടത്തുന്ന പത്രങ്ങൾ എണ്ണത്തിൽ വളരെ വളരെ കുറവാണ്. ഏതദ്വിഷയകമായ നമ്മുടെ ദാരിദ്ര്യത്തെപററി പരിതപിക്കയേ ഇപ്പോൾ നിവൃത്തിയുള്ളു. എങ്കിലും ശുഭാശംസി ആയ ഒരു ഭാവി നമ്മെ കാത്തിരുപ്പുണ്ടെന്ന് പ്രതീക്ഷിക്കാവുന്നതാണ്. മേൽ പറഞ്ഞവയുടെ സഹായത്തോടുകൂടി ചുരുക്കമായി താഴെ വിവരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഗ്രന്ഥങ്ങൾ ശേഖരിക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു. ഗ്രന്ഥങ്ങൾ എപ്പോഴും ജീവിതത്തെ പുഷ്ടിപ്പെടുത്തുന്നതിനും സമ്പന്നമാകുന്നതിന്നു് ഉതകുന്നവയായിരിക്കണമെന്നും ഉള്ളതാണ് സൎവ്വപ്രധാനമായ കാൎയ്യം. പോഷകങ്ങളല്ലാത്ത ഗ്രന്ഥങ്ങൾ വാങ്ങുന്നത് ദുർവ്യയമായിരിക്കും. അതല്ലെങ്കിലും വിനോദത്തിനോ, വിജ്ഞാനത്തിനോ, പ്രചോദനത്തിനോ ഉപകരിക്കുന്നതായിരിക്കണം. ഓരോ ഗ്രന്ഥവും സമുദായത്തിലെ വിവിധവിഭാഗങ്ങളിലുള്ള സകലജനങ്ങൾക്കും നല്കുന്നതിനുള്ള ഗ്രന്ഥങ്ങൾ വാങ്ങേണ്ടതാണ്. സാഹിത്യം, കലാ, ശാസ്ത്രം, ചരിത്രം, ഭൂമിശാസ്ത്രം, പൎയ്യടനചരിത്രം, ജീവചരിത്രം, വേദാന്തം മുതലായ വിഷയങ്ങളിൽ വ്യക്തികൾക്കോ ചെറിയ ചെറിയ സംഘങ്ങൾക്കോ ഇഷ്ടമുള്ള ഗ്രന്ഥങ്ങൾക്ക് പുറമെ എല്ലാ ജാതി, മതം, തൊഴിൽ, കച്ചവടം, വ്യവസായം, രാഷ്ട്രം മുതലായവയെ പ്രതിനിധീകരിക്കുന്ന ഗ്രന്ഥങ്ങളും സംഭരിക്കേണ്ടകൂട്ടത്തിൽപെടുന്നു. എന്നാൽ ദോഷസങ്കലങ്ങളായ പുസ്തകങ്ങൾക്ക് അവയുടെയിടയിൽ കടന്നുകൂടുവാൻ ഇടം നല്കരുത്. പാഠപുസ്തകങ്ങൾ, നിയമപുസ്തകങ്ങൾ, വൈദ്യപുസ്തകങ്ങൾ, മുതലായവയിൽ പ്രമുഖപ്രസിദ്ധീകരണങ്ങൾ വാങ്ങുന്നതിൽ പ്രത്യേകം ശ്രദ്ധിക്കണം. വ്യക്തിഗതമായ പ്രതിപത്തിയേയോ നീരസത്തേയോ അടിസ്ഥാനപ്പെടുത്തി ഗ്രന്ഥശേഖരത്തെ ദൂഷിപ്പിക്കാൻ പാടില്ല. അതുപോലെതന്നെ വിദ്യാൎത്ഥികളുടെ ഔൽസുക്യത്തെ മററുള്ളവൎക്കുവേണ്ടി ബലികഴിക്കുവാനും പാടുള്ളതല്ല. ഉപയോഗപ്ര

ച്ചുരമായ ഒരു വില കുറഞ്ഞ പുസ്തകമാണ് ഉപയോഗവിരളമായ ഒരു വലിയ പുസ്തകത്തെക്കാൾ സ്വീകാൎയ്യമായിരിക്കുന്നത്. എന്നാൽ ലബ്ധപ്രതിഷ്ഠങ്ങളായ അമൂല്യഗ്രന്ഥങ്ങൾ വാങ്ങിച്ച് ശേഖരിക്കുന്നതിൽ ധനവ്യയത്തെ നിസ്സാരമായി ഗണിക്കണം.

പൂൎണ്ണതയ്ക്കായിട്ട് ഒരിക്കലും വിഷമിക്കരുത്. അത് മിക്കവാറും അസാദ്ധ്യംതന്നെയാണ്. ഓരോ വിഷയത്തിലും ഉത്തമങ്ങളായ ഗ്രന്ഥങ്ങൾ വാങ്ങിയാൽ മതിയാകും. കൂട്ടിച്ചേൎക്കൽ പിന്നീടും ആകാമല്ലോ. പഴയ ഗ്രന്ഥങ്ങളും പ്രസിദ്ധീകരണങ്ങളും എക്കാലത്തും വിലതീരാത്ത ശേഖരങ്ങൾതന്നെയായിരിക്കും. ഈ പറഞ്ഞവകൂടാതെ ശ്രദ്ധേയമായ ഒരു കാൎയ്യംകൂടിയുണ്ട്. വിശേഷിച്ചും കേരളീയർ പ്രത്യേകം മനസ്സ് ഇരുത്തേണ്ട കാൎയ്യമാണിത്. പുസ്തകങ്ങളുടെ ഉള്ളടക്കം മാത്രമുള്ള പുറവുംകൂടി ആകർഷകമായിരിക്കണമെന്നുള്ളത് നമ്മുടെ പ്രസിദ്ധീകരണശാലക്കാർ തീരെ വിസ്മരിച്ചിരിക്കുന്ന സംഗതിയാണ്. മനോഹരമായ കെട്ടും, മട്ടും, ഒരു ഗ്രന്ഥത്തെ വായനക്കാരന്റെ ദൃഷ്ടിയിൽ എത്രമാത്രം ഉയൎത്തുന്നു എന്നും പ്രത്യേകം പറഞ്ഞറിയിക്കണമെന്നില്ല. പുസ്തകത്തിന്റെ തിരഞ്ഞെടുപ്പിന് അനുപേക്ഷണീയമായ ഈ സംഗതിയിലും ഗ്രന്ഥശാലാപ്രവൎത്തകന്റെ അവലോകനബുദ്ധി ചെല്ലേണ്ടതാണ്. "സർ. സീ. വി. രാമൻ പറയുന്നു:—ഒരു ഗ്രന്ഥത്തിന്റെ വില അതിൽക്കൊണ്ടിരിക്കുന്ന വിജ്ഞാനത്തെ മാത്രമല്ല, അതിന്റെ മനോഹരവും ആകർഷകവുമായ നിൎമ്മാണരീതിയേയും ആശ്രയിച്ചിരിക്കുന്നു. ഗ്രന്ഥങ്ങൾകാണുവാനും വായിക്കുവാനും നന്നായിരിക്കണം." ഓരോപുസ്തകത്തിനും ഒരു വിധത്തിലല്ലെങ്കിൽ മറെറാന്നിൽ യോഗ്യത ഉണ്ടായിരിക്കണം. പ്രതിപാദ്യവിഷയം, ഗ്രന്ഥകൎത്താവിന്റെ യോഗ്യത, പ്രതിപാദനരീതി, പഴക്കം, നിൎമ്മാണഭംഗി(കടലാസ്സ്, അച്ചടി, ചിത്രങ്ങൾ, വിഷയാനുക്രമണിക, ബയന്റു മുതലായവ), വില, ഇവയിലോരോന്നിലും പ്രവൎത്തകൻ ശ്രദ്ധപതിക്കേണ്ടതാണ്. ഏതെങ്കിലും വിധത്തിൽ ഗ്രന്ഥശാലയ്ക്ക് അനുചിതമെന്ന് തോന്നുന്ന പുസ്തകം അയാൾ ഒരിക്കലും വാങ്ങുവാൻ പാടുള്ളതല്ല.

ഗ്രന്ഥങ്ങൾ സൂക്ഷിക്കേണ്ട രീതികളെപ്പററി ഒട്ടുവളരെ പറവാനുണ്ടെങ്കിലും ദൈൎഘ്യഭയത്താൽ തൽക്കാലം വിട്ടുകയെ തരമുള്ളു. അതിവിശിഷ്ടമായ ഒരു മാൎഗ്ഗം, അവയെ നിരന്തരം ഉപയോഗിച്ചുകൊണ്ടിരിക്കുക എന്നുള്ളതാണ്. പക്ഷെ ഇക്കാൎയ്യത്തിലും പ്രാണികളെക്കാൾ ഉപദ്രവകാരികളായ വായനക്കാർ ഉണ്ടെന്നുള്ളത് വിസ്മരിക്കാവുന്നതല്ല.

തന്റെ ചുററുമുള്ള ജനതയെ നല്ലവണ്ണം പഠിപ്പിക്കുന്നതിൽ പ്രവൎത്തകൻ ജാഗരൂകനായിരിക്കണമെന്ന് മുമ്പ് തന്നെ പറഞ്ഞിട്ടുണ്ടല്ലോ. വിപുലമായ സമുദായത്തെ ചുരുക്കമൊളുകളിൽകൂടി ഗുണമനുഭവിപ്പിക്കാൻ സാധിക്കുമെങ്കിൽ അതെത്രയും മഹത്തായ ഒരു കാൎയ്യമല്ലേ! "ഗ്രന്ഥശാല അതു ഉപയോഗിക്കുന്നവൎക്ക് മാത്രമല്ല, അവരുമായി ഇടപെടുന്നവൎക്കെല്ലാം പ്രയോജനപ്പെടുന്നു" എന്ന് ഒരു മഹാൻ പറഞ്ഞിട്ടുള്ളതു് ഒരു പരമാൎത്ഥം മാത്രമാണ്. സമുദായത്തിന്റെ യഥാൎത്ഥ ആവശ്യങ്ങളേയും ചോദനങ്ങളേയും തുലനം ചെയ്ത് കരണീയമെന്തെന്നു തീൎച്ചപ്പെടുത്തുവാനുള്ള സ്വാതന്ത്ര്യവും അവകാശവും പ്രവൎത്തകനുണ്ട്. അയാൾ ഒരു മാൎഗ്ഗദൎശിയായിരിക്കണം; പിൻഗാമിയായിരിക്കരുത്.

വിദ്യാഭ്യാസം നല്കുക എന്ന പ്രധാനകൃത്യത്തെ കവിഞ്ഞ് മററും ചില സേവനങ്ങൾ ഗ്രന്ഥശാലകൾക്ക് അനുഷ്ഠിക്കാൻ കഴിയും. നല്ല നല്ല ഗ്രന്ഥങ്ങൾ എഴുതുന്നതിനു കവികളേയും സാഹിത്യകാരന്മാരേയും പ്രോത്സാഹിപ്പിക്കുകയും തദ്വാരാ കൈരളിയെ പോഷിപ്പിക്കുകയും അവൎക്കു ചെയ്യാവുന്നതാണ്. ഗ്രന്ഥശാലകളുടെ വൎദ്ധനവു് സൽഗ്രന്ഥങ്ങളുടെ അനായാസപ്രചാരത്തിന് സഹായിക്കുന്നതിനാൽ അവ എഴുതിച്ച് പ്രസിദ്ധപ്പെടുത്തുന്നതിൽ പ്രസിദ്ധീകരണശാലക്കാരും ഉത്സാഹഭരിതരായിരിക്കും. സാഹിത്യപോഷണം സമുദായനന്മയ്ക്കും കാരണമാകുന്നതുകൊണ്ടു വിലോദനീയമായ പ്രസ്തുത പ്രസ്ഥാനത്തെ കഴിയുംവിധം അഭിവൃദ്ധിപ്പെടുത്തേണ്ടതും ഏവരുടേയും കടമയാണ്. ഇന്നത്തെ പല സാമുദായികാവശതകൾക്കും കാരണം പ്രത്യക്ഷമായോ പരോക്ഷമായോ പൊതു ഗ്രന്ഥശാലകളുടെ അഭാവമൊ, കാൎയ്യക്ഷമതയില്ലായ്മയോ, ആയിരിക്കുമെന്ന് ഒരു മാന്യൻ പറഞ്ഞതു് ഇവിടെ എനിക്കു ഓൎമ്മവരുന്നു. ഗ്രന്ഥാലയം ഒരു ഉദ്ധാരണാലയംകൂടിയായി വൎത്തിക്കാവുന്നതാണ്. ശുചീകരണം, സഹകരണം, വ്യവസായീകരണം മുതലായവയുടെ ഒരു കേന്ദ്രസ്ഥാനമായി അതിനെ രൂപീകരിക്കാവുന്നതാണ്.

നാനാവഴിക്കും വിജ്ഞാനരക്തം പ്രവഹിക്കുന്ന ഗ്രാമഹൃദയമായിട്ട് ഗ്രന്ഥശാലയെ കണക്കാക്കാം. അതു സമുദായത്തിന്റെ ഒരവിഭാജ്യഘടകവുമാണ്. വിദ്യാഭ്യാസത്തിന്റെ ബഹുമുഖമായ അഭിവൃദ്ധിക്കു ഗ്രന്ഥശാലാപ്രസ്ഥാനം അതിരററ സഹായം ചെയ്യുന്നുണ്ട്. വ്യവസായികശാലകളുടെ കാൎയ്യക്ഷമത വൎദ്ധിപ്പിക്കുവാനും, കുഴഞ്ഞുമറിഞ്ഞ നവീനലോകത്തി

ലെ സാമുദായികവും സാമ്പത്തികവുമായ പ്രശ്നങ്ങളെ നമ്മുടെ നാട്ടുകാർ മനസ്സിലാക്കിക്കൊടുക്കുവാനും, ആരോഗ്യവും ശുചീകരണവും സംബന്ധിച്ച നിയമങ്ങൾ അവരെക്കൊണ്ടു അനുസരിപ്പിക്കുവാനും, പൌരബോധത്തെ ഉണർത്തി അവരിൽ ചുമതലബോധം വരുത്തുവാനും തദ്വാരാ രാഷ്ട്രീയജീവിതത്തിന്റെ ഭാരമേറിയ ചുമതലകൾ വഹിക്കുവാനുള്ള ശേഷിയെ ഉണ്ടാക്കുവാനും, അതു സഹായിക്കുന്നു.

ഉൽകൃഷ്ടവും പരിശുദ്ധവുമായ ആനന്ദം നല്കുന്ന ഗ്രന്ഥശാലയെ ന്യായമായ വിധത്തിൽ ഉപയോഗിക്കുന്നതിൽ ഒരുത്തർക്കും അസ്വാതന്ത്ര്യം ഉണ്ടായിരിക്കരുതു്. അവർക്ക് നല്കപ്പെടുന്ന സൌകര്യങ്ങളായിരിക്കണം അതിന്റെ യശസ്സ്. കുബേരകുചേലഭേദത്തിന് അവിടെ ഇടം കൊടുക്കാവുന്നതല്ല. ഗ്രന്ഥാലയങ്ങൾ ഒരു ആഡംബരമാണെന്നു ചിലരുടെ തെററിദ്ധാരണയെ നീക്കംചെയ്യേണ്ടതു് അതിന്റെ കർത്തവ്യമാണ്. സമുദായത്തിന്റെ ഒരു പ്രതിഫലമാണ് ഗ്രന്ഥശാലയെന്ന് അവർക്ക് ബോദ്ധ്യമാകട്ടെ. 'സംസ്കാരത്തിന്റെ പാരമ്പര്യങ്ങളെ നിലനിർത്തുന്ന ഭാരം സർവ്വകലാശാലകൾക്കാണെങ്കിൽ ഗ്രന്ഥാലയങ്ങൾ അതിനുള്ള ഒരുത്തമമാർഗ്ഗമാകുന്നു. ആധുനികജീവിതത്തിലെ ഒരു അതിപ്രധാനമായ അഭിവൃദ്ധിമാർഗ്ഗമാണ് പുസ്തകങ്ങൾ. സത്യത്തെ അമർത്താനാകട്ടെ അസത്യത്തെ പരത്താനാകട്ടെ ഗ്രന്ഥശാലകൾ ഒരുങ്ങരുതു്,

ഒരു ഗ്രന്ഥാലയത്തിന്റെ പരമപ്രയോജനവും ജനങ്ങൾക്ക് ഉണ്ടാവണമെങ്കിൽ അതിലെ നിക്ഷേപത്തിന്റെ സുവ്യക്തവും ബഹുമുഖവുമായ ദർശനം അവർക്ക് നല്കേണ്ടതാണ്. അതിനുവേണ്ട പദ്ധതികൾ ഗ്രന്ഥശാലാപ്രവർത്തകൻ കാലേക്കൂട്ടിതന്നെ തയ്യാറാക്കുകയും തദനുസരണം പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം ഗ്രന്ഥാലയം ഗതാഗതമാർഗ്ഗം കുറവും സ്ഥലസൌകര്യം ധാരാളവും ഉള്ളതായ ഒരു നഗരംപോലെ ശേഷിക്കുന്നതാണ്.

പിന്നൊരു കാര്യമുള്ളതു ഗ്രന്ഥാലയത്തിന് അപരിത്യാജ്യമായി ഒരു പ്രത്യേകസംഘം വായനക്കാർ വേണമെന്നുള്ളതാണ്. സമുദായത്തിലെ ഭിന്നാഭിപ്രായക്കാരുടെ പ്രതിനിധികളായിരിക്കണം ഈ സംഘത്തിലെ അംഗങ്ങൾ. ഇവരെ തെരഞ്ഞെടുക്കുന്നതിൽ പ്രവർത്തകന്റെ ലോകപരിചയവും മനഃശ്ശാസ്ത്രപാണ്ഡിത്യവും പ്രത്യേകം പ്രയോജനപ്പെടുന്നതാണ്. ഇവരാണ് ഗ്രന്ഥാലയത്തിന് ഉണർവും ജീവനും നല്കേണ്ടവർ. ഇവർമു

ചാന്തിരം സമുദായത്തെ സേവിപ്പാൻ സമർത്ഥനായ ഒരു പ്രവർത്തകനു നിഷ്പ്രയാസം കഴിയുന്നതാണു്.

ഗ്രന്ഥശാലാപ്രസ്ഥാനത്തെപ്പററി അങ്ങിങ്ങായി ചിലതെല്ലാം പറഞ്ഞുകഴിഞ്ഞു. ഒരു വിഭാഗത്തെക്കുറിച്ചും പൂർണ്ണമായി പ്രതിപാദിച്ചിട്ടില്ല. ഓരോന്നിനേയും സ്പർശിച്ചുകൊണ്ടുപോകുകമാത്രമേ ഇവിടെ ചെയ്തിട്ടുള്ളു. എന്നാൽ പ്രസ്ഥാനവിഷയമായി പൊതുജനങ്ങളിൽ ഒരു അഭിപ്രായമങ്കുരിപ്പിക്കുവാൻ ഇതുമാത്രം മതിയാകുമെന്നു് ഞാൻ വിശ്വസിക്കുന്നു. ഇൻഡ്യയിൽതന്നെ പല രാജ്യങ്ങളിലും പ്രസ്തുതപ്രസ്ഥാനം അഭിവൃദ്ധിപ്പെട്ടുവന്നുകഴിഞ്ഞു. വിദ്യാഭ്യാസത്തിൻെറ മുന്നണിയിലെന്നഭിമാനിക്കുന്ന തിരുവിതാംകൂറിലും, കൊച്ചിയിലും, പ്രസ്ഥാനത്തിൻെറ ബാലകിരണങ്ങൾ വീശിത്തുടങ്ങുന്നതേയുള്ളു. എങ്കിലും അതു നിരാശയ്ക്കല്ലാ, ആശയ്ക്കാണു വഴികൊടുക്കുന്നതെന്നൊരു ആശ്വാസമുണ്ടു്. മലബാറിൽ ഏതദ്വിഷകമായിയാതൊരു സംരംഭവും കാണാത്തതു ശോചനീയമായിരിക്കുന്നു.

ചോളം.

(എൻ. സി. മാമ്മൻ.)

മെല്ലിൻസ്ഫുഡ്, കെമിക്കൽഫുഡ്, ഹോർലിക്സ്, മാൾട്ടഡ്മിൽക്ക്, ഗ്രേപ്പ്നട്ട്സ്, ഫോൾസ് ആൻഡിമാൾട്ട്, എക്സ്ട്രാകററ് മുതലായി പലമാതിരി പഥ്യാഹാരങ്ങളെക്കുറിച്ചു് കേട്ടിട്ടുണ്ടല്ലൊ. ഇവയെല്ലാം വ്യവസായശാലകളിൽവച്ചുതന്നെ രസപ്രയോഗങ്ങളെക്കൊണ്ടു് വൈദ്യശാസ്ത്രാനുസരണം പാകപ്പെടുത്തപ്പെട്ടിരിക്കുന്നവയാകയാൽ രോഗികൾക്കും ശിശുക്കൾക്കും ദഹനേന്ദ്രിയങ്ങൾക്കു ബലക്ഷയമുള്ളവൎക്കും പെട്ടെന്നു ദഹിച്ചു രക്തത്തോടു ചേർന്നുകൊള്ളുന്നു. ഇവയുടെ എല്ലാം അടിസ്ഥാനം സാധാരണ ബാർലി കുരുപ്പിച്ചെടുക്കുന്ന ഒരുതരം മാവാകുന്നു. എന്നാൽ തെക്കെ ഇൻഡ്യയിൽ നീലഗിരി മലകളിൽ ഏതാനും ഏക്കർ സ്ഥലത്തല്ലാതെ ബാർലി കൃഷിചെയ്യപ്പെടുന്നില്ല.

ബാർല്ലിക്കു പകരമായി ഈ ആവശ്യത്തിലേക്കു് വേറൊന്നു് കണ്ടുപിടിക്കുന്നതിന്നായി മദ്രാസു കൃഷിവകുപ്പുകാർ അനേകപരീക്ഷണങ്ങൾ തുടരെ നടത്തിയതിൻെറ ഫലമായി ചോളം ഈക്കാൎയ്യത്തിനു നന്നാണെന്നു അറി

ഞ്ഞിരിക്കുന്നു. ഇതിലേക്ക് ഗവൎമ്മെൻറു കാൎഷികരസതന്ത്ര വിദഗ്ദ്ധൻ മി. ബി. വിശ്വനാഥൻ ചെയ്തിട്ടുള്ള തീക്ഷ്ണപരിശ്രമങ്ങൾ ഗവൎമ്മെൻറിന്റേയും പൊതുജനങ്ങളുടേയും സവിശേഷമായ അഭിനന്ദനങ്ങളെ അൎഹിച്ചിട്ടുണ്ട്. ജാഗ്രതാപൂൎവ്വമായ ശാസ്ത്രീയപൎയ്യവേക്ഷണങ്ങൾമൂലം അദ്ദേഹം കണ്ടുപിടിച്ചതു് ലോകോപകാരപ്രദമാണെന്നു് പ്രായോഗികദൃഷ്ടാന്തങ്ങളാൽ സമൎത്ഥിക്കുകയും പൊതുജനോപകാരാൎത്ഥം ലഘുപത്രികകൾമൂലം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

ചോളം തെക്കെ ഇൻഡ്യയിൽ ധാരാളമായി കൃഷിചെയ്യപ്പെട്ടുവരുന്നതാകയാൽ എല്ലാ നിലയിലുള്ളവൎക്കും സുലഭമാകുന്നു. അല്പം ശ്രമപ്പെട്ടാൽ ഏതുഭവനത്തിലും അതിൽനിന്നു് കുരുപ്പുമാവു് എടുക്കാവുന്നതാണു്. ഇതിനായി പ്രത്യേകം യന്ത്രസാമഗ്രികളൊന്നും ആവശ്യമില്ല.

ഒരു ചെറിയ മൂലധനം മുടക്കുന്നതിനു സന്നദ്ധരായവൎക്കു് വ്യവസായപരമായ ഒരു വലിയതോതിൽ മാവെടുക്കുന്നതിനു് സാധിക്കുന്നതാണു്. ഇൻഡ്യയുടെ ഏതൽക്കാലസാമ്പത്തികവൈഷമ്യങ്ങളെ പരിഹരിക്കുന്നതിനുള്ള പല പരിശ്രമങ്ങൾക്കു് ഇതും ഒരു സാഹായ്യമായിരിക്കും. ചോളത്തിൽനിന്നും അശക്തൎക്കും ശിശുക്കൾക്കും പററിയരീതിയിലുള്ള ആഹാരം ചമയ്ക്കുന്നതിനുള്ള മാൎഗ്ഗത്തെപ്പററി ലഘുവായ ഒരു വിവരണം താഴെ ചേൎക്കുന്നു.

അധികം പഴക്കമില്ലാത്തതും നല്ല വലിപ്പത്തിലും ആകൃതിയിലുമുള്ള ചോളവിത്തു് കേടില്ലാത്തതു നോക്കി തെരഞ്ഞെടുത്തു ഒരു പാത്രത്തിൽ ഇട്ടു് നികക്കെ വെള്ളം ഒഴിക്കുക. ഒരു രാത്രിയും പകലും മുഴുവൻ വെള്ളത്തിൽ ഇട്ടേക്കുന്നതിനിടയ്ക്കിടെയായി നാലുപ്രാവശ്യം കഴുകിവാരി വെള്ളം മാററി പുതുതായി ഒഴിക്കണം. വെള്ളത്തിൽ പൊങ്ങിവരുന്ന കേടും കരടും എല്ലാം എടുത്തുകളയണം. കുതിൎത്തശേഷം ഒരു ഇരുട്ടുമുറിയിൽ തണുപ്പുള്ള സ്ഥലത്തു കൂട്ടിവച്ചു് അതിന്റെ മുകളിൽ ഒരു നനഞ്ഞമുണ്ടുകൂടി വിരിച്ചേക്കണം. ഉഷ്ണകാലത്താണു് ഇതു നടത്തുന്നതെങ്കിൽ പെട്ടെന്നു് വെള്ളം മുഴുവൻ വററിപ്പോയി ഉണങ്ങാതെ ഇരിക്കത്തക്കവണ്ണം ശ്രദ്ധയായിരിക്കണം. മുളച്ചുതുടങ്ങുന്നതുവരെ ആ സ്ഥിതിയിൽ ഇട്ടേക്കണം. അപ്പോൾ എടുത്തു ഒരു നല്ലപായിൽ ചിക്കിനിരത്തണം. ഇടയ്ക്കിടെ കുറേശ്ശ വെള്ളം തളിച്ചുകൊടുക്കണം.

അന്തരീക്ഷത്തിലെ ചൂടിന്റെ ആധിക്യംകൊണ്ടു് പെട്ടെന്നു മുളപ്പു നടക്കുന്ന പക്ഷം വിത്തിലുള്ള ചില പോഷകസാധനങ്ങൾക്കു (കാർബോ

ഹൈഡ്റേററ്സ്) വലുതായ നഷ്ടം ഉണ്ടാകുന്നതാണ്. അതിനാൽ ഈ പദ്ധതികൾ പൊതുവെ തണുപ്പുകാലത്തു നടക്കുന്നതാണ് കൂടുതൽ ബുദ്ധിപൂർവ്വകമായിരിക്കുന്നതു്.

മുളകൾ മുക്കാലിഞ്ചു നീളമായാൽ ഉടൻ വിത്തു തണലിൽ വാരിയിട്ടു അറുമണിക്കൂറിൽകുറയാതെ കാററിൽ ചിക്കിഉണക്കണം. പിന്നീട്ടു നല്ലവണ്ണം ഉണങ്ങുന്നതുവരെ വെയിലിൽതന്നെ ഉണക്കണം. കൂടുതൽ ഉണങ്ങിയാൽ വിത്തിൽ ചില ഘടനാഭേദഗതികൾ ഉണ്ടായി പാചകം നടക്കുന്നതാണ്. ഇടയ്ക്കിടെ ഇളക്കി ഇട്ടുകൊണ്ടിരിക്കണം. നിറം മാറിത്തുടങ്ങുമ്പോൾ വിത്തു് ഒരു ചാക്കിൽവാരി എടുത്തു് കൂട്ടിത്തിരുമ്മി മുള എല്ലാം കളയണം. ഉണങ്ങിയ വിത്തിൽ അസാരം വെള്ളംതളിച്ചു് ഉരലിൽ കുത്തിയും മുളയും പുറംതൊലിയും എല്ലാം കളയാം. മുളയിരുന്നാൽ ഒരു ദുസ്സ്വാദു് ഉണ്ടാകുന്നതാണ്. ഉമിയുംമററുംകളഞ്ഞു് വൃത്തിയാക്കിയ ധാന്യം അല്പമായി ചെറുചൂടുകൊടുത്തു് നിറം മാറിത്തുടങ്ങുന്നതുവരെ വറുത്തു കാപ്പിക്കുരു പൊടിക്കുന്ന ചെറിയ യന്ത്രത്തിലൊ തിരുകല്ലിലൊ കല്ലുരലിലൊ വച്ചു പൊടിക്കണം. വലിയതോതിൽ വറത്തെടുക്കുന്നവർ പൊടിക്കുന്നതിനു വലിയ ഉപകരണങ്ങൾ ഉപയോഗിക്കുന്നു. മാവു ചെറിയ ദ്വാരങ്ങളുള്ള അരിപ്പയിലോ മസ്ലിനിലോ അരിച്ചെടുക്കണം. ഇതിൽ ഏററവും നിർമ്മലമായി ആദ്യം കിട്ടുന്ന മാവിനോടുകൂടി ഇരട്ടിക്കൂവപ്പൊടികൂടെ വേണമെങ്കിൽ ചേർക്കാവുന്നതാണ്.

രണ്ടാംതരം മാവിൻെറകൂടെ അത്രയും കൂവപ്പൊടികൂടെ ചേർക്കുന്നു. തരങ്ങഴിയായി പൊടിയാതെവരുന്നത് കോഴിക്കും കന്നുകാലികൾക്കും തീററി കൊടുക്കാൻ ഏററം നല്ലതാണ്.

മാവെടുത്താൽ കാററുകൊള്ളിക്കാതെ കുപ്പികളിലൊ മറെറാ ആക്കി സൂക്ഷിക്കണം.

ചൂടുവെള്ളത്തിൽതന്നെ കലക്കി പാലുംചേർത്തു കഞ്ഞിയാക്കി രുചിക്കും ഹിതത്തിനും അനുസരിച്ചു പഞ്ചസാരയും ചേർത്തു് ഉപയോഗിക്കാവുന്നതാണ്.

ഈ മാവു പാകംചെയ്തു എടുത്തിട്ടുള്ളതാകയാൽ വീണ്ടും പാകം ചെയ്യണമെന്നു നിർബന്ധമില്ല. അതു ഹിതാനുസരണം ചെയ്യാവുന്നതാണ്. മററു് ആഹാരസാധനങ്ങളോടുകൂടി ചേർത്തു ഇതുപയോഗിക്കുന്നു. അശക്തർക്കും ശിശുക്കൾക്കും ഇതു ദഹനശക്തിയെ വധിപ്പിക്കുകയും ശരീരത്തെ പോഷിപ്പിക്കുകയും ചെയ്യുന്നു.

തിരുവിതാംകൂറിലെ കൃഷിപരിഷ്കാരം.

കാർഷികബോർഡു നിർദ്ദേശങ്ങൾ.

ദിവാൻ നവാബ് സർ മഹമ്മദ് ഹബീബുള്ളായുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ച കാർഷികബോർഡ് സമ്മേളന നടപടികൾ.

പല സബ്കമ്മിററികളുടേയും റിപ്പോർട്ടുകൾ വായിച്ചു പാസാക്കി. അവയിലെ പ്രധാന സംഗതികൾ താഴെച്ചേർക്കുന്നു.

കരിമണ്ണ്.

തിരുവിതാംകൂറിൽ ഏകദേശം മുപ്പതിനായിരം ഏക്കർ സ്ഥലം കരിനിലങ്ങളുണ്ട്. നെൽകൃഷിയുടെ വർദ്ധനവിന്, ഈ കരിനിലങ്ങളുടെ ഗുണം ശാസ്ത്രീയമായ വിധത്തിൽ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കേണ്ടതാവശ്യമാണ്. അതിനായി പുറക്കാട്ട് എന്ന സ്ഥലത്തുണ്ടായിരുന്ന കരിമണ്ണുപര്യവേഷണശാല പുനർജ്ജീവിപ്പിക്കുവാൻ തീരുമാനിച്ചു. വെള്ളപ്പൊക്കമുണ്ടാകുമ്പോൾ തോടുകളിൽനിന്നും കായലുകളിൽനിന്നും കരിനിലങ്ങളിലേക്കു വെള്ളം ഒഴുകത്തക്കവണ്ണം, തോടുകളും കരിനിലങ്ങളെ തൊട്ടുകിടക്കുന്ന കായൽപ്രാന്തങ്ങളും കുഴിച്ചു വീതികൂട്ടുന്നതിനു തീർച്ചപ്പെടുത്തി.

കൃഷിവകുപ്പിന്റെ പരിധി വികസിപ്പിക്കുന്നു.

അടുത്തതായി സമർപ്പിക്കപ്പെട്ട സബ്കമ്മിററിയുടെ റിപ്പോർട്ടിൽ, കൃഷിവകുപ്പിന്റെ പരിധികൾ വികസിപ്പിക്കുന്നതിനെപ്പററി, പര്യവേഷണം, നെൽകൃഷി, തെങ്ങുകൃഷി, കരിമ്പുകൃഷി, പുകയിലകൃഷി, കൃഷിസാമഗ്രികൾ, കന്നുകാലിത്തരങ്ങൾ, പ്രചരണവേലകൾ, വിദ്യാഭ്യാസം, മൃഗചികിത്സ, മത്സ്യവ്യവസായം എന്നിങ്ങനെ പല ഇനങ്ങളായി, തരം തിരിച്ചു പ്രതിപാദിച്ചിരുന്നു.

സെൻട്രൽ ഫാറം.

സകലവിധമായ കൃഷികളും സംബന്ധിച്ച് ശാസ്ത്രീയപരീക്ഷണനിരീക്ഷണങ്ങൾ നടത്തുന്നതിനായി, കോയമ്പത്തൂരിലും, തൃശ്ശൂരിലുംമററും ഉള്ളതുപോലെ, തിരുവനന്തപുരത്തിനു സമീപം ൭൦൦ ഏക്കർ സ്ഥലമെടുത്ത് ഒരു കേന്ദ്രകാർഷികമാതൃകാസങ്കേതം (സെൻട്രൽഫാറം) സ്ഥാപിക്കുന്നതിനു, നിശ്ചയിച്ചു. ഇവിടെ ഒരു പര്യവേഷണശാലയും (റിസേർച്ചു ലാബറട്ടറി)യും സ്ഥാപിക്കുന്നതാണ്. പരീക്ഷണാർത്ഥം ൩ പ്രത്യേകസ്ഥല

ങ്ങളിൽ നല്ല നെല്ലുതരങ്ങൾ, തിരിഞ്ഞു വളർത്തണമെന്നും ഇരണിയിലെ മാതൃകാഫാറം പുനർജ്ജീവിപ്പിക്കണമെന്നും നിശ്ചയിച്ചു.

തെങ്ങുകൃഷി.

തെങ്ങുകൃഷിയുടെ അഭിവൃദ്ധിക്കുവേണ്ടി ഏർപ്പാടുകൾ നടപ്പിലാക്കുന്നതിനായി സിലോണിലെപ്പോലെ ഇവിടെ ഒരു നാളികേരബോർഡ് ഏർപ്പെടുത്തുന്നതിനു തീരുമാനിച്ചു. ഇതിൽ ഏതാനും ഉദ്യോഗസ്ഥന്മാരും ഭൂരിപക്ഷം അനുദ്യോഗസ്ഥന്മാരും അംഗങ്ങളായിരിക്കും. വിദേശങ്ങളിൽനിന്ന് ഇൻഡ്യയിലേക്കിറക്കുമതിചെയ്യപ്പെടുന്ന നാളികേരോല്പന്നങ്ങൾക്ക് ഇറക്കുമതിച്ചുങ്കം ചുമത്തുന്നതിനു വേണ്ട പരിശ്രമങ്ങൾ നടത്തുന്നതിനു തിരുവിതാംകൂർ ഗവൺമെൻറിനോടപേക്ഷിക്കുന്നതിനും തീരുമാനിച്ചു.

കരിമ്പുകൃഷി.

കൂടുതൽ നീരുകിട്ടുന്ന നല്ലതരം കരിമ്പുകൾ, ഇവിടെ കൃഷിചെയ്യു നടപ്പിലാക്കുന്നതിനായി മദ്ധ്യതിരുവിതാംകൂറിൽ എവിടെയെങ്കിലും ൫൦ ഏക്കർ സ്ഥലമെടുത്ത് ഒരു മാതൃകാകരിമ്പിൻതോട്ടവും ശാസ്ത്രീയപര്യവേഷണസങ്കേതസ്ഥലവും സ്ഥാപിക്കണമെന്നു തീർച്ചപ്പെടുത്തി.

പുകയിലകൃഷി.

തിരുവിതാംകൂറിൽനിന്നു പുകയിലയ്ക്കായി പ്രതിവർഷം ധാരാളം പണം അന്യരാജ്യങ്ങളിലേക്ക് പോകുന്നതിനെ തടയുന്നതിനായി, തിരുവിതാംകൂറിൽ പുകയിലകൃഷിക്ക് കൊള്ളാവുന്ന സ്ഥലങ്ങളിൽ പുകയില കൃഷി നടത്തുവാൻ അനുവാദം നല്കണമെന്നു കാർഷികബോർഡു ഗവൺമെൻറിനോടു നിർദ്ദേശിക്കുന്നു.

കന്നുകാലിത്തരങ്ങൾ.

വെളിയിൽനിന്നു നല്ല കന്നുകാലിത്തരങ്ങളെ കൊണ്ടുവന്നും, ഇവിടെയുള്ള നല്ല കന്നുകാലിത്തരങ്ങളെ തെരഞ്ഞെടുത്തും പൊതുവേ നമ്മുടെ നാട്ടിലെ കന്നുകാലിത്തരങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനു വേണ്ട പ്രായോഗിക പരീക്ഷണങ്ങളും നടപടികളും മററും നടത്തുന്നതിലേക്കു തിരുവനന്തപുരത്ത് ഒരു കന്നുകാലിഫാറം സ്ഥാപിക്കണമെന്നുള്ള നിർദ്ദേശവും കാർഷികബോർഡുയോഗത്തിൽ പാസ്സാക്കി.

കാർഷികവിദ്യാഭ്യാസം.

കൊട്ടാരക്കരയിലും കോന്നിയിലുമുള്ള കൃഷിപാഠശാലകൾ സ്ഥിരമാക്കുന്നതിനും അവിടുത്തെ പഠനരീതി ഉയർത്തുന്നതിനുമുള്ള നിശ്ചയം കാർഷികബോർഡ് സ്വീകരിച്ചു.

മൃഗചികിത്സ.

നെയ്യാററിൻകരയും പറവൂരുമുള്ള മൃഗചികിത്സാ ഡിസ്പെൻസറികൾ മൃഗാശുപത്രികളായി രൂപാന്തരപ്പെടുത്തുന്നതാണു്. അന്യരാജ്യങ്ങളിൽനിന്നു ദീനം പടിച്ചു കന്നുകാലികളെ ഇങ്ങോട്ടിറക്കുമതി ചെയ്യാതിരിക്കത്തക്കവണ്ണം അതിർത്തികളിൽ വേണ്ട കാവലും പരിശോധനയും ഏർപ്പെടുത്തണം.

കാർഷിക കുടിയേററം.

ആലുവാ, കൊട്ടാരക്കര, കോന്നി എന്നീ സ്ഥലങ്ങളിൽ പഠിച്ചിറങ്ങിയ ൨൦൦ കർഷകവിദ്യാർത്ഥികൾ ഇപ്പോൾ തൊഴിലില്ലാതെ നില്പുണ്ടു്. സഹകരണപ്രസ്ഥാനം മാതൃകയനുസരിച്ചു കൃഷി നടത്താൻ അവർക്കു സ്ഥലം കൊടുക്കേണ്ടതാണെന്നുമുള്ള നിർദ്ദേശം സ്വീകരിച്ചു.

കൃഷിവായ്പകൾ.

൨൦൦ രൂപയിൽ താഴെയുള്ള കൃഷിവായ്പകൾ രക്തമായ ജാമ്യത്തിൽ കൊടുക്കുവാൻ കൃഷിമത്സ്യവ്യവസായഡയറക്ടർക്ക് അധികാരം നൽകണമെന്നും, പുഞ്ചകൃഷി വായ്പയുൾപ്പെടെ എല്ലാ കൃഷിവായ്പകൾക്കും മൂന്നരശതമാനത്തിൽകൂടാതെയുള്ള പലിശ നിശ്ചയിച്ചാൽ മതിയാകുമെന്നും, കൃഷിവായ്പയിനത്തിലേക്കു് ഇപ്പോൾ പ്രതിവർഷം അനുവദിച്ചിരിക്കുന്ന ൨ ലക്ഷം രൂപാ തീരെപ്പോരായെന്നും അതു ൩ ലക്ഷമാക്കണമെന്നുമുള്ള സബ്കമ്മിററി നിർദ്ദേശങ്ങൾ കാർഷികബോർഡു സ്വീകരിച്ചു.

(തിരുവിതാംകൂർ കൃഷിമത്സ്യവ്യവസായഡിപ്പാർട്ടുമെൻറു്, ലഘുപത്രിക നമ്പർ ൨൫൪.)

മഞ്ഞൾ ഉണക്കി തയ്യാറാക്കേണ്ടവിധം.

മഞ്ഞൾകൃഷി വളരെ ആദായകരമായ ഒരു തൊഴിലാണു്. എന്നാൽ മഞ്ഞൾ അവിച്ചുണക്കി പാകപ്പെടുത്തി എടുക്കുന്ന സമ്പ്രദായത്തെ സംബന്ധിച്ചു യാതൊരു അറിവുമില്ലാത്തതുകൊണ്ടു് ഈ രാജ്യത്തു് മഞ്ഞൾകൃഷി വളരെ കുറവായിട്ടേ കാണുന്നുള്ളു. കൃഷിചെയ്യുന്നവർതന്നെ വളരെ കുറച്ചുസ്ഥലത്തുമാത്രമേ ഈ വിളവിറക്കുന്നുള്ളു. ഇങ്ങനെ കൃഷിചെയ്തുകിട്ടുന്ന വിളവു വളരെ കുറഞ്ഞവിലയ്ക്കാണു് അവർ വിററുവരുന്നതു. പച്ചമഞ്ഞൾ അതിൻെറ തൂക്കം നഷ്ടപ്പെടാതെയും ചീത്തയാകാതേയും ഏറെനാൾ സൂക്ഷിക്കാൻ സാദ്ധ്യവുമല്ല. അതുതന്നെയാണു് കൃഷിക്കാർ കിട്ടുന്നവിലയ്ക്കു വിളവെടുക്കുന്നകാലത്തു അതിനെ വിററുകളയുന്നതിൻെറ കാരണം. കൃഷി

ക്കാരനു മഞ്ഞൾ ഉണക്കി സൂക്ഷിക്കാൻ അറിയാമെങ്കിൽ അതു പാകപ്പെടുത്തി നല്ല വിലകിട്ടുന്ന കാലത്തു വിററു കൂടുതൽ ആദായം സമ്പാദിക്കാൻ കഴിയുന്നതാണു്. കേടുവരാതെ പാകപ്പെടുത്തി സൂക്ഷിക്കാൻ അറിഞ്ഞാൽ സ്വദേശത്തുതന്നെ ചെലവാകാത്തപക്ഷം വിദേശങ്ങളിലയച്ചു വില്പാനും സൌകര്യമുണ്ടു്.

പാകപ്പെടുത്തുന്നവിധം. മഞ്ഞൾ കിളച്ചെടുത്തുകഴിഞ്ഞാൽ വിത്തിനായി അവയിൽ ഏററവും നല്ല കിഴങ്ങുകൾ തിരിഞ്ഞെടുത്തിട്ടു് ശേഷമുള്ളതിന്റെ അഴുക്കും ചെളിയും പന്നവേരുകളും കളഞ്ഞതിൽപിന്നേയാണു് അവയെ അവിച്ചു പാകപ്പെടുത്തേണ്ടതു്.

അവിക്കാനുള്ള പാത്രം അടുപ്പത്തുവച്ചു് ഏകദേശം മദ്ധ്യഭാഗത്തായി ചെറിയകമ്പുകൾകൊണ്ടു് ഒരു തട്ടുപോലെയുണ്ടാക്കി അതിന്മേൽ മഞ്ഞൾ ചെടിയുടെ ഉണങ്ങിയതോ പച്ചയോ ആയ ഇലകൾ നിരത്തണം. അതിന്മേൽ മേല്പറഞ്ഞപ്രകാരം വൃത്തിയാക്കിയ മഞ്ഞൾ ഇടുക. പാത്രത്തിന്റെ വക്കിൽനിന്നു മൂന്നിഞ്ചുതാഴെവരെ നിറഞ്ഞാൽ നികക്കെ വെള്ളമൊഴിച്ചു മഞ്ഞൾചെടിയുടെ ഇലകൾകൊണ്ടുതന്നെ അതിനെ മൂടണം. പിന്നീടു് ആവിപുറത്തുപോകാതെ ഇരിക്കത്തക്കവണ്ണം ആ പാത്രം അടച്ചു ശീലമൺചെയ്തു് സാവധാനത്തിൽ തീയെരിച്ചു തിളപ്പിക്കണം. മൂന്നുമുതൽ നാലുമണിക്കൂർ വരെ ഇങ്ങനെ തീയിട്ടതിനുശേഷം തണുക്കുന്നതുവരെ പാത്രം അടുപ്പിൽതന്നെ വെക്കേണ്ടതാണു്. തണുത്താൽ ശീലമൺചെയ്ത അടപ്പുമാററി വെള്ളം വാർത്തുകളഞ്ഞു മഞ്ഞൾ വെയിലുള്ള സ്ഥലത്തു നിരത്തിയിടണം. രണ്ടാഴ്ച ഈവിധം ഉണക്കേണ്ടതാണു്. രാത്രികാലങ്ങളിൽ മഞ്ഞുതട്ടാതിരിക്കാൻ മഞ്ഞൾ നീക്കിക്കൂട്ടി പായോ ഓലയോ ഇട്ടുമൂടേണ്ടതാണു്. പകൽ വെയിലേററു ഉണങ്ങുന്നതിനിടയ്ക്കു് രണ്ടുമൂന്നുതവണ ഇളക്കിചിക്കണം. നല്ലവണ്ണം ഉണങ്ങിയമഞ്ഞൾ പരുത്ത കല്ലുപാകിയ തറയിൽ വാരിയിട്ടു് (കാലുകൊണ്ടു്) ചവുട്ടിത്തിരുമ്മി പുറംതൊലികളയേണ്ടതാണു്.. അപ്പോഴേക്കും അതിനു നാം കടയിൽനിന്നുംവാങ്ങുന്ന മഞ്ഞളിന്റെ നിറം കാണപ്പെടും. അതോടുകൂടി (മഞ്ഞൾവില്പാനയയ്ക്കത്തക്ക നിലയിലായിത്തീരുന്നു.) മഞ്ഞളിന്റെ പാകക്രമമെല്ലാം പൂർത്തിയാകുന്നു.

വാൎത്തകളും കുറിപ്പുകളും.

പാമ്പിൻവിഷം.

ബോംബയിലെ "ഹാഫ്കിനി" ഇൻസ്റ്റിറ്റ്യൂട്ടിൽ" ഇൻഡ്യയുടെ നാനാഭാഗങ്ങളിൽനിന്നു പലതരം പാമ്പുകളെ വരുത്തി, ഡോക്ടറന്മാർ ശാസ്ത്രീയസമ്പ്രദായങ്ങൾമൂഖേന അവയുടെ വിഷമെടുത്തു്, വിഷശമനത്തിനുള്ള ഔഷധം തയാറാക്കിവരുന്ന വിവരം മിക്കവൎക്കും അറിവുള്ളതാണല്ലൊ. ഇക്കഴിഞ്ഞ ഒരുദിവസംതന്നെ ഹാഫ്കിനി ഇൻസ്റ്റിറ്റ്യൂട്ടിൽ, മദ്രാസിൽനിന്നു്, വിഷംകൂടിയ ൪൦ പാമ്പുകൾ, ൩ ചെറിയ മരപ്പെട്ടികളിലായി ഭദ്രമായി അടച്ചുപൂട്ടി, വന്നുചേരുകയുണ്ടായി. പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിൽ അനേകം പാമ്പുകളെ ഇരുമ്പുവലയിട്ടു് അടച്ച കൂടുകളിൽ വളൎത്തിവരുന്നു. ചത്ത എലികളെയാണു് ഇവയ്ക്കു തീററിയായി കൊടുക്കുന്നതു്. ചിലതരം പാമ്പുകൾ ചത്ത എലികളെ തിന്നുകയില്ല. ചിലതിനു എലികളെ മുഴുവനായി കിട്ടണം. മററുചിലതു ചത്ത എലികളെ ചെറിയ കഷണങ്ങളായി നുറുക്കിക്കിട്ടിയെങ്കിലെ തിന്നുകയുള്ളു. വേറെ ചില പാമ്പുകൾ മാംസം തൊടുകയെ ഇല്ല.

ഇവയുടെ വിഷം മഞ്ഞനിറത്തിൽ ഏകദേശം വെണ്ണനെയ്പോലെയിരിക്കും. മൂൎഖൻപാമ്പിൻെറ വിഷത്തിനു കട്ടി കൂടിയിരിക്കും. ഒരു പാമ്പിൻെറ വിഷപ്പല്ലിൽനിന്നു ൨൦ മുതൽ ൨൫ തുള്ളിവരെ വിഷം കിട്ടും. ഇതു എടുക്കുന്നതിനിടയിൽ, ശരീരത്തിലെങ്ങും പുരളാതെയിരിക്കുന്നതിനു പ്രത്യേകം സൂക്ഷിക്കേണ്ടതാവശ്യമാണു്. ദേഹത്തിൽ എവിടെയെങ്കിലും തൊലി പൊട്ടിയ പോറലൊ മുറിവൊ ഉണ്ടെങ്കിൽ, അവിടെയെങ്ങാനും യാദൃച്ഛികമായി ഈ വിഷമയം പുരളാനിടയായാൽ അപകടമാണു്. ഇങ്ങനെ പാമ്പുകളിൽനിന്നു് വിഷം എടുത്തു് സജ്ജീകരിക്കുന്നപക്ഷം, പാമ്പുകടിമൂലം വിഷമേല്ക്കുന്നവൎക്കു സിദ്ധൌഷധമാണെന്നു പറയപ്പെടുന്നു. കാൻസർ (അൎബ്ബുദ) രോഗശമനത്തിനും ഇതു പററിയ മരുന്നാണത്രെ. ഇതിനു് ഒരു ഗ്രാമിനു് ൨൫ രൂപ വിലയാണു്. അന്യരാജ്യങ്ങളിൽനിന്നു് പല ഗവൎമ്മെൻറുകളും ഔഷധവ്യവസായശാലക്കാരും മററുപലരും ഈ വിഷത്തിനു ധാരാളം ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നതിനാൽ, ആവശ്യക്കാൎക്കെല്ലാം വി

ല്പനനടത്തുവാൻ മാത്രം വിഷം ഇവിടെ ഉണ്ടാക്കാൻ സാധിക്കുന്നില്ലെന്നു ഹാഫ്കിനി ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രധാന ഉദ്യോഗസ്ഥൻ അസോഷ്യേററഡ് പ്രസ്സ് പ്രതിനിധിയോട്ട് പ്രസ്താവിക്കുകയുണ്ടായി. പാമ്പുകടിക്കു നാട്ടുവൈദ്യന്മാർ ചെയ്തുവരുന്ന മരുന്നുകൾ മിക്കവാറും നിഷ്പ്രയോജനങ്ങളാണെന്നും അത്തരം ൩൦൦ മരുന്നുകൾ ഈ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രയോഗിച്ചുനോക്കിയതിൽ അവയൊന്നും ഫലപ്രദമായിക്കണ്ടില്ലെന്നും പിന്നെ നാട്ടുവൈദ്യന്മാർ പാമ്പുകടിയേററ ചിലരെ സുഖപ്പെടുത്തുന്നതിനായി തോന്നുന്നതെന്തുകൊണ്ടാണെന്നുവച്ചാൽ, പാമ്പിൻെറ കടി ശരിയായി ഏല്ക്കാത്തതുകൊണ്ടു മാത്രമാണെന്നു ഹാഫ്കിനി ഇൻസ്റ്റിറ്റ്യൂട്ടിലെ ഉദ്യോഗസ്ഥൻ പത്രപ്രതിനിധിയോടു പ്രസ്താവിച്ചു.

* * * * *

കോഴിവളർത്തൽ.

കൊച്ചി ഒല്ലൂക്കര സെൻട്രൽ ഫാറത്തിൽ കോഴി വളർത്തലും ആടുവളർത്തലും നടപ്പിലാക്കണമെന്നു കൃഷി, പരസ്പരസഹായം മുതലായ വകുപ്പുകളുടെ ഉപദേശകസമിതി ഒരു പ്രമേയം പാസ്സാക്കിയിരുന്നു. പരസ്പരസഹായവകുപ്പിൽ അടുത്ത കൊല്ലം രാമനാഥപുരത്തേക്ക് ഒരു ട്രെയിൻഡ് പൌൾട്ടറി ഇൻസ്പെക്ടരെ നിയമിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു. ഇ[illegible] ഇൻസ്പെക്ടരുടെ കൃഷി, കൃഷിഡിപ്പാർട്ടുമെൻറുകാർ കുറേക്കാലത്തേക്കു [illegible]ക്ഷിക്കുന്നതു[illegible]തിനുശേഷം മാത്രം ഒല്ലൂർക്കര ഫാറത്തിൽ കോഴിവളർത്തൽ നടപ്പാക്കുന്നതുമാണു്. ഇമ്പീരിയൽ അഗ്രിക്കൾച്ചർ റിസർച്ച് കൌൺസിലിലെ മൃഗവളർത്തൽ വിദഗ്ധനായ കർണ്ണൽ ഏ. ഓൾവർ കൊച്ചീരാജ്യം സന്ദർശിച്ചപ്പോൾ ആടുവളർത്തൽ ആദായകരമായിത്തീരുകയില്ലെന്നാണു് അഭിപ്രായപ്പെട്ടിട്ടുള്ളതു്. അത്യധികം മഴയുള്ള സ്ഥലങ്ങളിൽ ആ കൃഷി ഫലപ്രദമല്ലെന്നാണു് അദ്ദേഹത്തിൻെറ അഭിപ്രായം. അതിനാൽ ആടുവളർത്തൽ നടപ്പാക്കണമെന്നുള്ള ഉപദേശകസമിതിയുടെ നിർദ്ദേശത്തെ ഗവമ്മെൻറു് ഉപേക്ഷിച്ചിരിക്കുന്നു.

* * * * *

കൃത്രിമ പെട്രോൾ.

വമ്പിച്ച തോതിൽ കൃത്രിമപെട്രോളുണ്ടാക്കുന്നതിനായി, ൮൦ കോടി ലീറാ മൂലധനത്തോടെ ഒരു കമ്പനി റോമിൽ രജിസ്റ്റർ ചെയ്തിരിക്കുന്നു.

ഈ മൂലധനത്തിന്റെ നാലിലൊരു ഭാഗം സ്റ്റേററ്റെയിൽവെ നൽകുന്നതാണ്. കമ്പനിക്കു മൂന്നു വലിയ പ്രവൎത്തനകേന്ദ്രങ്ങളുണ്ടായിരിക്കും. പെട്രോൾ ഇറക്കുമതി കഴിയുന്നതു കുറയ്ക്കുന്നതിനുവേണ്ടിയാണ് ഈ സംരംഭം.

* * * * *

കന്നുകാലിവളൎത്തൽ.

കാൎഷികഗവേഷണത്തിനുള്ള ഇമ്പീരിയൽ കൌൺസിലിന്റെ അഡൈ്വസറിബോൎഡ്‌യോഗം ഇന്ത്യയിലെ കന്നുകാലിവളൎത്തലിനെ അഭിവൃദ്ധിപ്പെടുത്തുന്നതിനായി ഓരോ സ്ഥലത്തും ശേഖരിക്കപ്പെടുന്ന പ്രത്യേക ഫണ്ടുകൊണ്ട് അവിടവിടങ്ങളിൽ പ്രത്യേകസ്ഥാപനങ്ങൾ നിൎമ്മിക്കണമെന്ന് ശുപാൎശചെയ്യുന്നു. വിത്തുകാളകളെ പരിശോധിക്കാൻ പ്രത്യേകം യോഗ്യത സമ്പാദിച്ച ഇൻസ്പെക്ടറന്മാരെ നിയമിയ്ക്കണമെന്നും വ്യവസ്ഥചെയ്തിരിക്കുന്നു. ഇന്ത്യയിലെ പ്രത്യേകം തിരഞ്ഞെടുക്കപ്പെടുന്ന സ്ഥലങ്ങളിലെ പാൽവ്യവസായത്തെപ്പററി അന്വേഷണങ്ങൾ നടത്താനും ബോൎഡ് ശുപാൎശചെയ്തിട്ടുണ്ട്.

Reg. No. 79.

തിരുവിതാംകൂർ പരസ്പരസഹായമാസിക.

സഹകരണസംബന്ധമായ കേരളത്തിലെ ഒരു ഉത്തമ

മലയാള മാസിക

സഹകരണപ്രാധാന്യമുള്ള ലേഖനങ്ങൾ, പ്രസംഗങ്ങൾ, വാൎത്തകൾ എന്നിവ എല്ലാ ലക്കത്തിലും ഉണ്ടായിരിക്കും. കൃത്യമായി ഓരോ മാസവും രണ്ടാമത്തെ ആഴ്ചയിൽ പുറപ്പെടും.

വരി സംഖ്യ ആണ്ടിൽ ൨ ക. മുൻകൂർ.

മാനേജർ,

പ. സ. ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

വില കുറച്ചിരിക്കുന്നു.

പരസ്പരസഹായമാസികയുടെ ൨-ം, ൩-ം, ൪-ം, ൫-ം, ൬-ം, ൭-ം വാല്യങ്ങളും, കൃഷി വ്യവസായമാസികയുടെ ൧൦-ം, ൧൧-ം, ൧൨-ം, ൧൩-ം ൧൪-ം വാല്യങ്ങളും വില്പാൻ തയ്യാർ!

സഹകരണം, കൃഷി, വ്യവസായം, വാണിജ്യം മുതലായ സാമുദായിക, സാമ്പത്തികപ്രശ്നങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന ഒന്നാംതരം ലേഖനങ്ങൾ, വിമർശനങ്ങൾ എന്നിവ അടങ്ങിയിട്ടുള്ള പ്രസ്തുതവാല്യങ്ങളിൽ ഓരോന്നിന്റേയും വില ൨ ബ്രി. രൂപായിൽനിന്നും ൧ ബ്രി. രൂപയായി കുറച്ചിരിക്കുന്നു. ഒറ്റപ്രതിക്കു വില അണ ൨.

ആവശ്യക്കാർ താഴെക്കാണുന്ന മേൽവിലാസത്തിൽ ഉടൻ അപേക്ഷിക്കുവിൻ.

മാനേജർ

777-ാംനമ്പർ തിരുവിതാംകൂർ പ. സ. ഇൻസ്റ്റിറ്റ്യൂട്ട്,

തിരുവനന്തപുരം.

Printed and Published by **K. R. Narayana Pillai,**
Manager, Co-operative Institute Ltd No. 777 at the Reddiar Press, Trivandrum.